## ഹയർ സെക്കന്ററി കോഴ്സ്

# സംഗീതം

## ക്ലാസ് - XI

കേരളസർക്കാർ

പൊതുവിദ്യാഭ്യാസ വകുപ്പ്

തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

2019

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
*Website* : www.scertkerala.gov.in *e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT
© Department of Education, Government of Kerala

# ആമുഖം

ഏതു വിജ്ഞാനവും മാതൃഭാഷയിൽ പഠിക്കാനും പ്രകാശനം ചെയ്യാനും സാധിക്കും. അതിനുള്ള അവസരം പഠിതാക്കൾക്ക് ഒരുക്കേണ്ടത്, ഏതൊരു പഠന സമ്പ്രദായത്തിന്റെയും അനിവാര്യതയാണ്. അതിന്റെ തുടക്കമെന്ന നിലയ്ക്കാണ് ഹയർസെക്കന്ററി തലത്തിൽ ഭാഷേതര വിഷയങ്ങളിലെ പാഠപുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്.

മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം, ജ്ഞാനസമ്പാദനത്തിനുള്ള സുഗമമാർഗം എന്നതിനോടൊപ്പം സാംസ്കാരികത്തനിമയുടെ തിരിച്ചറിയൽ കൂടിയാണ്. അതുകൊണ്ടാണ് വികസിതരാജ്യങ്ങൾ മാതൃഭാഷയെ മുഖ്യബോധന മാധ്യമമായി സ്വീകരിച്ചിരിക്കുന്നത്. ഇന്ത്യയിലാകട്ടെ, ദേശീയതലത്തിലുള്ള പ്രധാന പരീക്ഷകളെല്ലാം പ്രാദേശിക ഭാഷകളിൽക്കൂടി നടത്തുന്നതിനുള്ള സംവിധാനവും ഉണ്ടായി വരികയാണ്. ഈയൊരു സാഹചര്യത്തിൽ നമ്മുടെ കുട്ടികളും മാതൃഭാഷയുടെ ശക്തിസൗന്ദര്യങ്ങൾ തിരിച്ചറിഞ്ഞ് വിവിധ  വിഷയങ്ങളിൽ ജ്ഞാനനിർമിതിയിൽ ഏർപ്പെടേണ്ടതുണ്ട്. അതിന് അവരെ സജ്ജരാക്കുകയാണ് ഈ പാഠപുസ്തകങ്ങളുടെ മുഖ്യ ലക്ഷ്യം.

പരിഭാഷപ്പെടുത്തിയ പുസ്തകങ്ങളിൽ അതത് വിഷയങ്ങളിലെ സാങ്കേതിക പദങ്ങൾ പരമാവധി മലയാളത്തിലാക്കിയിട്ടുണ്ട്. നമ്മുടെ ഭാഷയിൽ ചിരപരിചിതമായ ഇംഗ്ലീഷ് പദങ്ങളെ അതേപടി സ്വീകരിച്ചിട്ടുമുണ്ട്. വിവർത്തനത്തിന് തീർത്തും വഴങ്ങാത്ത പദങ്ങളെ അതേരീതിയിൽ തന്നെ ഉപയോഗിച്ചിരിക്കുന്നു. മാതൃഭാഷയിൽ  പഠിക്കുന്നവർക്ക് ആശയഗ്രഹണം സുഗമമാക്കുന്ന വിധത്തിലാണ് പാഠപുസ്തകരചന നടത്തിയിരിക്കുന്നത്. അതോടൊപ്പം മലയാളഭാഷയുടെ വളർച്ചയ്ക്കും ഈ പ്രവർത്തനം സഹായകമാകുമെന്ന് കരുതുന്നു.

പാഠപുസ്തകവിവർത്തന രംഗത്ത് നമ്മുടെ രാജ്യത്ത് നടന്ന വലിയൊരു കാൽവെപ്പാണ് ഇത്. പ്രഥമ സംരംഭമെന്നനിലയിൽ പല പരിമിതികളും പരിഭാഷയിൽ വന്നിട്ടുണ്ടാകാം. ക്ലാസ്മുറിയിൽ പ്രയോഗത്തിൽ വരുമ്പോഴാണ് അവയെല്ലാം കൂടുതൽ ബോധ്യപ്പെടുക. തുടർന്ന് വരുന്ന ഘട്ടങ്ങളിൽ അവയൊക്കെ പരിഹരിക്കുന്നതിന് എല്ലാ അഭ്യുദയകാംക്ഷികളിൽ നിന്നും വിശിഷ്യ അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും പ്രതീക്ഷിക്കുന്നു.

**ഡോ.ജെ. പ്രസാദ്**

ഡയറക്ടർ,

എസ്.സി.ഇ.ആർ.ടി. കേരളം

## ശില്പശാലയിൽ പങ്കെടുത്തവർ

**ശ്രീമതി. മിലു അഗസ്റ്റിൻ**

ജി.എച്ച്.എസ്.എസ്. ഫോർ ഗേൾസ് കോട്ടൺഹിൽ,

തിരുവനന്തപുരം

**ശ്രീമതി. ബിനിത മനോഹർ**

എസ്.എൻ.ഡി.പി.
എച്ച്.എസ്.എസ്. പാലിശ്ശേരി, തൃശ്ശൂർ

**ശ്രീ. രവീന്ദ്രൻ**

കെ.കെ.എം.എച്ച്.എസ്.എസ്, വണ്ടിത്താവളം, പാലക്കാട്.

**ശ്രീമതി. വീണ. ജെ**

അസിസ്റ്റന്റ് പ്രൊഫസർ,
ഡിപ്പാ. ഓഫ് മ്യൂസിക്, കേരള സർവകലാശാല

### വിദഗ്ധർ

**ഡോ. സുനിൽ. വി.ടി**

അസോസിയേറ്റ് പ്രൊഫസർ,

എസ്.എസ്.ടി. ഗവ. കോളേജ് ഓഫ് മ്യൂസിക്, തിരുവനന്തപുരം

**ഡോ. ജി. സുജാത**

അസോസിയേറ്റ് പ്രൊഫസർ (റിട്ട), ഗവ. വിമെൻസ് കോളേജ്,

തിരുവനന്തപുരം

### അക്കാദമിക് കോർഡിനേറ്റർ

**ഡോ. അജീഷ്. പി.ടി**

റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി

**State Council of Educational Research and Training (SCERT)**
Vidhyabhavan, Poojappura, Thiruvananthapuram-695 012

C1D8J2

# ഉള്ളടക്കം


**പാർട്ട് – I – സിദ്ധാന്തം**

യൂണിറ്റ് 1 : സംഗീതത്തിനൊരാമുഖം

1.1 : ജീവിതത്തിൽ സംഗീതത്തിന്റെ സ്ഥാനവും ലളിതകലകളിൽ സംഗീതത്തിന്റെ പ്രാധാന്യവും .......... 9

1.2 : സംഗീതത്തിന്റെ സാംസ്കാരികവും ബൗദ്ധികവും ആത്മീയവുമായ മൂല്യങ്ങൾ .......... 14

1.3 : സംഗീതത്തിൽ ഉപയോഗിക്കുന്ന സാങ്കേതിക പദങ്ങൾ .......... 17

യൂണിറ്റ് 2 : ഇന്ത്യൻ സംഗീതം .......... 23

യൂണിറ്റ് 3 : മേളകർത്താപദ്ധതി .......... 31

യൂണിറ്റ് 4 : താളം .......... 39

യൂണിറ്റ് 5 : സംഗീതരൂപങ്ങൾ .......... 50

യൂണിറ്റ് 6 : വാഗ്ഗേയകാരൻമാർ .......... 57

യൂണിറ്റ് 7 : സംഗീതലിപി അഥവാ നൊട്ടേഷൻ .......... 69

**പാർട്ട് – II – പ്രായോഗിക സംഗീതം**

യൂണിറ്റ് 1 : പ്രാഥമിക പാഠങ്ങൾ - 1 .......... 74

യൂണിറ്റ് 2 : പ്രാഥമിക പാഠങ്ങൾ - 2 .......... 85

യൂണിറ്റ് 3 : സംഗീതരൂപങ്ങൾ .......... 90

**അനുബന്ധം :1** (സ്കീമും സിലബസും) .......... 97

**അനുബന്ധം :2** (മാതൃകാ ചോദ്യപേപ്പർ) .......... 101

**അനുബന്ധം :3** (സംഗീതോപകരണങ്ങൾ) .......... 103

## പാഠപുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്ന തിരിച്ചറിയൽ ചിഹ്നങ്ങൾ



**യൂണിറ്റ്**



**ഓർമിക്കുക**



**പ്രവർത്തനം**



**പഠനനേട്ടം**

# പാർട്ട് – I



നാദതാളം

[redacted]

W3I4A1

# യൂണിറ്റ് - 1
# സംഗീതത്തിനൊരാമുഖം

## 1. ജീവിതത്തിൽ സംഗീതത്തിന്റെ സ്ഥാനവും ലളിത കലകളിൽ സംഗീതത്തിന്റെ പ്രാധാന്യവും

**പ്രധാന ആശയങ്ങൾ**

- സംഗീതം - ജീവിതത്തിന്റെ അവിഭാജ്യ ഘടകം
- അനുദിന ജീവിതത്തിൽ സംഗീതത്തിന്റെ സ്വാധീനം
- ലളിത കലകളിൽ ശ്രേഷ്ഠം
- 64 കലകൾ
- ദേവകല
- സംഗീത ചികിത്സ
- സംഗീതവും മാനസികോല്ലാസവും
- പ്രകൃതിയിലെ സംഗീത സാന്നിദ്ധ്യം

### 1.1 സംഗീതം ജീവിതത്തിന്റെ അവിഭാജ്യഘടകം.

സംഗീതം ദൈവീക കലയായാണ് വിശേഷിപ്പിക്കപ്പെടുന്നത്. സംഗീതത്തിന് മനുഷ്യചരിത്രത്തോളം പഴക്കമുണ്ട്. ദേശങ്ങൾക്കും മതങ്ങൾക്കും വിശ്വാസങ്ങൾക്കും അതീതമായി മനുഷ്യൻ എന്നും സംഗീതത്തിലേക്ക് ആകർഷിക്കപ്പെട്ടിരുന്നു. സംഗീതം മനുഷ്യന്റെ ധിഷണാശക്തിയും ലളിതകലാസ്വാദനവും പരിപോഷിപ്പിക്കുകയും ബൗദ്ധിക തൃഷ്ണയെ തൃപ്തിപ്പെടുത്തുകയും ചെയ്യുന്നു. അറിഞ്ഞോ അറിയാതെയോ ഓരോ വ്യക്തിയുടെയും ജീവിതത്തിന്റെ ഭാഗമായി തീരുന്നു സംഗീതം.

*ഉള്ളിൽ സംഗീതമില്ലാത്ത,*
*മധുരസ്വപ്നങ്ങളുടെ മായികലയനം*
*പോലും സ്വാധീനിക്കാത്ത*
*ഒരുവന്റെ ഉള്ളം*
*ഭീതിദമായ രീതിയിൽ*
*വഞ്ചനയും ചതിയും*
*കുടിലതകളും നിറഞ്ഞതായിരിക്കും -*

പണ്ഡിതമതമനുസരിച്ച് കലകൾ 64 എണ്ണമാണുള്ളത്. ചതുഃഷഷ്ഠികലകൾ എന്നറിയപ്പെടുന്ന ഇവ രണ്ടായി തരംതിരിക്കപ്പെട്ടിരുന്നു. സാമാന്യകലകളും സുകുമാര കലകളും അഥവാ ലളിതകലകളും. സംഗീതം, നൃത്തം, ചിത്രരചന, വാസ്തുവിദ്യ, തച്ചുശാസ്ത്രം, ശില്പകല, കാവ്യകല എന്നിവ ലളിതകലകളിൽ ഉൾപ്പെടുന്നു. ലളിതകലകളിൽ ഏറ്റവും ശ്രേഷ്ഠം സംഗീതമാണ്.

### 1.2 ദേവകല



ദേവപ്രീതിക്കുവേണ്ടി നടത്തിവന്ന പൂജാകർമ്മങ്ങൾക്കുള്ള ഒരു മാധ്യമമായാണ് ഇന്ത്യയിൽ സംഗീതം ഉപയോഗിച്ചു തുടങ്ങിയത്. വേദകാലം മുതൽ അനുഷ്ഠാനകലകളിൽ സംഗീതം ഒരു പ്രധാന പങ്കു വഹിച്ചിരുന്നു. ഇതിഹാസങ്ങളിൽ ദേവീ - ദേവന്മാർ സംഗീത ഉപകരണങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നതായി കാണാം. (ശ്രീകൃഷ്ണൻ-ഓടക്കുഴൽ, സരസ്വതി - വീണ, ശിവൻ - ഡമരു, നന്ദികേശൻ - മൃദംഗം). സംഗീതം ഒരു വിനോദോപാധി എന്നതിലുപരി മോക്ഷപ്രാപ്തിക്കുള്ള മാർഗ്ഗമായാണ് ഇന്ത്യക്കാർ കരുതുന്നത്. ത്യാഗരാജസ്വാമി, മീരാബായി, തുളസീദാസ് തുടങ്ങിയ മഹാത്മാക്കൾ സംഗീതത്തെ മോക്ഷമാർഗ്ഗമായി കരുതിയിരുന്നവരാണ്.



ത്യാഗരാജൻ





സംഗീതം ആത്മീയതയുമായി ഇഴചേർന്നിരിക്കുന്നു. ഇന്ത്യയിൽ, വിവിധ ഭാഷകളിലുള്ള ഗീതങ്ങൾ ദേവപ്രീതിയ്ക്കായി ഉപയോഗിച്ചു വരുന്നു. സ്തുതിഗീതങ്ങൾ ആലപിക്കുന്നവരുടെ ഹൃദയങ്ങളിലാണ് ഈശ്വരൻ വസിക്കുന്നതെന്ന് വിശ്വസിക്കപ്പെടുന്നു.

നാട്യവേദത്തിൽ ഭഗവാൻ വിഷ്ണു ഇപ്രകാരം പറഞ്ഞിരിക്കുന്നു. ഉന്നതമായ വൈകുണ്ഡത്തിലോ നഭോമണ്ഡലത്തിലോ നിത്യജ്വാലയായ സൂര്യഗോളത്തിലോ ഋഷിവര്യന്മാരുടെ ഹൃദയങ്ങളിലോ അല്ല ഞാൻ വസിക്കുന്നത്, മറിച്ച് എന്നെ ഭജിച്ചുകൊണ്ട് എന്റെ ഭക്തർ അർപ്പിക്കുന്ന സ്തുതിഗീതങ്ങളിലാണ്.

### 1.3 സംഗീത ചികിത്സ (മ്യൂസിക് തെറാപ്പി)

മനുഷ്യമനസ്സുകൾക്ക് സാന്ത്വനമേകുവാൻ സംഗീതത്തോളം നല്ല ഔഷധമില്ല. രോഗശമനത്തിന് പുരാതന ഗ്രീക്കുകാരും അറബികളും സംഗീതമുപയോഗിച്ചിരുന്നതായി പറയപ്പെടുന്നു. ആധുനിക ഗവേഷണങ്ങളും സംഗീതമുപയോഗിച്ചുള്ള ചികിത്സാ സാധ്യതകൾ ശരിവയ്ക്കുന്നു. സംഗീതമുപയോഗിച്ച് രോഗങ്ങൾ സൗഖ്യമാക്കുന്ന സമ്പ്രദായമാണ് സംഗീത ചികിത്സ (മ്യൂസിക് തെറാപ്പി). ചെറുപ്രായത്തിൽ സംഗീതം കേട്ടു വളരുന്ന കുട്ടികളിൽ ശരിയായി ബുദ്ധിവികസിക്കുകയും, ഓർമ്മശക്തിയും ചിന്താശേഷിയും വർദ്ധിപ്പിക്കുകയും, പിൽക്കാലത്ത് ചിട്ടയോടുകൂടിയ ജീവിതം നയിക്കുവാൻ അതവരെ പ്രാപ്തരാക്കുകയും ചെയ്യുന്നതായി ഗവേഷകർ ചൂണ്ടിക്കാട്ടുന്നു.

പാശ്ചാത്യ രാജ്യങ്ങളിൽ സംഗീതം, "സ്മൃതിനാശം" (അൽഷിമേഴ്സ്) എന്ന രോഗചികിത്സയ്ക്കായി ഉപയോഗിക്കുന്നു. സംഗീതചികിത്സയിലൂടെ രോഗിയുടെ ഓർമ്മശക്തിയിൽ കാര്യമായ പുരോഗതി ലഭിക്കുന്നു. മാനസിക സമ്മർദ്ദം, വിഷാദരോഗം തുടങ്ങിയവക്ക് ചില പ്രത്യേക രാഗങ്ങൾ ഉപയോഗിച്ചുള്ള ചികിത്സ ഫലപ്രദമാണ്. ആനന്ദഭൈരവി, ശഹാന, നീലാംബരി, സുരുട്ടി, മോഹനം, കാപ്പി തുടങ്ങിയ രാഗങ്ങൾ കൂടുതലായും ഇതിനുപയോഗിക്കുന്നു.

### 1.4 സംഗീതവും മാനസികോല്ലാസവും

മാനസിക സമ്മർദ്ദങ്ങളിൽ നിന്നും ശാരീരിക ക്ലേശങ്ങളിൽ നിന്നും മോചനം നൽകുന്നതിന് സംഗീതത്തിനുള്ള കഴിവ് വളരെക്കാലം മുൻപു തന്നെ മനുഷ്യൻ ഉപയോഗപ്പെടുത്തിയിരുന്നു. അധ്വാനഭാരം അറിയാതെ തൊഴിലിലേർപ്പെടുന്നതിന് വിളവെടുപ്പു പാട്ടുകൾ, വഞ്ചിപ്പാട്ട്, കൃഷിപ്പാട്ടുകൾ, സൈന്യഗീതങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി വന്നിരുന്നു. മാനസികോല്ലാസത്തിനായി സാധാരണക്കാർ ആശ്രയിക്കുന്ന നൃത്തം, നാടകം, ഓപ്പന, മൂകാഭിനയം, നൃത്യനാടകം, തുടങ്ങിയ കലാരൂപങ്ങളുടെ അടിസ്ഥാനഘടകം സംഗീതമാണ്. സംഗീതമില്ലാതെ ഈ



കലാരൂപങ്ങൾക്ക് പൂർണ്ണത ലഭിക്കുകയില്ല. പശ്ചാത്തല സംഗീതമില്ലാത്ത ചലച്ചിത്രങ്ങളും ടെലിവിഷൻ പരിപാടികളും പരസ്യങ്ങളും ഒന്നു സങ്കല്പിച്ചു നോക്കൂ!



*പ്രവർത്തനം*

വഞ്ചിപ്പാട്ടുകൾ, കൃഷിപ്പാട്ടുകൾ എന്നിവ കേൾക്കുക.

### 1.5 പ്രകൃതിയിലെ സംഗീത സാന്നിദ്ധ്യം

പ്രകൃതിയിൽ സംഗീതമുണ്ട്. ജീവജാലങ്ങളുടെ നാഡിമിടിപ്പും ഹൃദയസ്പന്ദനവും പക്ഷികളുടെ കളകൂജനങ്ങളും ഋതുഭേദങ്ങളും പ്രകൃതിയുടെ സംഗീതമാണ്. സംഗീതം പ്രകൃതിയെ സ്വാധീനിക്കുന്നു. സംഗീത സാന്നിദ്ധ്യമുള്ള കൃഷിയിടങ്ങളിൽ സസ്യങ്ങളുടെ വളർച്ച ത്വരിതഗതിയിലാകുകയും കന്നുകാലികളിൽ പാൽ ഉൽപ്പാദനം വർദ്ധിക്കുകയും ചെയ്യുന്നതായി കാണപ്പെടുന്നു. ഇന്ന് ഭാരതമുൾപ്പെടെ പല രാജ്യങ്ങളിലും കൃഷിയിടങ്ങളിലെ ഉൽപ്പാദന മികവിനായി സംഗീതം പ്രയോജനപ്പെടുത്തുന്നു.

മേൽപ്പറഞ്ഞ വസ്തുതകൾ സംഗീതത്തിന്, പ്രകൃതിയിലും ജീവജാലങ്ങളിലുമുള്ള സ്വാധീനം വ്യക്തമാക്കുന്നവയാണ്. പുരാണേതിഹാസങ്ങളിലും സംഗീത ലക്ഷണഗ്രന്ഥങ്ങളിലും ഈ വസ്തുതകൾ സാധൂകരിക്കുന്ന പരാമർശങ്ങളും ഉദാഹരണങ്ങളും കാണപ്പെടുന്നു.

*പ്രവർത്തനം*

നീലാംബരി രാഗാലാപനം കേൾക്കുക.

## പഠനനേട്ടങ്ങൾ

- നിത്യജീവിതത്തിൽ സംഗീതത്തിനുള്ള സ്ഥാനം തിരിച്ചറിയുന്നു.
- ലളിതകലകളെക്കുറിച്ച് പൊതുവായ ധാരണ ലഭിക്കുന്നു.
- സംഗീതത്തിന്റെ മൂല്യം തിരിച്ചറിയുന്നു.
- മറ്റു കലാരൂപങ്ങളിൽ സംഗീതത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു.
- ജീവിതത്തിൽ സംഗീതത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു.

## മൂല്യനിർണയം

1. സംഗീതത്തിന്റെ ചികിത്സാ സാധ്യതകൾ പ്രതിപാദിക്കുക.
2. മനുഷ്യരിലും മൃഗങ്ങളിലും പ്രകൃതിയിലും സംഗീതത്തിന്റെ സ്വാധീനം വ്യക്തമാക്കുക.
3. ലളിതകലകളിൽ ഏറ്റവും ശ്രേഷ്ഠമാണ് സംഗീതം. വിശദമാക്കുക.

## റഫറൻസ്


1. തിയറി ഓഫ് മ്യൂസിക് – മിസ്. എൽ. ഐസക്
2. സൗത്ത് ഇന്ത്യൻ മ്യൂസിക് – പ്രൊഫസർ. പി.സാംബമൂർത്തി
3. ദക്ഷിണേന്ത്യൻ സംഗീതം – എ.കെ. രവീന്ദ്രനാഥ്

## 1.2 സംഗീതത്തിന്റെ സംസ്കാരികവും ബൗദ്ധികവും ആത്മീയവുമായ മൂല്യങ്ങൾ

### പ്രധാന ആശയങ്ങൾ

- സംഗീതത്തിന്റെ സാംസ്കാരിക മൂല്യം
- ബൗദ്ധിക മൂല്യം
- വൈകാരിക മൂല്യം
- ആത്മീയ മൂല്യം

ശാസ്ത്രം ഒഴികെ മറ്റ് വൈജ്ഞാനിക മേഖലകൾ മാനവിക വിഷയങ്ങളിൽ ഉൾപ്പെടുന്നു. പുരാണ ഗ്രന്ഥങ്ങളിലും സംഗീതലക്ഷണഗ്രന്ഥങ്ങളിലും പരാമർശിക്കപ്പെട്ടിട്ടുള്ള 64 കലകളിൽ സാമാന്യ കലകളും ലളിതകലകളും ഉൾപ്പെടുന്നു. ലളിത കലകൾ, നമ്മിൽ അന്തർലീനമായിരിക്കുന്ന സൗന്ദര്യബോധത്തെ ഉണർത്തുന്നു. സംഗീതം ഒരു ശ്രാവ്യകലയും, ചിത്രകല, ശില്പകല, വാസ്തു ശിൽപം എന്നിവ ദൃശ്യകലകളുമാണ്. രംഗകല യെന്നു വിശേഷിപ്പിക്കാവുന്നവയാണ് നൃത്തം, നാടകം, സംഗീത നാടകം, നൃത്തനാടകം, കഥാ കാലക്ഷേപം തുടങ്ങിയവ.

സംസ്കാരിക പുരോഗതിയിൽ ലളിതകല കൾ വലിയ പങ്കുവഹിക്കുന്നു. ലളിതകലകളുടെ അഭ്യസനവും ആസ്വാദനവും പ്രോത്സാഹിപ്പിക്കു ന്നതിലൂടെ സംസ്കാര സമ്പന്നരായ വ്യക്തിക ളെയും സമൂഹത്തെയും വാർത്തെടുക്കുവാൻ സാധി ക്കുന്നു. അല്ലാത്തപക്ഷം വ്യക്തിജീവിതവും സാമൂ ഹ്യജീവിതവും വിരസതയും അതൃപ്തിയും നിറ ഞ്ഞതായിത്തീരുന്നു.

മനുഷ്യരുടെ സർഗശേഷിയിൽ നിന്നും ഭാവനയിൽ നിന്നും മാത്രം ഉരുത്തിരിഞ്ഞ കല യായതിനാൽ സംഗീതം ലളിതകലകളിൽ ഏറ്റവും ശ്രേഷ്ഠമാണ്. ജാതിമതഭേദമന്യേ സംഗീതം എല്ലാവരാലും ആസ്വദിക്കപ്പെടുന്നു. ശാസ്ത്രീയ സംഗീതം പുരോഗതി പ്രാപിച്ചിട്ടില്ലാത്ത, സാംസ് കാരികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന പ്രദേ ശങ്ങളിൽ പോലും സംഗീതത്തിന് ഉന്നതസ്ഥാ നമാണുള്ളത്.

*ഓർമ്മിക്കുക*

ലളിതകലകളിൽ ശ്രേഷ്ഠം സംഗീതം

### 1.2.1 സാംസ്കാരിക മൂല്യം

സംഗീതം വൈകാരിക ഭാഷയാണ്. സംഗീതം അഭ്യസിക്കുന്നതിലൂടെയും പരിപോഷിപ്പിക്കുന്നതിലൂടെയും വ്യക്തി സ്വയം സംശുദ്ധനാകുകയും സാംസ്കാരിക ഉന്നതിയിൽ എത്തിച്ചേരുകയും ചെയ്യുന്നു.

ഒരു യഥാർത്ഥ സംഗീതജ്ഞന്റെയോ ആസ്വാദകന്റേയോ മനസ്സിലോ ജീവിതത്തിലോ നിഷേധാത്മക ചിന്തകൾ രൂപപ്പെടുകയില്ല. ഏറ്റവും ആനന്ദദായകമാണ് സംഗീതം. ധാർമ്മിക മൂല്യങ്ങൾ സംവേദനം ചെയ്യുന്നതിനുള്ള ഒരു പ്രധാന മാധ്യമമാണ് സംഗീതം. മനുഷ്യനിൽ ആനന്ദാനുഭൂതി ഉളവാക്കുകയും അവനിലെ നൈസർഗിക കഴിവുകളെ വികസിപ്പിക്കുകയുമാണ്, സംഗീതത്തിന്റെ ഏറ്റവും മഹത്തായ ധർമ്മം. കേൾക്കുന്ന മാത്രയിൽതന്നെ ആസ്വദിക്കുവാൻ കഴിയുന്ന കലയാണ് സംഗീതം. ശിശുക്കൾപോലും സംഗീതത്താൽ ആനന്ദഭരിതരാകുന്നു. വിവിധ രാഷ്ട്രങ്ങളിലെ വ്യത്യസ്ത ആലാപന ശൈലികളും സംഗീത സമ്പ്രദായങ്ങളും ജനമനസ്സുകളെ ഏകോപിപ്പിച്ച് സംസ്കാര സമ്പന്നരാക്കുന്നു.

### 1.2.2 ബൗദ്ധിക മൂല്യം

സംഗീതത്തിലെ ശ്രുതി, സ്വരസഞ്ചാരങ്ങൾ, വൈവിധ്യമാർന്ന രാഗങ്ങൾ, വ്യത്യസ്ത താളങ്ങളും അവയുടെ വകഭേദങ്ങളും, ഗമകങ്ങൾ,. സങ്കീർണമായ പല്ലവികൾ, മനോധർമ്മ സംഗീതം തുടങ്ങിയ ഘടകങ്ങൾ ഒരേ സമയം സംഗീതജ്ഞരുടേയും ആസ്വാദകരുടെയും ബൗദ്ധികതലങ്ങളെ ഉദ്ദീപിപ്പിക്കുന്നു.

*ഓർമ്മിക്കുക*

സംഗീതത്തിന്റെ സാംസ്കാരികവും ബൗദ്ധികവുമായ മൂല്യങ്ങൾ

### 1.2.3 വൈകാരികമായ മൂല്യം

മനുഷ്യവികാരങ്ങളെ ഏറ്റവും ഫലപ്രദമായി പ്രകടിപ്പിക്കാൻ കഴിയുന്ന ഒരു മാധ്യമമാണ് സംഗീതം. "രസാനുഭവ"മാണ് സംഗീതത്തിന്റെ പ്രധാന അനുഭവതലം. കൃതി, പദം തുടങ്ങിയ ഗാനരൂപങ്ങളുടെ ഉള്ളടക്കം പ്രധാനമായും വൈകാരിക തലങ്ങളെ ഉൾക്കൊള്ളുന്നവയാണ്. രാഗങ്ങൾ 'രസ'ങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ദു:ഖം, വിരഹം, സന്തോഷം തുടങ്ങി മനുഷ്യജീവിതവുമായി ബന്ധപ്പെട്ട എല്ലാ മനോവികാരങ്ങളേയും തീവ്രമായി ആവിഷ്കരിക്കുന്നതിന് ഭാരതീയ രാഗങ്ങൾക്ക് കഴിയുന്നു. ഉദാ: അഠാണ (വീരം), ശുഭപന്തുവരാളി (ശോകം), വസന്ത(ഹാസ്യം). നൃത്ത - സംഗീത നാടകങ്ങളിലെ വൈകാരിക മുഹൂർത്തങ്ങൾ ഏറ്റവും ഫലപ്രദമായി ആവിഷ്കരിച്ചിരിക്കുന്നത് വിവിധ രാഗങ്ങളുടെ ഫലപ്രദമായ പ്രയോഗങ്ങളിലൂടെയാണ്. സംഗീതത്തിന്റെ ഈ വൈകാരിക പ്രഭാവം തന്നെയാണ് മനുഷ്യ മനസ്സുകളെ വിവിധ തലങ്ങളിലേക്ക് ഉയർത്തുന്നതും.

### 1.2.4 ആത്മീയ മൂല്യം

ആത്മീയതയിലൂന്നിയുള്ള ഒരു സാംസ്കാരിക പാരമ്പര്യമാണ് ഇന്ത്യയിലേത്. അതുകൊണ്ടുകൂടിയാണ് ആത്മീയവും നിഗൂഢവുമായ കാര്യങ്ങൾ സംഗീതകൃതികളിൽ കൂടുതലായും പ്രതിപാദിച്ചിരിക്കുന്നതും. ആദിമ കാലം മുതൽ തന്നെ മനുഷ്യർ, സംഗീതത്തിൽ ശാന്തിയും സമാധാനവും കണ്ടെത്തിയിരുന്നു. മനുഷ്യന് തന്റെ ഉള്ളിൽ അന്തർലീനമായിരിക്കുന്ന ആത്മീയ ഗുണങ്ങളെ തിരിച്ചറിയുന്നതിനും സംഗീതം സഹായിക്കുന്നു. പ്രാചീനകാലത്ത് മതപരമായ കാര്യങ്ങൾക്ക് മാത്രമാണ് സംഗിതം ഉപയോഗിക്കപ്പെട്ടിരുന്നത്. മോക്ഷപ്രാപ്തിയ്ക്കുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം സംഗീതമാണെന്ന് ത്യാഗരാജസ്വാമി തന്റെ കൃതികളിൽ പറഞ്ഞുവച്ചിട്ടുണ്ട്. സംഗീതത്തിന്റെ നിഗൂഢമായ കഴിവുകളെക്കുറിച്ച് മുത്തുസ്വാമി ദീക്ഷിതരും തന്റെ കൃതികളിൽ പ്രതിപാദിച്ചിട്ടുണ്ട്. 'അമൃതവർഷിണി' രാഗം പാടി ദീക്ഷിതർ മഴ പെയ്യിച്ചതായി പറയപ്പെടുന്നു. രോഗചികിത്സയിൽ, ഉപയോഗിക്കുന്നത് സംഗീതത്തിന്റെ ഈ ആത്മീയതലം തന്നെയാണ്. മഹാന്മാരായ പല ചിന്തകരും സാമൂഹ്യ-മത പരിഷ്കർത്താക്കളും തങ്ങളുടെ ഉത്കൃഷ്ട ചിന്തകൾ പ്രചരിപ്പിക്കുന്നതിനുള്ള മാധ്യമമായി സംഗീതത്തെ ഉപയോഗിച്ചത് അതിന്റെ ആത്മീയമായ ഔന്നത്യം കൊണ്ടു കൂടിയാണ്.



*മുത്തുസ്വാമി ദീക്ഷിതർ*

### പഠനനേട്ടങ്ങൾ

*ഓർമ്മിക്കുക*

സംഗീതത്തിന്റെ വൈകാരികവും ആത്മീയവുമായ മൂല്യങ്ങൾ

- സംഗീതത്തിന്റെ സാംസ്കാരികവും, ബൗദ്ധികവും, വൈകാരികവും, ആത്മീയവുമായ ഗുണങ്ങളെ തിരിച്ചറിയുന്നു.
- സംഗീതത്തിന് മനുഷ്യജീവിതത്തിലുള്ള സ്ഥാനം മനസ്സിലാക്കുന്നു.

### മൂല്യനിർണയം

1. സംഗീതത്തിന്റെ സാംസ്കാരിക മൂല്യത്തെക്കുറിച്ച് ഒരു ഖണ്ഡികയിൽ കുറയാതെ കുറിപ്പെഴുതുക.
2. മനുഷ്യവികാരങ്ങൾ പ്രകടിപ്പിക്കുന്നതിന് സംഗീതം അനുയോജ്യമാകുന്നതെങ്ങിനെയെന്ന് വിശദമാക്കുക.
3. സംഗീതത്തിന്റെ ബൗദ്ധികതലത്തെ കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.
4. സംഗീതത്തിന്റെ ആത്മീയ മൂല്യത്തെ കുറിച്ച് വിശദീകരിക്കുക.

## 1.3 സംഗീതത്തിൽ ഉപയോഗിക്കുന്ന സാങ്കേതിക പദങ്ങൾ

**പ്രധാന ആശയങ്ങൾ**

- നാദം
- ശ്രുതി
- സ്വരം
- സ്ഥായി
- ആരോഹണം
- അവരോഹണം
- സപ്തതാളങ്ങൾ
- ധാതു
- മാതു

### 1.3.1 നാദം

കേൾക്കുന്ന മാത്രയിൽ തന്നെ മനുഷ്യ മനസ്സിനെ രഞ്ജിപ്പിക്കുന്ന സംഗീത ശബ്ദമാണ് നാദം. സംഗീതവുമായി ബന്ധപ്പെട്ട എല്ലാക്കാര്യങ്ങളും നാദവുമായി ബന്ധപ്പെട്ടിരിക്കുന്നു. നാദം ശ്രുതിയ്ക്കും ശ്രുതി സ്വരങ്ങൾക്കും സ്വരങ്ങൾ രാഗങ്ങൾക്കും ഹേതുവാകുന്നു.

ആഹതം, അനാഹതം എന്നിങ്ങനെ നാദം രണ്ടു തരത്തിലുണ്ട്. മനുഷ്യരുടെയോ ജീവജാലങ്ങളുടേയോ ബോധപൂർവമായ പ്രയത്നം കൊണ്ടല്ലാതെ ഉണ്ടാകുന്ന നാദമാണ് അനാഹത നാദമെന്നറിയപ്പെടുന്നത്. യോഗികൾക്കു മാത്രം കേൾക്കുവാൻ സാധിക്കുന്ന പ്രപഞ്ചസംഗീതമാണിതെന്ന് പറയപ്പെടുന്നു. മനുഷ്യൻ ബോധപൂർവം പുറപ്പെടുവിക്കുന്ന ശബ്ദം ആഹതനാദമെന്ന് അറിയപ്പെടുന്നു. സംഗീതശാസ്ത്രം ആഹതനാദവുമായി ബന്ധപ്പെട്ടിരിക്കുന്നു. ആഹതനാദത്തിന് ഗീതം, വാദ്യം, നൃത്യം എന്നിങ്ങനെ മൂന്നു വിഭാഗങ്ങളുണ്ട്. ആഹതനാദത്തെ അതിന്റെ ഉത്ഭവസ്ഥാനം അടിസ്ഥാനമാക്കി ശരീരജം, നഖജം, ധനുർജം, വായുജം, ചർമ്മജം, ലോഹജം എന്നിങ്ങനെ അഞ്ചായി വർഗ്ഗീകരിക്കുന്നു.

നാദമെന്നത് പ്രാണനും അഗ്നിയും തമ്മിലുള്ള സങ്കലനമാണ്. 'നാ' എന്നത് പ്രാണനെയും 'ദ' എന്നത് അഗ്നിയെയും സൂചിപ്പിക്കുന്നു. ത്യാഗരാജസ്വാമികളുടെ 'മോക്ഷമുഗലദ' (സാരമതി) എന്ന കൃതിയുടെ ചരണത്തിൽ ഇതേക്കുറിച്ച് പരാമർശമുണ്ട്. ഹൃദയത്തിൽ നിന്ന് മന്ദ്രനാദവും കണ്ഠത്തിൽ നിന്ന് മധ്യനാദവും ശിരസ്സിൽ നിന്ന് താരനാദവും പുറപ്പെടുന്നു.

### 1.3.2 ശ്രുതി

ഇന്ത്യൻ സഗീതത്തിലെ ഒരു പ്രധാന സവിശേഷതയാണ് ശ്രുതി. "ശ്രുതി മാതാ ലയ പിതാ" എന്ന സൂക്തത്തിൽ നിന്നും സംഗീതത്തിൽ ശ്രുതിക്കുള്ള പ്രാധാന്യം മനസ്സിലാക്കാം. സൂക്ഷ്മമായും വ്യക്തമായും കേൾക്കാൻ കഴിയുന്ന ഏറ്റവും ചെറിയ നാദവിശേഷമാണ് ശ്രുതി. രണ്ട് വ്യത്യസ്ത ധ്വനികൾ തമ്മിലുള്ള ഏറ്റവും ചെറിയ വ്യത്യാസമാണ് ശ്രുതി. ശ്രുതിയുടെ ഇടവേളകൾ ഏകശ്രുതി, ദ്വിശ്രുതി, ത്രിശ്രുതി, ചതുർശ്രുതി, പഞ്ചശ്രുതി, ഷഡ്ശ്രുതി എന്നിങ്ങനെ അറിയപ്പെടുന്നു. പ്രമാണശ്രുതി,

ന്യൂനശ്രുതി, പൂർണശ്രുതി, എന്നിങ്ങനെ ഏകശ്രുതി ഇടവേള മൂന്നു വിധത്തിലുണ്ട്. നൂറ്റാണ്ടുകളായി 22 ശ്രുതികളാണ് ഭാരതീയ സംഗീതത്തിൽ ഉപയോഗത്തിലുള്ളത്. വ്യത്യസ്ത ശ്രുതികൾ വ്യത്യസ്ത രാഗങ്ങളിൽ കാണപ്പെടുന്നു.

*ഉദാ:- ഗൗളഋഷഭം, വരാളിമധ്യമം മുതലായവ.*

ലോകസംഗീതസമ്പ്രദായങ്ങളിൽ അംഗീകരിക്കപ്പെട്ട പന്ത്രണ്ടു സ്വരസ്ഥാനങ്ങൾക്കു പുറമേ പത്തോളം ധ്വനികൾ അഥവാ ശ്രുതികൾ ഇന്ത്യൻ സംഗീതത്തിൽ ഉപയോഗിക്കപ്പെടുന്നു. ഈ സൂക്ഷ്മ ശ്രുതികളാണ് ഭാരതീയ സംഗീതത്തെ ആകർഷകമാക്കുന്നതും മറ്റു സംഗീത സമ്പ്രദായങ്ങളിൽ നിന്ന് വേർതിരിച്ച് നിർത്തുന്നതും. സംഗീതത്തിൽ ശ്രുതിക്ക് മറ്റൊരർത്ഥം കൂടി കൽപിക്കാറുണ്ട്. ഒരാൾ ഏതു ധ്വനിയെ അഥവാ സ്വരത്തെ ആധാരമാക്കി പാടുന്നുവോ ആ ധ്വനിയെ അയാളുടെ ശ്രുതി അല്ലെങ്കിൽ ആധാരഷഡ്ജം എന്നു പറയുന്നു. ഗായകന് അല്ലെങ്കിൽ വാദകന് തനിക്ക് അനുയോജ്യമായ ശ്രുതി തിരഞ്ഞെടുത്തുന്നതിനുള്ള സ്വാതന്ത്ര്യമുണ്ട്. എന്നാൽ കച്ചേരിയിൽ ആദ്യന്തം ഒരേ ശ്രുതി നിലനിർത്തേണ്ടതുണ്ട്.

### 1.3.3 സ്വരം

സ്വയം രഞ്ജകങ്ങളായ ശ്രുതികളാണ് സ്വരങ്ങൾ. ഷഡ്ജം, ഋഷഭം, ഗാന്ധാരം, മധ്യമം, പഞ്ചമം, ധൈവതം, നിഷാദം എന്നിങ്ങനെ ഏഴു സ്വരങ്ങളാണുള്ളത്. ഇവ സ, രി, ഗ, മ, പ, ധ, നി എന്നീ സംജ്ഞകളിൽ അറിയപ്പെടുന്നു. സപ്തസ്വരങ്ങളിൽ ഷഡ്ജത്തിനും (സ) പഞ്ചമത്തിനും (പ) വകഭേദങ്ങളില്ല. ഇവ അചല സ്വരങ്ങൾ എന്നറിയപ്പെടുന്നു. ഋഷഭം, ഗാന്ധാരം, മധ്യമം, ധൈവതം, നിഷാദം എന്നീ സ്വരങ്ങൾക്ക് രണ്ട് വകഭേദങ്ങളുണ്ട്. അങ്ങിനെ ഏഴു സ്വരങ്ങൾക്ക് 12 സ്വരസ്ഥാനങ്ങൾ ഉണ്ട്.

ഒരു സ്ഥായിയിലെ 12 സ്വരസ്ഥാനങ്ങൾ (ദ്വാദശസ്വരങ്ങൾ)

- ഷഡ്ജം
- ശുദ്ധഋഷഭം
- ചതുർശ്രുതി ഋഷഭം
- സാധാരണ ഗാന്ധാരം
- അന്തരഗാന്ധാരം
- ശുദ്ധമധ്യമം
- പ്രതിമധ്യമം
- പഞ്ചമം
- ശുദ്ധധൈവതം
- ചതുർശ്രുതിധൈവതം
- കൈശികി നിഷാദം
- കാകളി നിഷാദം

എഴുപത്തിരണ്ട് മേളകർത്താപദ്ധതിയിൽ വെങ്കിടമഖി ഷോഡശ (16) സ്വരങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. ദ്വാദശസ്വരങ്ങളോട് ഷഡ്ശ്രുതി ഋഷഭം, ശുദ്ധഗാന്ധാരം, ഷഡ്ശ്രുതി ധൈവതം, ശുദ്ധ നിഷാദം, എന്നിവയാണ് കൂടുതലായി കൂട്ടിച്ചേർക്കപ്പെട്ട സ്വരങ്ങൾ. എന്നാൽ യഥാർത്ഥത്തിൽ ഷഡ്ശ്രുതി ഋഷഭം സാധാരണ ഗാന്ധാരവും, ശുദ്ധഗാന്ധാരം ചതുർശ്രുതി ഋഷഭവും, ഷഡ്ശ്രുതി ധൈവതം കൈശികി നിഷാദവും, ശുദ്ധനിഷാദം ചതുർശ്രുതി ധൈവതവുമാണ്.

*ഓർമ്മിക്കുക*

നാദത്തിന്റെ രണ്ടു വിഭാഗങ്ങൾ , ദ്വാദശ സ്വരങ്ങൾ

*പ്രവർത്തനം*

സ്വരങ്ങൾ സാധകം ചെയ്യുക

### 1.3.4 സ്ഥായി

ഷഡ്ജം മുതൽ നിഷാദം വരെ അനുക്രമമായി ഏഴുസ്വരങ്ങൾ ഉൾക്കൊള്ളുന്ന സ്വരശൃംഖലയ്ക്കാണ് സ്ഥായി എന്നു പറയുന്നത്. ഭാരതീയ സംഗീതത്തിൽ അഞ്ചു സ്ഥായികളാണുള്ളത്. മന്ദ്രസ്ഥായി, അനുമന്ദ്രസ്ഥായി, മധ്യസ്ഥായി, താരസ്ഥായി, അതിതാരസ്ഥായി. ശാരീരഗുണമുള്ള ഒരു വ്യക്തിക്ക് മൂന്ന് സ്ഥായിയിലും പാടുവാൻ കഴിയും. അതായത് മന്ദ്രസ്ഥായിയിലും, മധ്യസ്ഥായിയിലും താരസ്ഥായിയിലും. സംഗീത ഉപകരണങ്ങളിൽ മാത്രമേ അഞ്ചുസ്ഥായികളും പ്രയോഗിക്കുവാൻ കഴിയുകയുള്ളൂ. ഒരു ഷഡ്ജത്തിൽ തുടങ്ങി അടുത്ത ഷഡ്ജം അടക്കം ക്രമാനുഗതമായി വരുന്ന എട്ടു സ്വരങ്ങൾക്ക് - സരിഗമപധനിസ̇- സ്വരാഷ്ടകമെന്നു പറയുന്നു.

സ്ഥായിയെ സൂചിപ്പിക്കുന്നതിന് സ്വരങ്ങളുടെ മുകളിലും താഴെയും ബിന്ദുക്കൾ ഉപയോഗിക്കുന്നു. ഒരു സ്വരത്തിന് താഴെ 2 ബിന്ദു ഉണ്ടെങ്കിൽ ആ സ്വരം അനുമന്ദ്രസ്ഥായിയിലും, സ്വരത്തിനു താഴെ ഒരു ബിന്ദുവാണുള്ളതെങ്കിൽ അത് മന്ദ്രസ്ഥായിയിലും ബിന്ദുവില്ലാത്ത സ്വരം മധ്യസ്ഥായിയിലും സ്വരത്തിനു മുകളിൽ ഒരു ബിന്ദു ഉണ്ടെങ്കിൽ ആ സ്വരം താരസ്ഥായിയിലും രണ്ടു ബിന്ദുക്കളാണെങ്കിൽ ആ സ്വരം അതിതാരസ്ഥായിയിലാണെന്നും മനസ്സിലാക്കാം.

ഉദാ:-

| | | | | | |
|---|---|---|---|---|---|
| അനുമന്ദ്രസ്ഥായി | - | സ̤ | രി̤ | ഗ̤ | മ̤ |
| മന്ദ്രസ്ഥായി | - | സ̣ | രി̣ | ഗ̣ | മ̣ |
| താരസ്ഥായി | - | സ̇ | രി̇ | ഗ̇ | മ̇ |
| അതിതാരസ്ഥായി | - | സ̈ | രി̈ | ഗ̈ | മ̈ |

### 1.3.5 ആരോഹണം

ആരോഹണം എന്ന വാക്കിന് കയറ്റം എന്നർത്ഥം. ഷഡ്ജം മുതൽ ഷഡ്ജം വരെ ഒരു കൂട്ടം സ്വരങ്ങൾ മുകളിലേക്ക് പാടുന്നതിനെ ആരോഹണമെന്ന് പറയുന്നു.

ഉദാ:- രാഗം - മോഹനം

ആരോ: - സ രി ഗ പ ധ സ്

### 1.3.6 അവരോഹണം

അവരോഹണം എന്ന വാക്കിന് ഇറക്കം എന്നർത്ഥം. സ്വരങ്ങൾ താഴേക്ക് പാടുന്നത് അവരോഹണം.

ഉദാ:- രാഗം - മോഹനം

ആരോ: - സ് ധ പ ഗ രി സ

ഒരു രാഗം നിർണയിക്കുന്നത് അതിന്റെ ആരോഹണത്തിലും അവരോഹണത്തിലും ഉപയോഗിക്കുന്ന സ്വരങ്ങൾ നോക്കിയാണ്. ഒരു രാഗത്തിന്റെ സംക്ഷിപ്തരൂപം അതിന്റെ ആരോഹണാവരോഹണങ്ങളിൽ നിന്നും ലഭിക്കുന്നു.

### 1.3.7 രാഗം

ഇന്ത്യൻ സംഗീതത്തിന്റെ അടിസ്ഥാനമാണ് രാഗം. ഏതൊരു ധ്വനിവിശേഷമാണോ സ്വരങ്ങളാലും ആരോഹണങ്ങളായ വർണ്ണങ്ങളാലും അലങ്കരിക്കപ്പെട്ട് ശ്രോതാക്കളുടെ മനസ്സിനെ രഞ്ജിപ്പിക്കുന്നത് അത് രാഗം (സംഗീത രത്നാകരം). പന്ത്രണ്ട് സ്വരസ്ഥാനങ്ങൾ നിശ്ചിത നിയമങ്ങൾക്കനുസരിച്ച് മനോരഞ്ജകങ്ങളായ ആരോഹണ - അവരോഹണങ്ങളോടെ പാടുന്നതാണ് രാഗം. കർണ്ണാടക സംഗീതത്തിൽ എണ്ണമറ്റ രാഗങ്ങളുണ്ട്. ഓരോ രാഗത്തിനും തനതായ സ്വരൂപമുണ്ട്. രണ്ടു രാഗങ്ങൾക്ക് ഒരിക്കലും ഒരേ സ്വരൂപം ഉണ്ടായിരിക്കുകയില്ല. ഒരു രാഗത്തിൽ നിന്നും മറ്റൊരു രാഗത്തിന് ഒരു സ്വരത്തിന്റെ വ്യത്യാസം മാത്രമേയുള്ളുവെങ്കിലും രണ്ടു രാഗങ്ങളും തികച്ചും വ്യത്യസ്തമായിരിക്കും.

ഉദാ:- മോഹനവും ഹംസധ്വനിയും.

പ്രാചീന തമിഴ് സംഗീതത്തിൽ രാഗം 'പൺ' എന്നറിയപ്പെട്ടിരുന്നു. ഗാനകാലനിയമമനുസരിച്ച് പൺകളെ പകൽപൺ, ഇരവുപൺ, പൊതുപൺ എന്നിങ്ങനെ തരം തിരിച്ചിരുന്നു.

### 1.3.8 സപ്തതാള അലങ്കാരങ്ങൾ

മനോഹരങ്ങളായ സ്വരച്ചേരുവകളാണ് പ്രാചീന സംഗീതത്തിലെ അലങ്കാരങ്ങൾ. സൂളാദി സപ്തതാളങ്ങളനുസരിച്ച് ചിട്ടപ്പെടുത്തിയിരിക്കുന്ന സ്വരച്ചേരുവകളാണ് സപ്തതാള അലങ്കാരങ്ങൾ.

**സപ്തതാളങ്ങളും അവയുടെ അംഗങ്ങളും**

| നമ്പർ | താളം | അംഗങ്ങൾ |
|---|---|---|
| 1 | ധ്രുവം | 1011 |
| 2 | മഠ്യം | 101 |
| 3 | രൂപകം | 01 |
| 4 | ത്സംപ | 1U0 |
| 5 | ത്രിപുട | 100 |
| 6 | അട | 1100 |
| 7 | ഏക | 1 |

സ്പതതാളങ്ങളിൽ ഉപയോഗിക്കുന്ന മൂന്ന് അംഗങ്ങൾ

ലഘു – 1

ദ്രുതം – 0

അനുദ്രുതം – U

സപ്തതാളങ്ങൾ പഞ്ചജാതിഭേദമനുസരിച്ച് 35 താളങ്ങളായും പഞ്ചഗതിഭേദമനുസരിച്ച് 35 താളങ്ങൾ, 175 താളങ്ങളായും മാറുന്നു.

*ഓർമ്മിക്കുക*

സപ്തതാള അലങ്കാരങ്ങൾ

*പ്രവർത്തനം*

സ്വരങ്ങൾ സാധകം ചെയ്യുക

### 1.3.9 ധാതു

സംഗീത രചനകളിലെ സ്വരാവിഷ്കാരത്തിന് ധാതു എന്നു പറയുന്നു.

ഉദാ:- മപധസ്സ്രി രിസ്ധപമപ (മലഹരി – ഗീതം)

### 1.3.10 മാതു

സംഗീതരൂപങ്ങളിലെ സാഹിത്യം മാതുവെന്ന് അറിയപ്പെടുന്നു.

ഉദാ: – ശ്രീ ഗണനാഥസിന്ദുര വർണ്ണ (മലഹരി – ഗീതം)

**പഠനനേട്ടങ്ങൾ**

- നാദം, ശ്രുതി, സ്വരം, സ്ഥായി, രാഗം, അലങ്കാരങ്ങൾ മുതലായ സംഗീതത്തിന്റെ അടിസ്ഥാന ഘടകങ്ങളെക്കുറിച്ച് അറിവു നേടുന്നു.

## മൂല്യനിർണയം

1. നാദത്തിന്റെ 2 വിഭാഗങ്ങൾ ഏവ?
2. ശ്രുതി എന്നാൽ എന്ത്?
3. സ്വരനാമകരണം വിശദീകരിക്കുക.
4. സപ്തതാള അലങ്കാരങ്ങൾ വിശദമാക്കുക.
5. സ്ഥായി എന്നാൽ എന്ത്?

## റഫറൻസ്

1. ഡിക്ഷ്നറി ഓഫ് സൗത്ത് ഇന്ത്യൻ മ്യൂസിക് - പ്രഫർ. പി.സാംബമൂർത്തി
2. ദക്ഷിണേന്ത്യൻ സംഗീതം - എ.കെ. രവീന്ദ്രനാഥ്
3. സംഗീത ശാസ്ത്ര പ്രവേശിക - ഡോ. വെങ്കടസുബ്രഹ്മണ്യ അയ്യർ
4. സംഗീത നിഘണ്ടു - ഡോ. വി.ടി. സുനിൽ

W5L6N7

# യൂണിറ്റ് -2
# ഇന്ത്യൻ സംഗീതം

## ഇന്ത്യൻ സംഗീതത്തിന്റെ സവിശേഷതകൾ

### പ്രധാന ആശയങ്ങൾ

- ഉത്ഭവം
- പ്രധാന ശാഖകൾ
- മെലഡി- ഹാർമ്മണി
- മേള- ജന്യരാഗ സമ്പ്രദായം
- താളസമ്പ്രദായം
- ഗമകം
- മനോധർമ്മ സംഗീതം
- ആത്മീയത
- കൃതികളുടെ വൈവിധ്യം
- സംഗീതോപകരണങ്ങൾ
- ഭാഷകൾ
- നാടോടി സമ്പ്രദായം

### 2.1 ആമുഖം

സംസ്കാരങ്ങളുടെ മഹനീയതകൊണ്ടും ഭാഷാ വൈവിധ്യം കൊണ്ടും ലോകസാം സ്കാരിക ഭൂപടത്തിൽ ഇന്ത്യക്ക് ത്തിന് വളരെ ഉന്നതമായൊരു സ്ഥാനമാണുള്ളത്. സംസ്കൃതം, ഗണിതം, ജ്യോതിഷം, വൈദ്യ ശാസ്ത്രം, സംഗീതം എന്നിങ്ങനെ അറിവിന്റെയും കലയുടെയും പല മേഖലകളും ലോകത്തിന് സംഭാവന ചെയ്തത് നമ്മുടെ ദേശമാണെന്ന് പറയപ്പെടുന്നു. 'ഭാരതം' എന്ന പേരു തന്നെ സംഗീതാത്മകമാണ്. ഭാവം, രാഗം, താളം എന്നീ പദങ്ങളുടെ സമ്മേളനമായാണ് ഭാരതത്തെ ചില പ്രാചീന ഗ്രന്ഥങ്ങൾ വിശേഷിപ്പിക്കുന്നത്. ഇന്ത്യൻ സംഗീതത്തിന്റെ ഉത്ഭവം വേദങ്ങ

ളിലാണെന്ന് പറയപ്പെടുന്നു. നമ്മുടെ സംഗീതത്തിന്റെ കാലാകാലങ്ങളായുള്ള പരിണാമവും വികാസവും സംഗീതലക്ഷണ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടു ള്ളതായി കാണാം. വിവിധ പ്രദേശങ്ങളിൽ കാണുന്ന മനോഹരങ്ങളായ ശില്പ വേലകളും പ്രൗഢമായ സംഗീതസ്തൂപങ്ങളും ഇന്ത്യൻ സംഗീതത്തിന്റെ പാര മ്പര്യത്തെയും വളർച്ചയെയും പ്രതിപാദിക്കുന്നവയാണ്. ഇന്ത്യൻ സംഗീതത്തിലെ രാഗ-താള സമ്പ്രദായങ്ങൾ, സൂക്ഷ്മങ്ങളായ ശ്രുതികൾ, ഗാനരൂപങ്ങളുടെ വൈ വിധ്യം മുതലായവ വെളിപ്പെടുന്നത് ഇത്തരം ശില്പവേലകളിലൂടെയും ലക്ഷണ ഗ്രന്ഥങ്ങളിലൂടെയുമാണ്. പുരാതന കാലത്ത് ആരാധനയ്ക്ക് വേണ്ടിയാണ് സംഗീതം ഉപയോഗിച്ചിരുന്നതെങ്കിൽ, പിന്നീട് മതനിരപേക്ഷമായ (Secular) രചനകളും പ്രചരിക്കുകയുണ്ടായി.

## 2.2 ഹിന്ദുസ്ഥാനി സംഗീതവും കർണാടക സംഗീതവും

ഇന്ത്യൻ സംഗീതത്തിലെ രണ്ട് പ്രധാന ശാഖകളാണ്, ഹിന്ദുസ്ഥാനി സംഗീതവും കർണാടക സംഗീതവും. പതിമൂന്നാം നൂറ്റാണ്ടിൽ പേർഷ്യൻ ആക്രമണത്തെ തുടർന്നാണ് ഒന്നായിരുന്ന ഇന്ത്യൻ സംഗീതം ഇങ്ങനെ രണ്ട് ശാഖകളായി വേർ പിരിഞ്ഞത്. കർണാടകദേശം അല്ലെങ്കിൽ കറുത്ത ദേശം എന്നറിയപ്പെട്ടിരുന്ന ദക്ഷിണേന്ത്യയിൽ വളർച്ച പ്രാപിച്ച സംഗീതസമ്പ്രദായം കർണാടക സംഗീതമെന്ന പേരിലും ഇന്ത്യയുടെ മറ്റ് ദേശങ്ങളിൽ വളർന്നുവന്ന സംഗീതസമ്പ്രദായം ഹിന്ദു സ്ഥാനി സംഗീതമെന്ന പേരിലും അറിയപ്പെടുകയും വികാസം പ്രാപിക്കുകയും ചെയ്തു. ഉള്ളടക്കത്തിലും പ്രയോഗത്തിലുമുള്ള വൈവിധ്യം ഈ രണ്ട് സമ്പ്രദായങ്ങളെയും വ്യത്യസ്തമാക്കുന്നു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്തങ്ങളായ സംഗീതസമ്പ്രദായങ്ങൾ നിലനിൽക്കുന്നുണ്ട്. ഇവിയിലെല്ലാം അടിസ്ഥാനപരമായി ഉപയോഗിക്കുന്നത് സപ്തസ്വരങ്ങളാണെങ്കിലും ഓരോ സമ്പ്രദായത്തിലും അവയുടെ നിർവഹണവും പ്രയോഗരീതിയും വ്യത്യസ്തമാണ്. ഇന്ത്യൻ സംഗീതത്തെ ലോകത്തിലെ മറ്റ് സംഗീതസമ്പ്രദായങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്ന ഈ ഘടകങ്ങൾ ഏതൊക്കെയാണെന്ന് നമുക്ക് പരിശോധിക്കാം.

*ഓർമിക്കുക*

ഇന്ത്യൻ സംഗീതത്തിലെ സംഗീതസമ്പ്രദായങ്ങൾ

*പ്രവർത്തനം*

കർണാടകസംഗീതവും ഹിന്ദുസ്ഥാനി സംഗീതവും നിലനിൽക്കുന്ന ദേശങ്ങളുടെ ഒരു ഭൂപടം തയാറാക്കുക.

## 2.3 മെലഡി – ഹാർമ്മണി സമ്പ്രദായങ്ങൾ

ലോകസംഗീതം, മെലഡി (melody), ഹാർമ്മണി (harmony) എന്നിങ്ങനെ രണ്ട് സമ്പ്രദായങ്ങളായി തരം തിരിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യൻ സംഗീതം മെലഡിയെ അടിസ്ഥാനമാക്കിയും പാശ്ചാത്യസംഗീതം ഹാർമ്മണിക്ക് പ്രാമുഖ്യം നൽകി

യുമാണ് രൂപപ്പെടുത്തിയിരിക്കുന്നത്. സ്വരങ്ങൾ ഒന്നൊന്നായി പ്രയോഗിക്കുന്ന രീതിയാണ് മെലഡിയിലുള്ളത്. ഒന്നിലധികം ഗായകരോ, വാദകരോ, ഒരേ സമയം, സംവാദിത്വമുള്ള സ്വരങ്ങൾ പാടുമ്പോഴോ വായിക്കുമ്പോഴോ ഉണ്ടാകുന്ന സ്വരങ്ങളുടെ സംയോഗമാണ് ഹാർമ്മണി. വായ്പാട്ടായാലും ഉപകരണസംഗീതമായാലും തനിച്ച് അവതരിപ്പിക്കുന്ന രീതിയാണ് ഇന്ത്യൻ സംഗീതത്തിലുള്ളത്.

## 2.4 രാഗം

രാഗസമ്പ്രദായമാണ് ഇന്ത്യൻ സംഗീതത്തിന്റെ പ്രധാന സവിശേഷതകളിലൊന്ന്. രാഗവൈവിധ്യങ്ങളുടെ ഒരു കലവറയാണ് ഇന്ത്യൻ സംഗീതം. ഇത്രയും ശാസ്ത്രീയമായ ഒരു രാഗവ്യവസ്ഥ ലോകത്തൊരിടത്തും നിലവിലില്ല. വളരെ സൂക്ഷ്മങ്ങളായ ശ്രുതികളും ഗമകങ്ങളും കൊണ്ട് വ്യത്യസ്തമാണ് ഓരോ രാഗവും. സമ്പൂർണങ്ങളായ എഴുപത്തിരണ്ട് ജനകരാഗങ്ങളാണ് കർണാടകസംഗീതത്തിലുള്ളത്. മേളകർത്താ രാഗങ്ങൾ എന്നറിയപ്പെടുന്ന ഇവയിൽ നിന്ന് ഉടലെടുക്കുന്നവയാണ് ജന്യരാഗങ്ങൾ. ഘടനയനുസരിച്ച് ജന്യരാഗങ്ങളെ വർജ്യം, വക്രം, ഷാഡവം, ഔഡവം, ഉപാംഗം, ഭാഷാംഗം എന്നിങ്ങനെ തരംതിരിച്ചിട്ടിണ്ട്. കൂടാതെ സമയമനുസരിച്ചും ഋതുഭേദമനുസരിച്ചും പാടേണ്ട രാഗങ്ങളേയും വർഗ്ഗീകരിച്ചിട്ടുണ്ട്. പ്രകൃതിയുമായും മനുഷ്യവികരങ്ങളുമായും ബന്ധപ്പെട്ട രാഗവ്യവസ്ഥ മറ്റ് സംഗീതസമ്പ്രദായങ്ങളിലൊന്നും ദർശിക്കാൻ കഴിയില്ല.

*ഓർമിക്കുക*

മേളരാഗങ്ങൾ, ജന്യരാഗ വർഗ്ഗീകരണം

*പ്രവർത്തനം*

ഉപാംഗം, ഭാഷാംഗം, വക്രം, വർജ്യം, ഷാഡവം, ഔഡവം തുടങ്ങിയ വിഭാഗങ്ങളിൽപ്പെടുന്ന ജന്യരാഗങ്ങളുടെ ഒരു പട്ടിക തയാറാക്കുക.

## 2.5 ശ്രുതി

ഇന്ത്യൻ സംഗീതത്തിന്റെ സവിശേഷമായ മറ്റൊരു ഘടകമാണ് ശ്രുതി (drone). ആധാരഷഡ്ജം എന്ന ആശയം തന്നെ ശ്രുതിയോട് ബന്ധപ്പെട്ടിരിക്കുന്നു.

ഒരു സംഗീതജ്ഞൻ തനിക്കുചേരുന്ന ഒരു ശ്രുതി നിജപ്പെടുത്തി, ആ ശ്രുതിയിലായിരിക്കും കച്ചേരികളും മറ്റും അവതരിപ്പിക്കുക. കൂടാതെ, കച്ചേരിയിൽ അകമ്പടി സേവിക്കുന്ന വാദ്യോപകരണങ്ങളും ഒരേ ആധാരസ്വരത്തിൽ തന്നെയായിരിക്കും ശ്രുതി ചേർക്കുന്നത്. അതേസമയം ഹാർമ്മണിയെ അടിസ്ഥാനമാക്കിയുള്ള പാശ്ചാത്യസംഗീതത്തിൽ, നിയതമായ ശ്രുതി കണ്ടു വരുന്നില്ല. ശ്രുതി ഇടുന്നതിന് ഏറ്റവും സവിശേഷമായി കണക്കാക്കുന്ന ഇന്ത്യൻ സംഗീതോപകരണമാണ് തംബുരു. എന്നാൽ ഇലക്ട്രോണിക് ശ്രുതിപ്പെട്ടികളും ഇലക്ട്രോണിക് തംബുരുവും ഇപ്പോൾ വ്യാപകമായി പ്രചാരത്തിലുണ്ട്. കൈകാര്യം ചെയ്യാനുള്ള സൗകര്യവും അനു

യോജ്യതയും ഇവയുടെ ഉപയോഗം വർധിക്കുന്നതിന് കാരണമായപ്പോൾ പരമ്പരാഗത തംബുരുവിന്റെ ഉപയോഗം കുറയുന്നതിനും കാരണമായി.

## 2.6 താളം

ഇന്ത്യൻ സംഗീതത്തിന്റെ മറ്റൊരു സവിശേഷതയാണ് താളസമ്പ്രദായം. "ശ്രുതി: മാതാ ലയ : പിതാ" എന്ന സൂക്തം, സംഗീതത്തിൽ ശ്രുതിയുടേയും താളത്തിന്റേയും പ്രാധാന്യം വെളിപ്പെടുത്തുന്നു. സംഗീതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളായാണ് ശ്രുതിയെയും താളത്തെയും ലോകത്തിലെ എല്ലാ സംഗീത സമ്പ്രദായങ്ങളും കണക്കാക്കുന്നത്

ഇന്ത്യൻ സംഗീതത്തിന് മഹത്തായ ഒരു താളസമ്പ്രദായമുണ്ട്. താളാംഗങ്ങൾ, വ്യത്യസ്ത കാലങ്ങൾ, ക്രിയകൾ തുടങ്ങിയ താളത്തിന്റെ സൂക്ഷ്മാംശങ്ങളിൽ നടത്തിയിട്ടുള്ള നിരന്തര ഗവേഷണങ്ങളുടെ ഫലമായാണ് ഇന്ത്യൻ താളങ്ങൾക്ക് നിയതമായൊരു രൂപം വന്നു ചേർന്നത്. അടിസ്ഥാനപരമായി ഏഴ് താളങ്ങളാണ് കർണാടക സംഗീതത്തിൽ ഉപയോഗിക്കപ്പെടുന്നത്. ധ്രുവം, മഠ്യം, രൂപകം, ഝംപ, അട, തൃപുട, ഏക എന്നിവയാണീ താളങ്ങൾ. സ്പതതാളങ്ങൾ 35 താളങ്ങളായും 175 താളങ്ങളായും വികസിച്ചുള്ള സമ്പ്രദായങ്ങളും ഇവിടെ നിലവിലുണ്ട്. പുറമേ പ്രാചീനകാലം മുതൽ നിലനിൽക്കുന്ന 108 താളസമ്പ്രദായവും ഇവിടെയുണ്ട്. 128 അക്ഷരകാലദൈർഘ്യം ഉള്ള താളം ഈ താള സമ്പ്രദായത്തിലാണ് ഉൾപ്പെടുന്നത്. ലോകത്തിലെ ഏറ്റവും ദൈർഘ്യമേറിയ താളമായി ഇതിനെ കണക്കാക്കുന്നു. ഇന്ത്യൻ സംഗീതത്തെ അപേക്ഷിച്ച് വളരെ കുറച്ച് താളങ്ങൾ മാത്രമേ പാശ്ചാത്യസംഗീതത്തിൽ ഉപയോഗിക്കപ്പെടുന്നുള്ളൂ.

മേൽ സൂചിപ്പിച്ച രാഗം, താളം, ശ്രുതി എന്നിവയാണ് ഇന്ത്യൻ സംഗീതത്തിലെ അടിസ്ഥാന ഘടകങ്ങൾ. ഇവ മൂന്നും സമ്മേളിക്കുമ്പോൾ മാനസികോല്ലാസം അനുഭവപ്പെടുകയും സംഗീതം വൈകാരികവും ബൗദ്ധികവുമായി ആസ്വദിക്കാൻ കഴിയുകയും ചെയ്യുന്നു.

*ഓർമ്മിക്കുക*

സപ്തതാളങ്ങൾ, ലഘുജാതിഭേദം

*പ്രവർത്തനം*

കർണാടക സംഗീതത്തിലെ ഏഴ് അടിസ്ഥാന താളങ്ങളും അവയിൽ നിന്നു ത്ഭവിക്കുന്ന 35 താളങ്ങളും ഉൾക്കൊള്ളുന്ന ഒരു ചാർട്ട് തയ്യാറാക്കുക.

## 2.7 ഗമകങ്ങൾ

ഗമകങ്ങൾക്ക് ഇന്ത്യൻ സംഗീതത്തിൽ വളരെ പ്രധാനപ്പെട്ടൊരു സ്ഥാനമാണുള്ളത്. ഗമകം സംഗീതത്തിന്റെ ജീവാത്മാവായി വിശേഷിപ്പിക്കപ്പെടുന്നു. ഓരോ സ്വരങ്ങൾക്കും നൽകുന്ന വിശേഷ ചലനമാണ് ഗമകം. ഇന്ത്യൻ സംഗീതത്തിൽ ഗമകമില്ലാതെ പാടുന്നത് വളരെ അപൂർവമായി കാണപ്പെടുന്ന ഒന്നാണ്. ഒരു ആലങ്കാരിക തുടർച്ച സംഗീതത്തിന് നൽകുന്നതും ഗമകം തന്നെയാണ്.

ഭരതമുനിയുടെ നാട്യശാസ്ത്രപ്രകാരം ഗമകമില്ലാത്ത സംഗീതം, വരണ്ട നദിപോലെയും ചന്ദ്രനുദിക്കാത്ത നിശപോലെയും പൂക്കളില്ലാത്ത വള്ളി പോലെയും ആഭരണരഹിതയായ നാരിയെപോലെയുമാണ്. ഗമകപ്രയോഗങ്ങൾ കൊണ്ടാണ് ഓരോ രാഗത്തിന്റേയും വ്യക്തിത്വം സ്പഷ്ടമാകുന്നത്. ഗമകപ്രയോഗങ്ങൾ മൂലം സ്വരങ്ങൾക്ക് വ്യത്യസ്തങ്ങളായ രൂപവും ഭാവവും ലഭിക്കുന്നതുകൊണ്ടാണ് ഒരേ ആരോഹണാവരോഹണങ്ങൾ ഉള്ള രാഗങ്ങൾ പോലും വ്യത്യസ്തമായിരിക്കുന്നത്.

വിവിധ രസങ്ങളെ ഉദ്ദീപിപ്പിക്കുന്നവയാണ് ഗമകങ്ങൾ. ഉദാ: – അഠാണ (വീരം), ശുഭപന്തുവരാളി (ശോകം). ശബ്ദക്രമീകരണത്തിലൂടെയും ഗമകങ്ങളുടെ കൃത്യമായ പ്രയോഗങ്ങളിൽ കൂടിയുമാണ് വ്യത്യസ്ത രസങ്ങൾ സൃഷ്ടിക്കപ്പെടുന്നത്.

പ്രാചീന സംഗീതത്തിൽ ഗമകങ്ങൾ, 'അലങ്കാരങ്ങൾ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. വായ്പ്പാട്ടിലും ഉപകരണസംഗീതത്തിലും ഉപയോഗിക്കുന്ന വിവിധ തരത്തിലുള്ള ഗമകങ്ങൾ ഉണ്ട്. 'ദശവിധ ഗമകങ്ങൾ' എന്നറിയപ്പെടുന്ന 10 ഗമകങ്ങൾ ആണ് കർണാടക സംഗീതത്തിൽ സാധാരണ ഉപയോഗിച്ചുവരുന്നത്. ആരോഹണം, അവരോഹണം, സ്ഫുരിതം, കമ്പിതം, തുടങ്ങിയവ ദശവിധഗമകങ്ങൾക്ക് ഉദാഹരണങ്ങളാണ്.

ഗമകങ്ങളെ നൊട്ടേഷനിൽ സൂചിപ്പിക്കുക എന്നത് വളരെ ശ്രമകരമായ കാര്യമാണ്. ഗമകം, ശ്രുതി മുതലായ രാഗത്തിന്റെ സൂക്ഷ്മതലങ്ങൾ ഹൃദിസ്ഥമാക്കിയ ഒരു സംഗീതജ്ഞനു മാത്രമേ നൊട്ടേഷൻ അനുസരിച്ച് കൃത്യമായി പാടാൻ കഴിയുകയുള്ളൂ. പൂർണമായും നൊട്ടേഷൻ പ്രകാരം പാടാൻ കഴിയുന്ന ഒന്നല്ല ഇന്ത്യൻ സംഗീതം. ഗുരുമുഖത്തു നിന്നും പഠിച്ച് ഓർമ്മയിൽ നിന്നും സംഗീതം അവതരിപ്പിക്കുന്ന രീതിയാണ് നമ്മൾ പിന്തുടരുന്നത്. ഇത് ഇന്ത്യൻ സംഗീതത്തിന്റെ മാത്രം പ്രത്യേകതയാണ്.

## 2.8 മനോധർമ്മ സംഗീതം

സൃഷ്ടിപരമായ സംഗീതമാണ് മനോധർമ്മ സംഗീതം. ഇന്ത്യൻ സംഗീതത്തിന്റെ മാത്രം സവിശേഷതയാണിത്. മനോധർമ്മമനുസരിച്ച് സംഗീത നിയമങ്ങളിൽ നിന്നും വ്യതിചലിക്കാതെ പാടുന്നതിനാണ് മനോധർമ്മസംഗീതം എന്നു പറയുന്നത്. കച്ചേരികളുടെ മൂന്നിലൊരു ഭാഗവും മനോധർമ്മ സംഗീതത്തിനായാണ് വിനിയോഗിക്കുന്നത്. രാഗസ്വരൂപത്തിന് കോട്ടം തട്ടാതെ നേരത്തേ ആസൂത്രണം ചെയ്യാതെ അപ്പപ്പോൾ പാടുന്നതാണ് മനോധർമ്മ സംഗീതം. രാഗത്തെക്കുറിച്ച് നല്ല പരിജ്ഞാനമുള്ളവർക്കേ മനോധർമ്മം പ്രയോഗിക്കാൻ സാധിക്കുകയുള്ളൂ. കലയുടെ അവാച്യതലങ്ങളിലേക്ക് ആസ്വാദകരെ കൊണ്ടെത്തിക്കുന്ന ഒരു സവിശേഷതയാണിത്. ഒരു സംഗീതജ്ഞന്റെ ശ്രേഷ്ഠത, അവന്റെ മനോധർമ്മം പ്രയോഗിക്കാനുള്ള കഴിവിനെ ആശ്രയിച്ചിരിക്കുന്നു. മനോധർമ്മ സംഗീതത്തിന് 5 വിഭാഗങ്ങളാണുള്ളത്. രാഗാലാപനം, താനം, പല്ലവി, നിരവൽ, കൽപനസ്വരം എന്നിവയാണവ.

*ഓർമ്മിക്കുക*

ഗമകങ്ങളുടെ പ്രത്യേകതകൾ, മനോധർമ്മ സംഗീതത്തിന്റെ വിഭാഗങ്ങൾ

*പ്രവർത്തനം*

വിവിധ ഗമകങ്ങളും അവയുടെ പ്രയോഗരീതികളും പാടി പരിശീലിക്കുക.

## 2.9 ആത്മീയതയും കൃതികളുടെ വൈവിധ്യവും

മറ്റ് സംഗീത സമ്പ്രദായങ്ങളിൽ നിന്നും ഇന്ത്യൻ സംഗീതത്തെ വേർതിരിച്ചു നിർത്തുന്ന ഒരു പ്രത്യേകതയാണ് ആത്മീയത. ദൈവസ്തുതികളാണ് ഭൂരിപക്ഷം സംഗീതരചനകളും. സംഗീതരൂപങ്ങളായ ഗീതം, വർണം, കൃതി, കീർത്തനം, പദം, ഭജൻ തുടങ്ങിയവയെല്ലാം തന്നെ ദൈവസ്തുതികളോ ആത്മീയത തുളുമ്പുന്നതോ ആണ്.

വൈവിധ്യമാണ് ഇന്ത്യൻ സംഗീതത്തിന്റെ മറ്റൊരു പ്രത്യേകത. അനേകം സംഗീത രചനകൾ ഇവിടെ ഉണ്ടായിട്ടുണ്ട്. ഹിന്ദുസ്ഥാനിയിലും കർണാടകസംഗീതത്തിലും വളരെ വ്യത്യസ്തങ്ങളായ രൂപങ്ങളാണ് ഉപയോഗിക്കപ്പെടുന്നത്. വർണം, കൃതി, പദം,ജാവളി, തില്ലാന മുതലായവ കർണാടകസംഗീതത്തിലും ധ്രുപദ്, ഖയാൽ, ഠുംരി, ടപ്പ, തരാന തുടങ്ങിയവ ഹിന്ദുസ്ഥാനി സംഗീതത്തിലും ഉപയോഗിക്കപ്പെടുന്ന ഗാനരൂപങ്ങളാണ്.

*ഓർമ്മിക്കുക*

കർണാടകസംഗീതത്തിലും ഹിന്ദുസ്ഥാനി സംഗീതത്തിലും ഉപയോഗിക്കുന്ന ഗാനരൂപങ്ങൾ

## 2.10 സംഗീതോപകരണങ്ങൾ



തബല



സിത്താർ



തംബുരു

സംഗീതോപകരണങ്ങളാൽ സമ്പുഷ്ടമാണ് ഇന്ത്യ. ചില വാദ്യങ്ങൾ തനിച്ച് അവതരിപ്പിക്കുന്നതിനും ചിലവ അകമ്പടിയായി വായിക്കുന്നതിനും ഉപയോഗിക്കുന്നു. വാദ്യങ്ങളുടെ നാദം, ഉപയോഗം, നിർമാണത്തിനുപയോഗിക്കുന്ന വസ്തുക്കൾ മുതലായ വ്യത്യസ്ത മാനദണ്ഡങ്ങൾ അനുസരിച്ച് വാദ്യോപകരണങ്ങളെ വർഗീകരിച്ചിട്ടുണ്ട്. സംഗീതകച്ചേരികളിൽ ഉപയോഗിക്കുന്ന വീണ, മൃദംഗം, തബല, സിതാർ, പുല്ലാങ്കുഴൽ തുടങ്ങിയ വാദ്യങ്ങൾ കൂടാതെ നാടോടി സംഗീതത്തിലും അനുഷ്ഠാന സംഗീതത്തിലും ഉപയോഗിക്കുന്ന നിരവധി വാദ്യോപകരണങ്ങളും നമുക്കുണ്ട്.

*ഓർമ്മിക്കുക*

കർണാടകസംഗീതത്തിലും ഹിന്ദുസ്ഥാനി സംഗീതത്തിലും ഉപയോഗിക്കുന്ന വാദ്യങ്ങൾ


*പ്രവർത്തനം*

ഇന്ത്യൻ സംഗീതത്തിൽ ഉപയോഗിക്കുന്ന വ്യത്യസ്ത സംഗീതോപകരണങ്ങളുടെ ഒരു ചാർട്ട് തയാറാക്കുക.

സംഗീതോപകരണങ്ങളെക്കുറിച്ച് ഒരു പവർപോയിന്റ് അവതരണം നടത്തുക.

## 2. 11 ഭാഷകൾ

ഭാഷകളാൽ നിറഞ്ഞ നാടാണ് ഇന്ത്യ. 1650-ഓളം ഭാഷകൾ ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ ഉപയോഗിച്ചു വരുന്നതായി പറയപ്പെടുന്നു. മഹാന്മാരായ വാഗ്ഗേയകാരന്മാർ തങ്ങളുടെ മികച്ച സൃഷ്ടികൾ കൊണ്ട് ഭാരതത്തിന്റെ സാംസ്കാരിക മേഖലയെ സമ്പുഷ്ഠമാക്കിയവരാണ്. ഈ കൃതികളെല്ലാം തന്നെ പ്രാദേശിക ഭാഷകളിലാണ് രചിക്കപ്പെട്ടത്. അതിനാൽ തന്നെ ശാസ്ത്രീയ സംഗീത കൃതികളിൽ ഭാഷാവൈവിധ്യമുള്ള ഒരേയൊരു ദേശമായി ഇന്ത്യയെ കണക്കാക്കുന്നു.



രബീന്ദ്രനാഥ് ടാഗോർ

നിരവധി ഗോത്രങ്ങളും മതങ്ങളും വർഗങ്ങളും ഉൾക്കൊള്ളുന്ന വളരെ വിസ്തൃതമായ ഒരു രാഷ്ട്രമാണ് ഇന്ത്യ. അതുകൊണ്ട് തന്നെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ദേശ്യസംഗീതവും രൂപപ്പെട്ടിട്ടുണ്ട്. ഓരോ പ്രദേശത്തിനും അനുയോജ്യമായ സ്വഭാവ വിശ്ലേഷങ്ങൾ ഈ ദേശ്യസംഗീതത്തിനുമുണ്ടാവും. കേരളത്തിലെ സോപാനസംഗീതവും ബംഗാളിലെ രബീന്ദ്രസംഗീതവും ഇതിനുദാഹരണങ്ങളാണ്.

## 2.12 നാടോടി പാരമ്പര്യം

ഇന്ത്യൻ സംഗീതത്തെക്കുറിച്ച് പറയുമ്പോൾ നാടോടിസംഗീതത്തെയും അതിന്റെ ബൃഹത്തായ പാരമ്പര്യത്തെയും സംസ്കാരത്തെയും കുറിച്ച് പ്രതിപാദിക്കേണ്ടത് അനിവാര്യമാണ്. ശാസ്ത്രീയസംഗീതത്തിന്റെ ജനനം തന്നെ നാടോടിസംഗീതത്തിൽ നിന്നാണ്. ത്യാഗരാജസ്വാമിയുടെ പല ഓപ്പറ (opera) കളുടേയും കീർത്തനങ്ങളുടേയും ഈണങ്ങൾ നാടോടിസംഗീതത്തിൽനിന്നും എടുത്തിട്ടുള്ളവയാണ്. ഇന്നത്തെ പല രാഗങ്ങളും നാടോടിസംഗീതത്തിൽ നിന്നും ഉടലെടുത്തവയാണ്.

കലാകാരന്റെ വ്യക്തിപരമായ പ്രയത്നത്തെയും അറിവിനെയും അനുഭവത്തെയും ഒരു പരിധിവരെ ആശ്രയിക്കുന്ന ഒന്നാണ് ഇന്ത്യൻ സംഗീതം. ഒരേ രാഗം തന്നെ വ്യത്യസ്ത സംഗീതജ്ഞർ ആലപിക്കുന്നത് വ്യത്യസ്ത തരത്തിലായിരിക്കും. ഈ വൈവിധ്യമാണ് ഇന്ത്യൻ സംഗീതത്തിന്റെ മനോഹാരിത. രാഗ-താള വ്യവസ്ഥകൾ,

മനോധർമ്മ സംഗീതം, ശ്രുതി, ഗമകം തുടങ്ങിയ വളരെ സൂക്ഷ്മവും സങ്കീർണവുമായ സവിശേഷതകൾ ഇന്ത്യൻ സംഗീതത്തെ ലോകസംഗീതത്തിന്റെ നെറുകയിൽ പ്രതിഷ്ഠിക്കുന്നു.

## പഠനനേട്ടങ്ങൾ

- ഇന്ത്യൻ സംഗീതത്തിന്റെ അതുല്യത മനസ്സിലാക്കുന്നു.
- ഇന്ത്യൻ സംഗീതത്തെ മറ്റു സംഗീത സമ്പ്രദായങ്ങളിൽ നിന്നും വേർതിരിച്ചറിയുന്നു.

  ഗമകം, ശ്രുതി എന്നിവയുടെ പ്രാധാന്യം മനസ്സിലാക്കുന്നു
- ഇന്ത്യൻ സംഗീതത്തിന്റെ രാഗ-താള വൈവിധ്യം തിരിച്ചറിയുന്നു.
- കൽപിതസംഗീതവും മനോധർമ്മ സംഗീതവും വേർതിരിച്ചറിയുന്നു.
- മനോധർമ്മ സംഗീതത്തിന്റെ വിവിധ ശാഖകളെ മനസ്സിലാക്കുന്നു.

## മൂല്യനിർണയം

1. ദക്ഷിണേന്ത്യൻ സംഗീതം പിന്തുടരുന്ന സമ്പ്രദായമേത്?
2. കർണാടക സംഗീത രചനകളിൽ ഉപയോഗിക്കുന്ന ഭാഷകളെക്കുറിച്ച് ഒരു ലഘുവിവരണം നൽകുക.
3. ഇന്ത്യൻ സംഗീതത്തിന്റെ മഹത്തായ പാരമ്പര്യത്തെ കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.
4. കർണാടക സംഗീതവും ഹിന്ദുസ്ഥാനി സംഗീതവും തമ്മിലുള്ള വ്യത്യാസങ്ങളേവ?
5. ഗമകത്തിന്റെ പ്രത്യേകതകൾ പ്രതിപാദിക്കുക.
6. മനോധർമ്മസംഗീതത്തിന്റെ അഞ്ച് ശാഖകൾ ഏവ?
7. സംഗീതത്തിന്റെ സാംസ്കാരിക മൂല്യനിർണയത്തെക്കുറിച്ച് ഒരു ഖണ്ഡികയിൽ കുറയാതെ കുറിപ്പെഴുതുക.
8. മനുഷ്യവികാരങ്ങൾ പ്രകടിപ്പിക്കുന്നതിന് സംഗീതം അനുയോജ്യമാകുന്നതെങ്ങിനെയെന്ന് വിശദമാക്കുക.
9. സംഗീതത്തിന്റെ ആത്മീയ മൂല്യത്തെക്കുറിച്ച് വിശദീകരിക്കുക.

Q8V2L5

# യൂണിറ്റ് - 3
# മേളകർത്താ പദ്ധതി

**പ്രധാന ആശയങ്ങൾ**

- 72 സമ്പൂർണ്ണ രാഗങ്ങൾ
- പൂർവ - ഉത്തര മേളങ്ങളുടെ സവിശേഷതകൾ
- 12 ചക്രങ്ങളും അവയുടെ ക്രമീകരണവും
- ചക്രങ്ങളിലെ മേളക്രമീകരണം
- മേളങ്ങളിലെ സ്വരക്രമീകരണം
- ഭൂതസംഖ്യ
- കടപയാദിസൂത്രം
- ജനക - ജന്യരാഗങ്ങൾ
- പദ്ധതിയുടെ ഉപയോഗം

## 3.1 രാഗം

ഇന്ത്യൻ സംഗീതത്തിന്റെ മുഖ്യ ഘടകമാണ് രാഗം. സ്വരങ്ങളാൽ അലംകൃതമായി ഇന്ദ്രിയങ്ങളെ സന്തോഷിപ്പിക്കുന്ന ധ്വനിവിശേഷം എന്നാണ് രാഗത്തെ പ്രാചീന സംഗീത ലക്ഷണഗ്രന്ഥങ്ങൾ വിശേഷിപ്പിക്കുന്നത്. ഓരോ രാഗത്തിനും തനതായ ഒരു സ്വരൂപമുണ്ട്. സംഗീതത്തിൽ ജ്ഞാനവും പരിശീലനവും ലഭിച്ച ഒരാൾക്ക് ഓരോ രാഗവും വേർതിരിച്ചറിയാൻ സാധിക്കും. പ്രാചീന സംഗീതത്തിൽ 'ജാതി' എന്നാണ് രാഗം അറിയപ്പെട്ടിരു

ന്നത്. അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മതംഗന്റെ കാലം മുതൽക്കാണ് ഇന്നത്തെ രാഗം എന്നുള്ള ആശയം ആവിർഭവിച്ചത്. അദ്ദേഹത്തിന്റെ 'ബൃഹദ്ദേശി' എന്ന ഗ്രന്ഥത്തിലാണ് രാഗം എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചത്.

### 3.2 വർഗ്ഗീകരണം

കർണ്ണാടക സംഗീതം പിൻതുടരുന്ന രാഗവിഭജനം ബഹുമുഖമാണ്. അവയിൽ ഏറ്റവും പ്രധാനം ജനക-ജന്യ വിഭജനമാണ്. ജനകരാഗങ്ങളിൽ നിന്നും ജന്യരാഗങ്ങൾ ഉണ്ടാകുന്നു. മേളങ്ങൾ തന്നെയാണ് ജനകരാഗങ്ങൾ. കർണ്ണാടക സംഗീതത്തിലെ അടിസ്ഥാന രാഗങ്ങളാണ് മേളം എന്നറിയപ്പെടുന്നത്. കർത്താരാഗം, മേളകർത്താരാഗം, രാഗാംഗരാഗം, സമ്പൂർണ്ണരാഗം എന്നീ പേരുകളിലും മേളരാഗം അറിയപ്പെടുന്നു.

മേളങ്ങൾക്ക് സാധാരണയായി ചില സവിശേഷതകളുണ്ട്. അതായത് അവയുടെ ആരോഹണവും അവരോഹണവും ക്രമസമ്പൂർണ്ണമായിരിയ്ക്കും. ആരോഹണത്തിലും അവരോഹണത്തിലും ഉപയോഗിക്കുന്നത് ഒരേ സ്വരസ്ഥാനങ്ങൾ തന്നെ ആയിരിക്കും.

### 3.3 72 മേള കർത്താരാഗങ്ങളും പദ്ധതിയും

16-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വെങ്കിടമഖിയാണ് 72 മേളകർത്താ പദ്ധതിയുടെ ഉപജ്ഞാതാവ്. അദ്ദേഹം കർണ്ണാടകസംഗീതത്തിലെ രാഗങ്ങളെ ശാസ്ത്രീയമായി വിഭജിച്ച് ഒരു പട്ടിക ഉണ്ടാക്കി. 72 രാഗങ്ങളെ മേളകർത്താ രാഗങ്ങളായി കണക്കാക്കിയാണ് ഈ പട്ടിക തയ്യാറാക്കിയത്. മറ്റുള്ള രാഗങ്ങളെല്ലാം ഈ 72 രാഗങ്ങളിൽ നിന്നും ഉണ്ടായവയാണ്. അവ ജന്യരാഗങ്ങൾ എന്നറിയപ്പെടുന്നു. വെങ്കിടമഖി, മേളകർത്താ പദ്ധതി രൂപകല്പന ചെയ്തെങ്കിലും മേളങ്ങൾക്ക് പേരുകൾ നൽകിയത് പിന്നീട് വന്ന ലക്ഷണകാരന്മാരാണ്. 12 സ്വരങ്ങളിലുള്ള 16 സ്വരസ്ഥാനങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ പദ്ധതി ആവിഷ്ക്കരിച്ചത്.

72 മേളകർത്താപദ്ധതി രണ്ടുവിധത്തിൽ നിലനിന്നിരുന്നു. ഒന്ന്, സമ്പൂർണ്ണ മേളപദ്ധതി അല്ലെങ്കിൽ കനകാംഗി-രത്നാംഗി നാമകരണ രീതി. രണ്ട്, അസമ്പൂർണ്ണ മേള പദ്ധതി അല്ലെങ്കിൽ കനകാംബരി-രത്നാംബരി നാമകരണ രീതി. വെങ്കിടമഖിയുടെ കാലത്ത് നിലനിന്ന മേളപദ്ധതി യഥാർത്ഥത്തിൽ അസമ്പൂർണ്ണ മേളപദ്ധതിയായിരുന്നു. പല മേളങ്ങളുടെ പേരിലും പിന്നീട് മാറ്റം വന്നു. മറ്റു മേളകർത്താ പദ്ധതികളുമായി താരതമ്യപ്പെടുത്തുമ്പോൾ വെങ്കിടമഖിയുടെ പദ്ധതിയാണ് ഏറ്റവും ചിട്ടയോടുകൂടിയതും ശാസ്ത്രീയമായിട്ടുള്ളതും.

*ഓർമ്മിക്കുക*

രാഗങ്ങളുടെ വർഗ്ഗീകരണം

*പ്രവർത്തനം*

വ്യത്യസ്ഥ സ്വരസങ്കലനങ്ങളുടെ ഒരു പട്ടിക തയ്യാറാക്കി അവതരിപ്പിക്കുക

### 3.4 ചക്രങ്ങൾ

36 രാഗങ്ങൾ വീതമുള്ള രണ്ട് വിഭാഗങ്ങളിലായി 72 മേള കർത്താരാഗങ്ങളെ വിഭജിച്ചിരിയ്ക്കുന്നു. ആദ്യത്തെ 36 രാഗങ്ങളിൽ ശുദ്ധമദ്ധ്യമവും അടുത്ത 36 രാഗങ്ങളിൽ പ്രതിമദ്ധ്യമവുമാണുള്ളത്. ഓരോ ചക്രത്തിലും 6 മേളങ്ങൾ വീതം 72 മേളരാഗങ്ങളെയും 12 ചക്രങ്ങളിലായി അടുക്കിയിരിയ്ക്കുന്നു. ആദ്യത്തെ ആറു ചക്രങ്ങളെ ശുദ്ധമദ്ധ്യമചക്രങ്ങളെന്നും രണ്ടാമത്തെ ആറു ചക്രങ്ങളെ പ്രതിമദ്ധ്യമ ചക്രങ്ങളെന്നും പറയുന്നു.

ജനകരാഗങ്ങളുടെ അല്ലെങ്കിൽ മേളകർത്താരാഗങ്ങളുടെ ഒരു സവിശേഷത ഏഴ് സ്വരങ്ങളും ആരോഹണത്തിലും അവരോഹണത്തിലും ഉണ്ടെന്നുള്ളതാണ്. അതായത് അവ സമ്പൂർണ്ണരാഗങ്ങളാണ്. ഈ ഏഴു സ്വരങ്ങളിൽ ആദ്യത്തെ നാലു സ്വരങ്ങളായ സ രി ഗ മ പൂർവ്വാംഗ സ്വരങ്ങളെന്നും അവശേഷിയ്ക്കുന്ന പ ധ നി സ് ഉത്തരാംഗ സ്വരങ്ങൾ എന്നും അറിയപ്പെടുന്നു. ഒരു ചക്രത്തിലെ ആറു മേളങ്ങളിലും പൂർവ്വാംഗസ്വരങ്ങൾ അതായത് ഋഷഭവും ഗാന്ധാരവും ഒരേവിധമായിരിയ്ക്കും. ധൈവതവും നിഷാദവും മേളങ്ങൾ തോറും വ്യത്യാസപ്പെട്ടിരിയ്ക്കും. പഞ്ചമസ്വരം എല്ലാ മേളങ്ങളിലും ഒന്നുതന്നെയാണ്.

ഓരോ ചക്രങ്ങളിലും

*ഒന്നാമത്തെ മേളത്തിൽ ശുദ്ധ ധൈവതവും ശുദ്ധ നിഷാദവും*

*രണ്ടാമത്തെ മേളത്തിൽ ശുദ്ധ ധൈവതവും കൈശികി നിഷാദവും*

*മൂന്നാമത്തെ മേളത്തിൽ ശുദ്ധ ധൈവതവും കാകളി നിഷാദവും*

*നാലാമത്തെ മേളത്തിൽ ചതുശ്രുതി ധൈവതവും കൈശികി നിഷാദവും*

*അഞ്ചാമത്തെ മേളത്തിൽ ചതുശ്രുതി ധൈവതവും കാകളി നിഷാദവും*

*ആറാമത്തെ മേളത്തിൽ ഷഡ്ശ്രുതി ധൈവതവും കാകളി നിഷാദവും ആണ് ഉള്ളത്.*

ശുദ്ധനിഷാദം ചതുശ്രുതി ധൈവതത്തിന്റെ സ്ഥാനത്തും ഷഡ്ശ്രുതി ധൈവതം കൈശികിനിഷാദത്തിന്റെ സ്ഥാനത്തുമാണ് ഉപയോഗിക്കുന്നത്. അതിനാൽ ഒരേ സമയം ഈ സ്വരങ്ങൾ പാടുവാൻ സാധിയ്ക്കുകയില്ല.

ഋഷഭ-ഗാന്ധാരങ്ങൾ ചക്രം തോറും മാറുമ്പോൾ ധൈവത-നിഷാദ സ്വരങ്ങൾ മേളം തോറും മാറുന്നു.

*ഒന്നാമത്തെ ചക്രത്തിൽ ശുദ്ധ ഋഷഭവും ശുദ്ധ ഗാന്ധാരവും*

*രണ്ടാമത്തെ ചക്രത്തിൽ ശുദ്ധ ഋഷഭവും സാധാരണ ഗാന്ധാരവും*

*മൂന്നാമത്തെ ചക്രത്തിൽ ശുദ്ധ ഋഷഭവും അന്തര ഗാന്ധാരവും*

*നാലാമത്തെ ചക്രത്തിൽ ചതുശ്രുതി ഋഷഭവും സാധാരണ ഗാന്ധാരവും*

*അഞ്ചാമത്തെ ചക്രത്തിൽ ചതുശ്രുതി ഋഷഭവും അന്തര ഗാന്ധാരവും*

*ആറാമത്തെ ചക്രത്തിൽ ഷഡ്ശ്രുതി ഋഷഭവും അന്തര ഗാന്ധാരവും ഉപയോഗിക്കുന്നു*

ശുദ്ധഗാന്ധാരം ചതുശ്രുതി ഋഷഭത്തിന്റെ സ്ഥാനത്തും ഷഡ്ശ്രുതി ഋഷഭം സാധാരണ ഗാന്ധാരത്തിന്റെ സ്ഥാനത്തുമാണ് ഉപയോഗിക്കുന്നത്. അതിനാൽ ഒരേ സമയം ഈ സ്വരങ്ങൾ പാടുവാൻ സാധിയ്ക്കുകയില്ല.

ആദ്യത്തെ ആറു ചക്രങ്ങളിലെ ഋഷഭ-ഗാന്ധാര സ്വരങ്ങളുടെ അതേ വകഭേദങ്ങൾ തന്നെയാണ് ഏഴു മുതൽ പന്ത്രണ്ട് വരെയുള്ള ചക്രങ്ങളിലും ഉപയോഗിക്കുന്നത്. വെങ്കിടമഖി, മേളകർത്താ പദ്ധതി രൂപകല്പന ചെയ്തെങ്കിലും മേളങ്ങൾക്ക് പേരുകൾ നല്കിയിരുന്നില്ല. പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ചിക്കുന്ന ഗോവിന്ദാചാര്യയുടെ 'സംഗ്രഹചൂഡാമണി' എന്ന ഗ്രന്ഥത്തിലാണ് ഇവയുടെ പേരുകൾ ആദ്യമായി കാണപ്പെടുന്നത്.

*ഓർമ്മിക്കുക*

ഓരോ ചക്രങ്ങളിലേയും സ്വരക്രമീകരണം

*പ്രവർത്തനം*

വ്യത്യസ്ത ചക്രങ്ങളിലെ സ്വരക്രമീകരണം പാടി അവതരിപ്പിക്കുക

പട്ടിക 3.1 : എഴുപത്തിരണ്ടു മേളകർത്താ പട്ടിക

| ചക്രത്തിന്റെ പേരും ക്രമനമ്പറും | പൂർവ്വാംഗ സ്വരങ്ങൾ | ഉത്തരാംഗ സ്വരങ്ങൾ | മേളങ്ങളും ക്രമനമ്പറും | ചക്രത്തിന്റ പേരും ക്രമനമ്പറും | പൂർവ്വാംഗ സ്വരങ്ങൾ | ഉത്തരാംഗ സ്വരങ്ങൾ | മേളങ്ങളും ക്രമനമ്പറും |
|---|---|---|---|---|---|---|---|
| 1 ഇന്ദു | രാ-ഗാ | ധാ-നാ | 1 കനകാംഗി | 7 ഋഷി | രാ-ഗാ | ധാ-നാ | 37 സാലഗം |
| | | ധാ-നി | 2 രത്നാംഗി | | | ധാ-നി | 38 ജലാർണവം |
| | | ധാ-നു | 3 ഗാനമൂർത്തി | | | ധാ-നു | 39 ഝാലവരാളി |
| | | ധി-നി | 4 വനസ്പതി | | | ധി-നി | 40 .നവനീതം |
| | | ധി-നു | 5 മാനവതി | | | ധി-നു | 41 പാവനി |
| | | ധൂ-നു | 6 താനരൂപി | | | ധൂ-നു | 42 രഘുപ്രിയ |
| 2 നേത്ര | രാ-ഗി | ധാ-നാ | 7 സേനാവതി | 8 വസു | രാ-ഗി | ധാ-നാ | 43 ഗവാംബോധി |
| | | ധാ-നി | 8 ഹനുമതോഡി | | | ധാ-നി | 44 ഭവപ്രിയ |
| | | ധാ-നു | 9 ധേനുക | | | ധാ-നു | 45ശുഭപന്തുവരാളി |
| | | ധി-നി | 10 നാടകപ്രിയ | | | ധി-നി | 46ഷഡ്വിധമാർഗ്ഗിണി |
| | | ധി-നു | 11 കോകില | | | ധി-നു | 47 സുവർണ്ണാംഗി |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ധു-നു | 12 രൂപവതി | | | ധു-നു | 48 ദിവ്യമണി |
| | | ധ-ന | 13 ഗായകപ്രിയ | | | ധ-ന | 49 ധവളാംബരി |
| | | ധ-നി | 14 വകുളാഭരണം | | | ധ-നി | 50 നാമനാരായണി |
| 3 | | ധ-നു | 15 മായാമാളവഗൗള | 9 ബ്രഹ്മ | | ധ-നു | 51 കാമവർദ്ധനി |
| അഗ്നി | ര-ഗു | ധി-നി | 16 ചക്രവാകം | | ര-ഗു | ധി-നി | 52 രാമപ്രിയ |
| | | ധി-നു | 17 സൂര്യകാന്തം | | | ധി-നു | 53 ഗമനശ്രമ |
| | | ധു-നു | 18 ഹാടകാംബരി | | | ധു-നു | 54 വിശ്വംഭരി |
| | | ധ-ന | 19 ഝങ്കാരധ്വനി | | | ധ-ന | 55 ശ്യാമളാംഗി |
| | | ധ-നി | 20 നഠഭൈരവി | 10 ദിശി | | ധ-നി | 56 ഷൺമുഖപ്രിയ |
| | | ധ-നു | 21 കീരവാണി | | | ധ-നു | 57 സിംഹേന്ദ്രമധ്യമം |
| 4 വേദ | രീ- ഗി | ധി-നി | 22 ഖരഹരപ്രിയ | | രീ-ഗി | ധി-നി | 58 ഹേമവതി |
| | | ധി-നു | 23 ഗൗരിമനോഹരി | | | ധി-നു | 59 ധർമ്മവതി |
| | | ധു-നു | 24 വരുണപ്രിയ | | | ധു-നു | 60 നീതിമതി |
| | | ധ-ന | 25 മാരരഞ്ജനി | | | ധ-ന | 61 കാന്താമണി |
| | | ധ-നി | 26 ചാരുകേശി | 11 | | ധ-നി | 62 ഋഷഭപ്രിയ |
| 5 | | ധ-നു | 27 സരസാംഗി | രുദ്ര | | ധ-നു | 63 ലതാംഗി |
| ബാണ | രീ-ഗു | ധി-നി | 28 ഹരികാംബോജി | | രീ-ഗു | ധി-നി | 64 വാചസ്പതി |
| | | ധി-നു | 29 ധീരശങ്കരാഭരണം | | | ധി-നു | 65 മേചകല്യാണി |
| | | ധു-നു | 30 നാഗാനന്ദിനി | | | ധു-നു | 66 ചിത്രാംബരി |
| | | ധ-ന | 31 യാഗപ്രിയ | | | ധ-ന | 67 സുചരിത്ര |
| | | ധ-നി | 32 രാഗവർദ്ധനി | | | ധ-നി | 68 ജ്യോതിസ്വരൂപിണി |
| | | ധ-നു | 33 ഗാംഗേയഭൂഷണി | 12 | | ധ-നു | 69 ധാതുവർദ്ധനി |
| 6 ഋതു | രൂ-ഗു | ധി-നി | 34 വാഗധീശ്വരി | ആദിത്യ | രൂ-ഗു | ധി-നി | 70 നാസികാഭൂഷണി |
| | | ധി-നു | 35 ശൂലിനി | | | ധി-നു | 71 കോസലം |
| | | ധു-നു | 36 ചലനാട്ട | | | ധു-നു | 72 രസികപ്രിയ |

### 3.5 ഭൂതസംഖ്യ

പദങ്ങൾ അക്കങ്ങളെ സൂചിപ്പിക്കുന്ന ഒരു രീതിയാണ് ഭൂതസംഖ്യ. ഭാരതത്തിലെ ഗണിതശാസ്ത്രജ്ഞരുടേയും ജ്യോത്സ്യരുടേയും ഇടയിൽ ഈ രീതി പുരാതനകാലം മുതൽക്കുതന്നെ പ്രചാരത്തിലുണ്ടായിരുന്നു. ഭൂതസംഖ്യയിൽ സംസ്കൃതപദങ്ങളാണ് ഉപയോഗിയ്ക്കുന്നത്. ചക്രങ്ങളുടെ പേരുകൾ ഭൂതസംഖ്യയെ ആധാരപ്പെടുത്തിയാണ് നല്കിയിട്ടുള്ളത്. അതിനാൽ ചക്രത്തിന്റെ പേരിൽ നിന്നു തന്നെ ചക്രത്തിന്റെ ക്രമവും മനസ്സിലാകുന്നു.

അതായത് ഇന്ദു എന്നാൽ ചന്ദ്രനെന്നർത്ഥം. ചന്ദ്രൻ ഒന്നുമാത്രമാണ്. അതുകൊണ്ട് സ്വാഭാവികമായി ഇന്ദു എന്ന വാക്ക് ഒന്ന് എന്ന സംഖ്യയെ സൂചിപ്പിക്കുന്നു. ഇതുപോലെ നേത്രം എന്നാൽ കണ്ണ്. എല്ലാ ജീവജാലങ്ങൾക്കും രണ്ടു കണ്ണുകളാണുള്ളത്. അതിനാൽ നേത്ര എന്ന പേര് രണ്ടാമത്തെ ചക്രത്തെ സൂചിപ്പിക്കുന്നു. ഇതേ രീതിയിൽ പന്ത്രണ്ടു ചക്രങ്ങൾക്കും പേരുകൾ നൽകിയിരിക്കുന്നു. അഗ്നി, വേദ, ബാണ, ഋതു, ഋഷി, വസു, ബ്രഹ്മ, ദിശി, രുദ്ര , ആദിത്യ എന്നീ പേരുകൾ മൂന്ന്, നാല്, അഞ്ച്, ആറ്, ഏഴ്, എട്ട്, ഒൻപത്, പത്ത്, പതിനൊന്ന്, പന്ത്രണ്ട് എന്നീ ചക്രങ്ങളെ സൂചിപ്പിയ്ക്കുന്നു.

*ഓർമ്മിക്കുക*

ചക്രങ്ങളുടെ പേരുകൾ

*പ്രവർത്തനം*

ഭൂതസംഖ്യ ഉപയോഗിച്ച് മേളങ്ങളിലെ സ്വരക്രമീകരണം കണ്ടുപിടിക്കുക.

**പട്ടിക 3.2 12 ചക്രങ്ങൾ**

| ക്രമ നമ്പർ | ചക്രത്തിന്റെയുടെ പേര് | ചക്രത്തിൽ ഉൾപ്പെടുന്ന മേളങ്ങൾ | ക്രമ നമ്പർ | ചക്രത്തിന്റെയുടെ പേര് | ചക്രത്തിൽ ഉൾപ്പെടുന്ന മേളങ്ങൾ |
|---|---|---|---|---|---|
| I | ഇന്ദു | 1 - 6 | VII | ഋഷി | 37 - 42 |
| II | നേത്ര | 7 - 12 | VII | വസു | 43 - 48 |
| III | അഗ്നി | 13 - 18 | IX | ബ്രഹ്മ | 49 - 54 |
| IV | വേദ | 19 - 24 | XI | ദിശി | 55 - 60 |
| V | ബാണ | 25 - 30 | XI | രുദ്ര | 61 - 66 |
| VI | ഋതു | 31 - 36 | XII | ആദിത്യ | 67 - 72 |

പ, ശ്രീ, ഗോ, ഭു, മാ, ഷ എന്നീ അക്ഷരങ്ങൾ ഒരു ചക്രത്തിലെ ഒന്നു മുതൽ ആറു വരെയുള്ള മേളങ്ങളെ സൂചിപ്പിയ്ക്കുന്നു. മേളത്തിന്റെ സൂചകാക്ഷരങ്ങൾ എന്നാണിവ അറിയപ്പെടുന്നത്. ഈ അക്ഷരങ്ങൾ ചക്രത്തിന്റെ പേരിനോടുകൂടി ചേർക്കുമ്പോൾ

മേളങ്ങളുടെ ക്രമനമ്പർ ലഭിയ്ക്കുന്നു. ഉദാഹരണത്തിന് അഗ്നി-ഗോ എന്നാൽ മൂന്നാമത്തെ ചക്രത്തിലെ മൂന്നാമത്തെ മേളം. അതായത് 15-ാമത്തെ മേളമായ മായാമാളവ ഗൗളയെ സൂചിപ്പിയ്ക്കുന്നു. ബാണ-മ എന്നത് അഞ്ചാമത്തെ ചക്രത്തിലെ അഞ്ചാമത്തെ മേളം. അതായത് 29-ാമത്തെ മേളമായ ശങ്കരാഭരണം.

### 3.6 കടപയാദിസൂത്രം

സ്വരസംജ്ഞകളുടെ ഒരു സമ്പ്രദായമാണ് കടപയാദിസൂത്രം അഥവാ കടപയാദി സംഖ്യ. മേളകർത്താരാഗങ്ങളുടെ ക്രമനമ്പർ കണ്ടുപിടിയ്ക്കുന്നതിന് കടപയാദിസൂത്രം ഉപയോഗിയ്ക്കുന്നു. സംസ്കൃതാക്ഷരങ്ങളുടെ 4 സമുച്ചയങ്ങളാണ് ഇവ - കാദിനവ (ക മുതൽ ഞ വരെയുള്ള അക്ഷരങ്ങൾ), ടാദിനവ (ട മുതൽ ന വരെയുള്ള അക്ഷരങ്ങൾ) , പാദിപഞ്ച (പ മുതൽ മ വരെയുള്ള അക്ഷരങ്ങൾ), യദ്യഷ്ട (യ മുതൽ ഹ വരെയുള്ള അക്ഷരങ്ങൾ). ഓരോ അക്ഷരവും 0 മുതൽ 9 വരെയുള്ള ഏതെങ്കിലും ഒരു സംഖ്യയെ കുറിക്കുന്നു

**പട്ടിക 3.3 കടപയാദിസൂത്രം**

| കടപയാദി സംഖ്യ | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 0 |
|---|---|---|---|---|---|---|---|---|---|---|
| കാദിനവ - ക മുതൽ ഞ വരെയുള്ള അക്ഷരങ്ങൾ | ക | ഖ | ഗ | ഘ | ങ | ച | ഛ | ജ | ഝ | ഞ |
| ടാദിനവ - ട മുതൽ ന വരെയുള്ള അക്ഷരങ്ങൾ | ട | ഠ | ഡ | ഢ | ണ | ത | ഥ | ദ | ധ | ന |
| പാദിപഞ്ച - പ മുതൽ മ വരെയുള്ള അക്ഷരങ്ങൾ | പ | ഫ | ബ | ഭ | മ | | | | | |
| യദ്യഷ്ട - യ മുതൽ ഹ വരെയുള്ള അക്ഷരങ്ങൾ | യ | ര | ല | വ | ശ | ഷ | സ | ഹ | | |

കടപയാദി സൂത്രം ഉപയോഗിച്ച് ഒരു മേളരാഗത്തിന്റെ ക്രമനമ്പർ കണ്ടുപിടിക്കുന്നതിനായി ആ രാഗത്തിന്റെ ആദ്യ രണ്ടക്ഷരങ്ങളുടെ കടപയാദി സംഖ്യ കാണുക. ഈ രണ്ടക്കങ്ങളെ വിപരീത രൂപത്തിലെടുത്താൽ പ്രസ്തുത രാഗത്തിന്റെ ക്രമസംഖ്യ ലഭിക്കുന്നതാണ്. ഉദാഹരണം - 1) 'നാഗാനന്ദിനി' എന്ന രാഗത്തിന്റെ ആദ്യത്തെ രണ്ടക്ഷരങ്ങൾ 'നാഗാ' എന്നിവയുടെ കടപയാദി സംഖ്യ കാണുക. (പട്ടിക നോക്കുക). ന = 0, ഗ = 3 എന്നിങ്ങനെ '03' എന്ന സംഖ്യ ലഭിക്കും. ഈ സംഖ്യ വിപരീത രൂപത്തിലെടുത്താൽ '30' എന്ന സംഖ്യ ലഭിക്കും. ഇതാണ് നാഗാനന്ദിനി രാഗത്തിന്റെ 72 മേളകർത്താ പദ്ധതിയിലെ ക്രമനമ്പർ. ഉദാഹരണം - 2) 'മായാമാളവഗൗള' രാഗത്തിന്റെ ആദ്യത്തെ രണ്ടക്ഷരങ്ങൾ ' മായാ' എന്നിവയുടെ കടപയാദി സംഖ്യ കാണുക. മ = 5, യ = 1 എന്നിങ്ങനെ '51' എന്ന സംഖ്യ ലഭിക്കും. ഈ സംഖ്യ വിപരീത രൂപത്തിലെടുത്താൽ മായാമാളവഗൗള രാഗത്തിന്റെ 72 മേളകർത്താ പദ്ധതിയിലെ ക്രമനമ്പർ '15' ലഭിക്കും. ഇതുപോലെ മറ്റ് മേളങ്ങളുടെയും ക്രമനമ്പർ കണ്ടുപിടിക്കാവുന്നതാണ്.

കടപയാദിസംഖ്യയെ സംഖ്യാക്ഷരങ്ങൾ എന്നും പറയാറുണ്ട്. മേളകർത്താരാഗങ്ങളുടെ ക്രമനമ്പർ കണ്ടുപിടിക്കുന്നതിന് മാത്രമേ കടപയാദിസൂത്രം ഉപയോഗിക്കാറുള്ളൂ. ജന്യരാഗങ്ങളിൽ ഇത് പ്രായോഗികമല്ല.

*ഓർമ്മിക്കുക*

കടപയാദിസംഖ്യയുടെ പ്രയോഗം

*പ്രവർത്തനം*

കടപയാദിസംഖ്യ ഉപയോഗിച്ച് മേള രാഗങ്ങളുടെ ക്രമനമ്പർ കണ്ടുപിടിക്കുക. കടപയാദി സൂത്രത്തിന്റെ പട്ടിക തയ്യാറാക്കി പ്രദർശിപ്പിയ്ക്കുക

## പഠനനേട്ടങ്ങൾ

- മേളകർത്താപദ്ധതിയിലെ 72 സമ്പൂർണ്ണരാഗങ്ങളുടെ ക്രമീകരണം മനസ്സിലാക്കുന്നു
- പൂർവ്വമേളങ്ങളേയും ഉത്തരമേളങ്ങളേയും വേർതിരിക്കുന്ന ഇരുമദ്ധ്യമങ്ങളെയും തിരിച്ചറിയുന്നു
- ചക്രത്തിലെ സ്വരക്രമീകരണം മനസ്സിലാക്കുന്നു.
- ഭൂതസംഖ്യയെ തിരിച്ചറിയുന്നു.
- കടപയാദിസൂത്രമനുസരിച്ച് മേളങ്ങളുടെ ക്രമനമ്പർ കണ്ടുപിടിയ്ക്കുന്നതിന് സാധിയ്ക്കുന്നു.
- ജനകരാഗവും ജന്യരാഗവും വേർതിരിച്ചറിയുന്നു

## മൂല്യനിർണ്ണയം

1. 72 മേളകർത്താപദ്ധതി വിവരിക്കുക.
2. ചക്രങ്ങളിലെ സ്വരക്രമീകരണം വിശദമാക്കുക
3. കടപയാദിസൂത്രമനുസരിച്ച് മേളങ്ങളുടെ ക്രമനമ്പർ കണ്ടുപിടിയ്ക്കുക.
4. വ്യത്യസ്ത മേളങ്ങളിലെ സ്വരങ്ങളുടെ വകഭേദങ്ങൾ ഭൂതസംഖ്യ ഉപയോഗിച്ച് കണ്ടുപിടിയ്ക്കുക.

## റഫറൻസ്

1. സൗത്ത് ഇൻഡ്യൻ മ്യൂസിക് - പ്രൊഫ. പി. സാംബമൂർത്തി
2. ദക്ഷിണേന്ത്യൻ സംഗീതം - ശ്രീ. എ.കെ. രവീന്ദ്രനാഥ്
3. സ്പ്ലെൻഡർ ഓഫ് സൗത്ത് ഇന്ത്യൻ മ്യൂസിക് - ഡോ. ചെല്ലദുരൈ

# യൂണിറ്റ് - 4
# താളം

U2T3T4

**പ്രധാന ആശയങ്ങൾ**

- താളത്തിന്റെ പ്രാധാന്യം
- മാർഗ്ഗിതാളങ്ങളും ദേശിതാളങ്ങളും
- താളത്തിന്റെ അംഗങ്ങളും സപ്തതാളങ്ങളുടെ അംഗങ്ങളും അക്ഷരകാലങ്ങളും
- താളത്തിൽ ഉപയോഗിക്കുന്ന സംജ്ഞകൾ
- വ്യത്യസ്ത താളങ്ങളുടെ ഉപയോഗങ്ങൾ
- ജാതിഭേദങ്ങളും സപ്തതാളങ്ങളിൽ അവയുടെ പ്രയോഗവും
- 35 താളങ്ങൾ
- ആദി താളം
- ചാപ്പുതാളങ്ങളും അവയുടെ വകഭേദങ്ങളും
- വ്യത്യസ്ത താളങ്ങളിൽ ചിട്ടപ്പെടുത്തിയിട്ടുള്ള സംഗീത രൂപങ്ങളെക്കുറിച്ചുള്ള അടിസ്ഥാനപരമായ അറിവ്

ഗീതം, വാദ്യം, നൃത്തം എന്നീ മൂന്നു കലകളുടെയും അടിസ്ഥാനഘടകമാണ് താളം. കാലയളവിനെ കൃത്യമായും ക്രമമായും കണക്കാക്കാനുപയോഗിക്കുന്ന ഒരു പ്രവൃത്തിവിശേഷമാണിത്. അതിസൂക്ഷ്മമായ കാലയളവിനെ അടിസ്ഥാനമാക്കി കൊണ്ടാണ് താളങ്ങൾ രൂപവൽക്കരിച്ചിരിക്കുന്നത്. 'ശ്രുതി മാതാ ലയ പിതാ' എന്ന വാക്യത്തിൽ നിന്ന് തന്നെ സംഗീതത്തിൽ താളത്തിന്റെ പ്രാധാന്യമെന്തെന്ന് മനസ്സിലാക്കാം. ശ്രുതിയെ മാതാവായും ലയത്തെ പിതാവായുമാണ് കണക്കാക്കുന്നത്.

പാടുമ്പോൾ കൃത്യമായ ശ്രുതിയും, കൃത്യമായ താളവും വളരെ പ്രാധാന്യമർഹിക്കുന്നു നൃത്തങ്ങളിൽ ഏറ്റവും ഉത്കൃഷ്ടമായ പരമശിവന്റെ താണ്ഡവത്തിന്റെയും പാർവ്വതിയുടെ ലാസ്യത്തിന്റെയും ആദ്യാക്ഷരങ്ങൾ കൂടി ചേർന്നാണ് താളം എന്ന വാക്ക് ഉത്ഭവിച്ചതെന്നു വിശ്വസിക്കപ്പെടുന്നു.

### 4.1 മാർഗ്ഗിതാളവും ദേശിതാളവും

താളത്തെ രണ്ടായി തരംതിരിച്ചിരിക്കുന്നു. മാർഗ്ഗി താളവും ദേശിതാളവും. മാർഗ്ഗി താളം ഏറ്റവും പുരാതനമായ താളമാണ്. ഇത് അഞ്ചെണ്ണമായതുകൊണ്ട് പഞ്ചതാളങ്ങളെന്നും പറയുന്നു. ഭഗവാൻ ശിവൻ താണ്ഡവനൃത്തം ആടിയത് മാർഗ്ഗിതാളത്തിലാണെന്ന് പറയപ്പെടുന്നു. മറ്റു താളങ്ങളെല്ലാം തന്നെ മാർഗ്ഗിതാളത്തിൽ നിന്നാണ് ഉത്ഭവിച്ചതെന്നു പറയപ്പെടുന്നു. ദേവന്മാരുടെ മുമ്പിൽ ഭരതൻ മാർഗ്ഗിതാളത്തെ അവതരിപ്പിച്ചിരുന്നുവത്രെ. വ്യത്യസ്ത ദേശങ്ങളിൽ നില നിന്നിരുന്ന താളമാണ് ദേശിതാളം. ദേശിതാളം ഉത്ഭവിച്ചത് മാർഗ്ഗിതാളത്തിൽ നിന്നാണെന്ന് ലക്ഷണഗ്രന്ഥങ്ങളിലും മറ്റും പ്രതിപാദിച്ചിരിക്കുന്നു.

*ഓർമ്മിക്കുക*

- താളത്തിന്റെ പ്രാധാന്യം
- മാർഗിതാളവും ദേശിതാളവും

### 4.2. ഷഡംഗങ്ങൾ

ഇന്ത്യൻ സംഗീതത്തിൽ ധാരാളം താളങ്ങൾ നില നിന്നിരുന്നു. ഓരോന്നിനും കൃത്യമായ പേരും അംഗങ്ങളും അവയുടെ പ്രയോഗവും നിർവചിക്കപ്പെട്ടിരുന്നു.. ഈ താളങ്ങളെല്ലാം ആറംഗങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. താളത്തിന്റെ ഈ ആറംഗങ്ങളെ ഷഡംഗങ്ങൾ എന്നു പറയുന്നു. അനുദ്രുതം, ദ്രുതം, ലഘു, ഗുരു, പ്ലുതം, കാകപാദം എന്നിവയാണ് ഷഡംഗങ്ങൾ. അവസാനത്തെ 3 അംഗങ്ങൾ 108 താളപദ്ധതിയിലും അരുണാഗിരിനാഥരുടെ തിരുപ്പുകഴ് സ്തോത്രങ്ങളിലും കാണപ്പെടുന്നു.

താഴെ തന്നിരിക്കുന്ന പട്ടികയിൽ ഷഡംഗങ്ങളുടെ അടയാളം, അക്ഷരകാലം, ക്രിയ എന്നിവയെക്കുറിച്ചു വിശദീകരിച്ചിരിക്കുന്നു.

പട്ടിക 4.1

**ഷഡംഗങ്ങൾ**

| | **അംഗങ്ങളുടെ പേര്** | **ചിഹ്നം** | **അക്ഷരകാലം** | **താളക്രിയ** |
|---|---|---|---|---|
| 1 | അനുദ്രുതം | U | 1 | ഒരടി |
| 2 | ദ്രുതം | O | 2 | ഒരടിയും, വീച്ചും |
| 3 | ലഘു | ǀ | 3,4,5,7,9 | ഒരടി, വിരലുകൾ എണ്ണൽ |
| 4 | ഗുരു | 8 | 8 | ഒരടി, വലത്തെ കൈ ചുരുട്ടിപ്പിടിച്ച് വലത്തോട്ട് വട്ടത്തിൽ ചുറ്റൽ |
| 5 | പ്ലുതം | 8 | 12 | ഒരടിയും, കൃഷ്യയും, സർപ്പിണിയും (ഓരോന്നും നന്നാലക്ഷരം വീതം) അല്ലെങ്കിൽ വലത്തെ കൈ ചുരുട്ടിപ്പിടിച്ചു വലത്തോട്ടു വട്ടത്തിൽ ചുറ്റി കീഴോട്ടു വീശലും |
| 6 | കാകപാദം | + | 16 | ഒരടി, പതാക, കൃഷ്യ, സർപ്പിണി, ഓരോന്നും നാലക്ഷരകാലം വീതം എന്നിവ അടങ്ങിയതാണ് കാകപാദം |

കൃഷ്യ - ഇടതു ഭാഗത്തു നിന്നു വലതു ഭാഗത്തേക്കു കൈ വീശുക

സർപ്പിണി - കൈ ഇടത്തോട്ടു വീശുക

പതാക - കൈ മേലോട്ടു പൊക്കുക

*ഓർമ്മിക്കുക*

ഷഡംഗങ്ങളുടെ ചിഹ്നം, അക്ഷരകാലം, താളക്രിയ എന്നിവ

*പ്രവർത്തനം*

ഷഡംഗങ്ങളുടെ വിവിധ താളക്രിയകൾ പ്രയോഗിച്ചുനോക്കുക.

## 4.3 സപ്തതാളങ്ങൾ

ദക്ഷിണേന്ത്യൻ സംഗീതത്തിലെ അടിസ്ഥാന താളങ്ങളെ സപ്തതാളങ്ങൾ എന്നു പറയുന്നു. ധ്രുവം, മഠ്യം, രൂപകം, ഝംപ, തൃപുട, അട, ഏക എന്നിവയാണ് സപ്തതാളങ്ങൾ. ഇവയെ സൂളാദി താളങ്ങൾ എന്നും പറയാറുണ്ട്. പേര്, അംഗങ്ങൾ, അക്ഷരകാലംഎന്നിവ താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 4.2

**സപ്തതാളങ്ങളും അവയുടെ അംഗങ്ങളും**

| | **താളത്തിന്റെ പേര്** | **അംഗങ്ങൾ** | **അക്ഷരകാലം** |
|---|---|---|---|
| 1 | ധ്രുവം | $1_4 0 1_4 1_4$ | 14 |
| 2 | മഠ്യം | $1_4 0 1_4$ | 10 |
| 3 | രൂപകം | $0 1_4$ | 6 |
| 4 | ഝംപ | $1_7$ U 0 | 10 |
| 5 | തൃപുട | $1_3 0 0$ | 7 |
| 6 | അട | $1_5 1_5 0 0$ | 14 |
| 7 | ഏക | $1_4$ | 4 |

*ഓർമ്മിക്കുക*

സപ്തതാളങ്ങൾ അവയുടെ അംഗങ്ങൾ, അക്ഷരകാലം എന്നിവ

*പ്രവർത്തനം*

സപ്തതാള  അലങ്കാരങ്ങൾ പാടി പരിശീലിക്കുക.

മുകളിൽ പ്രസ്താവിച്ച താളങ്ങളിൽ ഏകതാളമാണ് ഏറ്റവുംദൈർഘ്യം കുറഞ്ഞ താളം. നാരായണതീർത്ഥരുടെ സൂളാദി തരംഗങ്ങളും ഗാനവിദ്യാദുരന്ധര എന്ന ഗീതവും സപ്തതാളങ്ങളിലാണ് ചിട്ടപ്പെടുത്തിയിട്ടുള്ളത്.

സംഗീതത്തിലെ ആദ്യപാഠങ്ങൾ അഭ്യസിക്കുന്ന വിദ്യാർത്ഥികൾ സപ്തതാള അലങ്കാരങ്ങൾ വ്യത്യസ്ത രാഗങ്ങളിലും കാലങ്ങളിലും സാധകം ചെയ്യാറുണ്ട്. അലങ്കാരങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത് വ്യത്യസ്തങ്ങളായ സ്വരസമുച്ചയങ്ങൾ ആയാണ്. ഏകതാളത്തിൽ പാടാൻ ആരംഭിക്കുകയാണെങ്കിൽ അലങ്കാര പഠനം താരതമ്യേന എളുപ്പമാണ്.

രാഗം -മായാമാളവഗൗള                                        താളം- ഏക

ഒന്നാംകാലം

|| സ രി ഗ മ ||
|| രി ഗ മ പ ||
|| ഗ മ പ ധ ||
|| മ പ ധ നി ||
|| പ ധ നി സ ||
|| സ നി ധ പ ||
|| നി ധ പ മ ||
|| ധ പ മ ഗ ||
|| പ മ ഗ രി ||
|| മ ഗ രി സ ||

രണ്ടാം കാലം

|| സരിഗമ രിഗമപ ||
|| ഗമപധ മപധനി ||
|| പധനിസ സനിധപ ||
|| നിധപമ ധപമഗ ||
|| പമഗരി മഗരിസ ||

## 4.4 ലഘു ജാതികൾ

ലഘുജാതികളിൽ ലഘുവിന്റെ ജാതിക്കനുസരിച്ച് അക്ഷരകാലത്തിൽ വ്യത്യാസം വരും. തിശ്രം, ചതുരശ്രം, ഖണ്ഡം, മിശ്രം, സങ്കീർണ്ണം എന്നിങ്ങനെ 5 ലഘു ജാതികൾ ഉണ്ട് 3,4,5,7,9 എന്നിങ്ങനെയാണ് ഇതിന്റെ അക്ഷരകാലങ്ങൾ

**പട്ടിക 4.3 ലഘുജാതികൾ**

| ലഘുവിന്റെ പേര് | ചിഹ്നം | അക്ഷരകാലം | ക്രിയ |
|---|---|---|---|
| തിശ്രലഘു | $1_3$ | 3 | ഒരടി 2 വിരലെണ്ണൽ |
| ചതുരശ്രലഘു | $1_4$ | 4 | ഒരടി 3 വിരലെണ്ണൽ |
| ഖണ്ഡലഘു | $1_5$ | 5 | ഒരടി 4 വിരലെണ്ണൽ |
| മിശ്രലഘു | $1_7$ | 7 | ഒരടി 6 വിരലെണ്ണൽ |
| സങ്കീർണ്ണലഘു | $1_9$ | 9 | ഒരടി 8 വിരലെണ്ണൽ |

ലഘു എന്ന അംഗം എല്ലാ സപ്തതാളങ്ങളിലും വരുന്ന പൊതുവായ അംഗമാണ്. തിശ്രലഘു, ത്രിപുട താളത്തിലും ധ്രുവം, മഠ്യം, രൂപകം, ഏക എന്നീ താളങ്ങളിൽ ചതുരശ്രലഘുവും, ഖണ്ഡജാതിലഘു, അടതാളത്തിലും മിശ്രജാതിലഘു, ഝംപ താളത്തിലും വരുന്നു

*ഓർമ്മിക്കുക*

ലഘുജാതികൾ, അവയുടെ ചിഹ്നം, അക്ഷരകാലം, താളക്രിയ എന്നിവ

*പ്രവർത്തനം*

വിവിധ ലഘുജാതികൾ പ്രയോഗിച്ചു പരിശീലിക്കുക.

## 4.5 താളങ്ങൾ

സപ്തതാളങ്ങളാണ് വ്യത്യസ്ത ലഘുജാതികൾക്കനുസരിച്ച് 35 താളങ്ങളായി മാറുന്നത്. ലഘു എന്ന അംഗം 7 സപ്തതാളങ്ങളിലും വരുന്ന പൊതുവായ അംഗമാണ്. 5 ലഘുജാതികളുണ്ട്. തിശ്രം, ചതുരശ്രം, ഖണ്ഡം, മിശ്രം, സങ്കീർണ്ണം ഇവയ്ക്ക് 3,4,5,7,9 എന്നിങ്ങനെ അക്ഷരകാലങ്ങളാണ് ഉള്ളത്. സപ്തതാളങ്ങളിൽ ഓരോ താളവും ജാതിഭേദമനുസരിച്ച് അഞ്ച് എണ്ണം വീതമുണ്ടാകും.

ഉദാഹരണമായി സപ്തതാളങ്ങളിൽ ഒന്നാമത്തെ താളമായ ചതുരശ്രജാതി ധ്രുവ താളത്തിന്

*ജാതിഭേദം മൂലം*

1. തിശ്രജാതി ധ്രുവതാളം

2. ചതുരശ്രജാതി ധ്രുവതാളം
3. ഖണ്ഡജാതി ധ്രുവതാളം
4. മിശ്രജാതി ധ്രുവതാളം
5. സങ്കീർണ്ണ ജാതി ധ്രുവതാളം എന്നിങ്ങനെ 5 വകഭേദങ്ങൾ ഉണ്ടാകുന്നു

ഇതുപോലെ ബാക്കി 6 താളങ്ങളിലും ലഘുവിന്റെ 5 ജാതിഭേദങ്ങൾ പ്രയോഗിക്കുന്നതിലൂടെ 35 താളങ്ങൾ നമുക്ക് ലഭിക്കുന്നു. അനുദ്രുതം, ദ്രുതം, ഗുരു, പ്ലുതം, കാകപാദം എന്നിവയ്ക്ക് ജാതിഭേദം ബാധകമല്ല. ഇവയുടെ അക്ഷരകാലം എപ്പോഴും സ്ഥിരമായിരിക്കും. പുരന്ദരദാസർ (സംഗീത പിതാമഹൻ) ഈ വ്യത്യസ്ത താളങ്ങളിൽ അലങ്കാരങ്ങൾ, ഗീതങ്ങൾ, സൂളാദികൾ എന്നിവയെല്ലാം ചിട്ടപ്പെടുത്തിയിട്ടുണ്ട്. താഴെ കൊടുത്തിരിക്കുന്ന പട്ടിക 35 താളപദ്ധതിയെ കാണിക്കുന്നു. ഓരോ താളത്തിനും അഞ്ച് ജാതി ഭേദങ്ങളുണ്ട്. അതിന്റെ ഫലമായി 5x7 = 35 വ്യത്യസ്ത താളങ്ങൾ ഉണ്ടാകുന്നു.

പട്ടിക 4.4

ലഘു ജാതികൾ

| ജാതികൾ | ധ്രുവം | മഠ്യം | രൂപകം | ഝംപ | ത്രിപുട | അട | ഏക |
|---|---|---|---|---|---|---|---|
| തിശ്രം | $1_3 0 1_3 1_3$ – 11 | $1_3 0 1_3$ – 8 | $0 1_3$ – 5 | $1_3 U 0$ – 6 | $1_3 0 0$ – 7 | $1_3 1_3 0 0$ – 10 | $1_3$ – 3 |
| ചതുരശ്രം | $1_4 0 1_4 1_4$ – 14 | $1_4 0 1_4$ – 10 | $0 1_4$ – 6 | $1_4 U 0$ – 7 | $1_4 0 0$ – 8 | $1_4 1_4 0 0$ – 12 | $1_4$ – 4 |
| ഖണ്ഡം | $1_5 0 1_5 1_5$ – 17 | $1_5 0 1_5$ – 12 | $0 1_5$ – 7 | $1_5 U 0$ – 8 | $1_5 0 0$ – 9 | $1_5 1_5 0 0$ – 14 | $1_5$ – 5 |
| മിശ്രം | $1_7 0 1_7 1_7$ – 23 | $1_7 0 1_7$ – 16 | $0 1_7$ – 9 | $1_7 U 0$ – 10 | $1_7 0 0$ – 11 | $1_7 1_7 0 0$ – 18 | $1_7$ – 7 |
| സങ്കീർണ്ണം | $1_9 0 1_9 1_9$ – 29 | $1_9 0 1_9$ – 20 | $0 1_9$ – 11 | $1_9 0$ – 12 | $1_9 0 0$ – 13 | $1_9 1_9 0 0$ – 22 | $1_9$ – 9 |

35 താളങ്ങൾ വീണ്ടും ഗതിഭേദം മൂലം 175 താളങ്ങളായി മാറുന്നു. 35x5=175. 108 താളങ്ങൾ , നവസന്ധിതാളങ്ങൾ എന്നിവ വ്യത്യസ്തമായ താള സമ്പ്രദായങ്ങൾക്ക് ഉദാഹരണങ്ങളാണ്.

പട്ടിക 4.5

വിവിധ താളങ്ങളിലുള്ള സംഗീതകൃതികൾ

| നമ്പർ | പേര് | സംഗീത രൂപം | രാഗം | താളം | ഭാഷ |
|---|---|---|---|---|---|
| 1 | അനുദിനമു | കൃതി | പൂർണ്ണചന്ദ്രിക | മിശ്രഝംപ | തെലുങ്ക് |
| 2 | ചരണ മലരെ | കൃതി | യദുകുല കാംബോജി | തിശ്ര മഠ്യം | തമിഴ് |
| 3 | ദേവ ദേവ | കൃതി | ഗരുഡധ്വനി | തിശ്ര ധ്രുവം | സംസ്കൃതം |
| 4 | ധരലോ | കൃതി | ശഹാന | ഖണ്ഡ അട | തെലുങ്ക് |
| 5 | ധീം തധീം | തില്ലാന | നാഗസ്വരാവലി | തിശ്ര ത്രിപുട | തമിഴ് |
| 6 | എമിലാദമോ | കൃതി | രുദ്രപ്രിയ | ഖണ്ഡ ത്രിപുട | തെലുങ്ക് |
| 7 | എനൈകാക്ക | കൃതി | ശ്രീരഞ്ജിനി | മിശ്ര അട | തമിഴ് |
| 8 | ഇന്ദ താമദം | കൃതി | ഗരുഡപ്രിയ | ചതുരശ്ര അട | തമിഴ് |
| 9 | ഇന്നിദെ അരുൾ പുരിവായ് | കൃതി | ഹമീർ കല്യാണി | ചതുരശ്ര ഝംപ | തമിഴ് |

| | | | | | |
|---|---|---|---|---|---|
| 10 | ഇൻരുദാൻ നാൻ | കൃതി | രീതിഗൗള | ഖണ്ഡധ്രുവം | തമിഴ് |
| 11 | കാലാകാല ബാല | തില്ലാന | കാപ്പിനാരായണി | മിശ്രഏകം | തമിഴ് |
| 12 | സാമജപരഗമന | കൃതി | ഹിന്ദോളം | ചതുരശ്ര ത്രിപുട | സംസ്കൃതം |
| 13 | കരുണയ്മഴയ് | കൃതി | ആഭോഗി | ചതുരശ്ര ഏകം | തമിഴ് |
| 14 | കരുണിംപ | കൃതി | മോഹനം | ഖണ്ഡഝംപ | തെലുങ്ക് |
| 15 | മനമുതോ | കൃതി | ആഹിരി | തിശ്രഝംപ | തെലുങ്ക് |
| 16 | മംഗളം | കൃതി | ഫലമഞ്ജരി | ഖണ്ഡരൂപകം | തമിഴ് |
| 17 | നവഗ്രഹബലം | കൃതി | നീലാംബരി | സങ്കീർണ്ണഏകം | തമിഴ് |
| 18 | നീവുലേക | കൃതി | ബഹുദാരി | തിശ്ര അട | തെലുങ്ക് |
| 19 | നിത്യകല്യാണി | കൃതി | കല്യാണി | സങ്കീർണ്ണമഠ്യം | തെലുങ്ക് |
| 20 | ന്യായമോ | കൃതി | ഖരഹരപ്രിയ | സങ്കീർണ്ണത്രിപുട | തമിഴ് |
| 21 | പരമപാവന | കൃതി | ഗോപികാതിലകം | സങ്കീർണ്ണ അട | തെലുങ്ക് |
| 22 | പരിമള രംഗപതേ | കൃതി | കദനകുതൂഹലം | സങ്കീർണ്ണ | സംസ്കൃതം |
| 23 | രാമചന്ദ്രം | കൃതി | ഹംസധ്വനി | തിശ്ര ഏകം | സംസ്കൃതം |
| 24 | സാഗര ശയനുതി | കൃതി | ബേഗഡ | മിശ്ര മഠ്യം | |
| 25 | സാരസലോചനീയെ | കൃതി | ആനന്ദഭൈരവി | മിശ്ര രൂപകം | തമിഴ് |
| 26 | സപ്തസ്വരോപാസന | കൃതി | തോഡി | ചതുരശ്ര ധ്രുവം | തെലുങ്ക് |
| 27 | ശങ്കര | കൃതി | ശുദ്ധസാവേരി | ചതുരശ്ര രൂപകം | തെലുങ്ക് |
| 28 | ശങ്കരി | കൃതി | ശങ്കാരഭരണം | സങ്കീർണ്ണ ധ്രുവം | സംസ്കൃതം |
| 29 | ശൃംഗാരലീല | കൃതി | ധന്യാസി | തിശ്രരൂപകം | തെലുങ്ക് |
| 30 | സുന്ദരിയാഹ | കൃതി | ഹരികാംബോജി | മിശ്ര ത്രിപുട | തമിഴ് |
| 31 | താമരസഅക്ഷരമുനു | വർണ്ണം | ബിഹാഗ് | ചതുരശ്രമഠ്യം | തെലുങ്ക് |
| 32 | തുണൈനീയേ | കൃതി | കിരണാവലി | ഖണ്ഡമഠ്യം | തമിഴ് |
| 33 | വിമോചനം തന്നരുൾവായ് | കൃതി | ഭൈരവി | ഖണ്ഡ ഏകം | തമിഴ് |
| 34 | വിനായകാ | കൃതി | സിംഹേന്ദ്ര മധ്യമം | മിശ്ര ധ്രുവം | തെലുങ്ക് |
| 35 | യാദവോത്തമ | കൃതി | ദേവാഗാന്ധാരി | സങ്കീർണ്ണ രൂപകം | സംസ്കൃതം |

## 4.6 ആദിതാളം (ചതുരശ്ര ജാതി ത്രിപുട താളം)

താളങ്ങളിൽ പഴക്കമേറിയതും ഏറ്റവും അധികം ഉപയോഗത്തിലിരിക്കുന്നതുമായ താളമാണ് ആദിതാളം. ആദിതാളത്തിന്റെ പ്രയോഗരീതി എളുപ്പമാണ് അതുകൊണ്ട്തന്നെ ഒരു വിദ്യാർത്ഥി ആദ്യമായി പഠിക്കുന്ന പാഠങ്ങളെല്ലാം ചിട്ടപ്പെടുത്തിയിരിക്കുന്നത്

ആദിതാളത്തിലാണ്. ആദിതാളത്തിന് 8 അക്ഷരകാലമാണുള്ളത് ഒരു ചതുരശ്രജാതി ലഘുവും രണ്ടു ദ്രുതങ്ങളുമാണ് അംഗങ്ങൾ. കേരളീയ സംഗീതത്തിൽ ചെമ്പട എന്ന പേരാണ് ആദിതാളത്തിന് ഉപയോഗിക്കുന്നത്.

1 ചതുരശ്ര ലഘു + 2 ദ്രുതം ($1_4$+0+0)= 8 അക്ഷരകാലം

ഒരു അടിയും 3 വിരലെണ്ണലും ഒരടി വീച്ച്, ഒരടി വീച്ച് എന്നിങ്ങനെയാണ് താളക്രിയ. 108 താളപദ്ധതിയിൽ ഈ താളം കണ്ടു വരുന്നു. ഹരികഥ കലാകാരന്മാർ ചിപ്ലാ എന്ന ഉപകരണമാണ് ആദിതാളത്തെ കാണിക്കാനായി ഉപയോഗിച്ചിരുന്നത്. സംഗീതകച്ചേരിയിലും നൃത്തത്തിലും സാധാരണയായി കണ്ടുവരുന്ന താളമാണ് ആദിതാളം. സ്വരജതികൾ, വർണ്ണങ്ങൾ, കൃതികൾ, കീർത്തനങ്ങൾ, ജാവലികൾ, തില്ലാനകൾ തുടങ്ങി എല്ലാതരം സംഗീതരൂപങ്ങളും ആദിതാളത്തിൽ രചിക്കപ്പെട്ടിട്ടുണ്ട്.

## 4.7 ചാപ്പുതാളം

കർണ്ണാടക സംഗീതത്തിലെ വളരെ പഴക്കമേറിയതും സാധാരണ ഉപയോഗിക്കുന്നതുമായ താളമാണ് ചാപ്പുതാളം. തുല്യതയില്ലാത്ത രണ്ടു അടികളിലൂടെയാണ് ഈ താളം പ്രയോഗിക്കുന്നത്. രണ്ടാമത്തെ അടിയെ അപേക്ഷിച്ച് ഒന്നാമത്തെ അടിയ്ക്ക് അക്ഷരകാലം കുറവാണ്. അംഗങ്ങളെ വ്യക്തമാക്കാതെ വെറും അടികൾ ഉപയോഗിച്ച് പ്രകടിപ്പിക്കുന്ന താളങ്ങൾക്കാണ് ചാപ്പുതാളങ്ങളെന്നു പറയുന്നത്. സാധാരണ നാടൻ പാട്ടുകളിലും മറ്റും ഇവ കണ്ടുവരുന്നു. നൃത്തത്തിന് വളരെ അനുയോജ്യമായ താളമാണ് ചാപ്പുതാളം. മനോഹരമായ ധാരാളം പദങ്ങൾ ചാപ്പു താളത്തിൽ ചിട്ടപ്പെടുത്തിയിട്ടുണ്ട്. ചാപ്പുതാളത്തിന് 4 വകഭേദങ്ങൾ കാണപ്പെടുന്നു.

### 4.7.1 തിശ്രചാപ്പ്

തിശ്രചാപ്പ് താളത്തിന് മൂന്ന് അക്ഷരകാലമാണ്. ആദ്യത്തെ അടിയിൽ ഒരക്ഷരകാലവും രണ്ടാമത്തെ അടിയിൽ രണ്ട് അക്ഷരകാലവും ആണ് ഉള്ളത്. സംഗീതത്തിൽ വളരെ അപൂർവ്വമായി കണ്ടു വരുന്ന താളമാണിത്.

(1+2 =3 അക്ഷരകാലം)

ഉദാ, "അറുമുഖ വടിവേലവ"

### 4.7.2 ഖണ്ഡചാപ്പ്

ഖണ്ഡചാപ്പ് താളത്തിന് 5 അക്ഷരകാലമാണ്. ആദ്യത്തെ അടിക്ക് 2 അക്ഷരകാലവും രണ്ടാമത്തെ അടിക്ക് 3 അക്ഷരകാലവുമാണ് ഈ താളത്തിനുള്ളത് (2+3=5). 10 അക്ഷരകാലത്തിന്റെ പകുതിയായതുകൊണ്ട് ഈ താളത്തെ അരത്ധംപ എന്നു വിളിക്കാറുണ്ട്.

ഉദാ;- നീദയറാദു - സരസാംഗി - രാമസ്വാമിശിവൻ

ഇന്നുടയ ഭാരതെ - കല്യാണവസന്തം - പുരന്ദരദാസർ

### 4.7.3 മിശ്രചാപ്പ്

നാലുതരത്തിലുള്ള ചാപ്പു താളങ്ങളിൽ ഏറ്റവും സാധാരണയായി ഉപയോഗത്തിലുള്ളത് മിശ്രചാപ്പ് താളമാണ്. 7 അക്ഷരകാലമാണ് ഇതിനുള്ളത്. ആദ്യത്തെ അടിക്ക് 3 അക്ഷരകാലവും രണ്ടാമത്തെ അടിക്ക് 4 അക്ഷരകാലവുമാണ്. (3+4=7). ശ്യാമശാസ്ത്രികളുടെ 'നിനുവിനാഗ മരി' എന്ന പൂർവ്വികല്ല്യാണി രാഗത്തിലുള്ള കൃതി ഇതിന്റെ വിപരീത ക്രമത്തിലുള്ള താളത്തിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഈ താളത്തെ വിലോമചാപ്പ് താളം എന്ന് പറയുന്നു. ഇത് സാധാരണ ചാപ്പുതാളത്തിന്റെ നേരെ വിപരീതക്രമത്തിലാണ്.

മിശ്രചാപ്പിലുള്ള ചില കൃതികൾ

| | | | | |
|---|---|---|---|---|
| ഗോപാലകപാഹിമാം | - | രേവഗുപ്തി | - | സ്വാതിതിരുനാൾ |
| കൃപയാ പാലയ | - | ചാരുകേശി | - | സ്വാതിതിരുനാൾ |
| പരിപാഹി | - | കല്യാണി | - | സ്വാതിതിരുനാൾ |

### 4.7.4 സങ്കീർണ്ണചാപ്പ്

ഇതിന് ഒമ്പത് അക്ഷരകാലമാണുള്ളത്. ആദ്യത്തെ അടിയ്ക്ക് 4 അക്ഷരകാലവും രണ്ടാമത്തെ അടിയ്ക്ക് 5 അക്ഷരകാലവും (4+5=9). ഇത് വളരെ അപൂർവ്വമായി കാണപ്പെടുന്ന താളമാണ്. അപൂർവ്വമായി ചില പല്ലവികൾ ഈ താളത്തിൽ കാണപ്പെടുന്നു.

*ഓർമ്മിക്കുക*

ആദിതാളത്തിന്റെയും ചാപ്പുതാളത്തിന്റെയും ക്രിയകൾ.

*പ്രവർത്തനം*

വ്യത്യസ്ത താളങ്ങളുടെ ഒരു പട്ടിക തയ്യാറാക്കി അവതരിപ്പിക്കുക

**പട്ടിക 4.6**

**വ്യത്യസ്ത താളങ്ങളിലുള്ള കൃതികൾ**

| നമ്പർ | കൃതി | രാഗം | വിഗ്ഗേയകാരന്മാർ |
|---|---|---|---|
| എ | ആദിതാളം | | |
| | അഭീഷ്ടവരദ | ഹംസധ്വനി | ത്യാഗരാജ |
| | ആടമോടി ഗലദാ | ചാരുകേശി | ത്യാഗരാജ |
| | മഹാഗണപതിം | നാട്ട | മുത്തുസ്വാമിദീക്ഷിതർ |
| | വാതാപിഗണപതിം | ഹംസധ്വനി | മുത്തുസ്വാമിദീക്ഷിതർ |
| | മീനലോചനി | ധന്യാസി | ശ്യാമശാസ്ത്രി |
| | സരോജ ദളനേത്രി | ശങ്കരാഭരണം | ശ്യാമശാസ്ത്രി |
| | സാരസാക്ഷ | പന്തുവരാളി | സ്വാതിതിരുനാൾ |
| | പത്മനാഭ പാഹി | ഹിന്ദോളം | സ്വാതിതിരുനാൾ |

| | | | |
|---|---|---|---|
| | ആദിതാളം (2 കള) | | |
| | മേരു സമാന | മായാമാളവഗൗള | ത്യാഗരാജ |
| | സ്വരരാഗ | ശങ്കരാഭരണം | ത്യാഗരാജ |
| | മീനാക്ഷി | പൂർവ്വകല്യാണി | മുത്തുസ്വാമിദീക്ഷിതർ |
| | അഖിലാണ്ഡേശ്വരി | ദ്വിജാവന്തി | മുത്തുസ്വാമിദീക്ഷിതർ |
| | കനകശൈല | പുന്നാഗവരാളി | ശ്യാമശാസ്ത്രി |
| | ദേവിജഗത് | ശങ്കരാഭരണം | സ്വാതിതിരുനാൾ |
| | പാഹി ജഗത് ജനനി | വാചസ്പതി | സ്വാതിതിരുനാൾ |
| ബി | രൂപകം | | |
| | കാലഹരണമേലറ | ശുദ്ധസാവേരി | ത്യാഗരാജ |
| | രാഗരത്ന | രീതിഗൗള | ത്യാഗരാജ |
| | സുജന ജീവന | കമാസ് | മുത്തുസ്വാമിദീക്ഷിതർ |
| | ഹിരൺ മയിം | ലളിത | മുത്തുസ്വാമിദീക്ഷിതർ |
| | ഹിമാദ്രി സുതെ | കല്യാണി | ശ്യാമശാസ്ത്രി |
| | ശ്രീകമലാക്ഷി കടാക്ഷി | വസന്ത | ശ്യാമശാസ്ത്രി |
| | മാമവസദ | കാനഡ | സ്വാതിതിരുനാൾ |
| | പരിപാലയമാം | രീതിഗൗള | സ്വാതിതിരുനാൾ |
| സി | മിശ്രചാപ്പ് | | |
| | പക്കാല | ഖരഹരപ്രിയ | ത്യാഗരാജ |
| | കമലാംബ | ആനന്ദഭൈരവി | മുത്തുസ്വാമിദീക്ഷിതർ |
| | ഭജരേ രേ | കല്യാണി | മുത്തുസ്വാമിദീക്ഷിതർ |
| | നിന്നെ നമ്മി | തോഡി | ശ്യാമശാസ്ത്രി |
| | മരിവേറെ | ആനന്ദഭൈരവി | ശ്യാമശാസ്ത്രി |
| | ഗോപാലകപാഹിമാം | രേവഗുപ്തി | സ്വാതിതിരുനാൾ |
| | ജനനി മാമവ | ഭൈരവി | സ്വാതിതിരുനാൾ |
| | കാരണം വിനാകാര്യം | കാംബോജി | സ്വാതിതിരുനാൾ |
| ഡി | ഖണ്ഡചാപ്പ് | | |
| | ഗുരുലേക | ഗൗരിമനോഹരി | ത്യാഗരാജ |
| | നാദുപൈ | മധ്യമാവതി | ത്യാഗരാജ |
| | അഭയാംബിക | കേദാരഗൗള | മുത്തുസ്വാമി ദീക്ഷിതർ |
| | ധർമ്മസംവർദ്ധിനി | മധ്യമാവതി | മുത്തുസ്വാമിദീക്ഷിതർ |
| | ഭോഗീന്ദ്രശായിനം | കുന്ദളവരാളി | സ്വാതിതിരുനാൾ |

സംഗീത രൂപങ്ങളെ നിയന്ത്രിക്കുന്ന ഘടകം താളമാണ്. പല സംഗീത സമ്പ്രദായങ്ങളിലും എണ്ണമറ്റ താളങ്ങളുണ്ട് ലളിതവും സങ്കീർണവുമായ പല തരത്തിലുള്ള താളങ്ങളും അവയുടെ വകഭേദങ്ങളും നിലവിലുണ്ട്. സംഗീതത്തിന്റെ മാത്രമല്ല നൃത്തത്തിന്റേയും പ്രധാന ഘടകമാണ് താളം. താളത്തെ അടിസ്ഥാനമാക്കിയുള്ള ധാരാളം ലക്ഷണഗ്രന്ഥങ്ങളുണ്ട്. താളലക്ഷണം, താളവിധാനം, താളസമുദ്രം, താളദീപിക തുടങ്ങിയവയെല്ലാം ഉദാഹരണങ്ങളാണ്.

### പഠനനേട്ടങ്ങൾ

- സപ്തതാളങ്ങൾ അംഗങ്ങളോടും അക്ഷരകാലങ്ങളോടും കൂടി മനസ്സിലാക്കുന്നു.

- സപ്തതാളങ്ങളിലെ ജാതിഭേദങ്ങളുടെ പ്രയോഗം മനസ്സിലാക്കുന്നു
- ആദിതാളത്തെക്കുറിച്ച് അറിവു നേടുന്നു
- ചാപ്പുതാളത്തിന്റെ വകഭേദങ്ങളും ഉപയോഗങ്ങളും മനസ്സിലാക്കുന്നു

## മൂല്യനിർണ്ണയം

1. സപ്തതാളങ്ങൾ വ്യത്യസ്തകാലങ്ങളിൽ പാടുക
2. ലഘുവിന്റെ വകഭേദങ്ങൾ വിശദീകരിക്കുക
3. ലഘുജാതികൾ വിശദമാക്കുക
4. ലഘുജാതികളുടടെ അക്ഷരകാലം നിർണ്ണയിക്കുക
5. ചാപ്പുതാളത്തിന്റെ വകഭേദങ്ങളെക്കുറിച്ച് കുറിപ്പെഴുതുക.

## റഫറൻസ്


1. സൗത്ത് ഇന്ത്യൻ മ്യൂസിക്- പ്രൊഫ. സാംബമൂർത്തി
2. ദക്ഷിണേന്ത്യൻ സംഗീതം- ശ്രീ എ.കെ. രവീന്ദ്രനാഥ്
3. സ്പ്ളെന്റർ ഓഫ് സൗത്ത് ഇന്ത്യൻ മ്യൂസിക് - ഡോ.(ഫാദർ) ചെല്ലദുരൈ
4. തിയറി ഓഫ് ഇന്ത്യൻ മ്യൂസിക് - മിസ്സ് എൽ.ഐസക്

# യൂണിറ്റ് - 5
# സംഗീത രൂപങ്ങൾ

J6W9K5

**പ്രധാന ആശയങ്ങൾ**

- സംഗീതരൂപങ്ങളുടെ ഉദ്ഭവം
- സംഗീതരൂപങ്ങളുടെ വർഗ്ഗീകരണം.
- സാങ്കേതികവും സംഗീതാത്മകവുമായ രൂപങ്ങൾ
- ലക്ഷ്യ-ലക്ഷണ ഗീതങ്ങൾ
- ജതിസ്വരവും സ്വരജതിയും
- ഗീതം, ജതിസ്വരം, സ്വരജതി എന്നിവ രചിച്ച പ്രധാനപ്പെട്ട വാഗ്ഗേയകാരൻമാർ

ഇന്ത്യൻ സംഗീതത്തിലെ ഗാനരൂപങ്ങൾ വളരെക്കാലം മുൻപ് തന്നെ രൂപം കൊണ്ട വയാണ്. വേദകാലഘട്ടത്തിലെ മന്ത്രങ്ങളും അവയിൽ നിന്നു രൂപംകൊണ്ട പ്രബന്ധങ്ങളുമാണ് ഇന്ത്യൻ സംഗീതത്തിലെ ആദിമസംഗീതരൂപങ്ങൾ. പിന്നീട് ഭാഷാപരമായും സംഗീതപരമായും ഔന്നത്യമാർന്ന രൂപങ്ങളുടെ ആവിർഭാവം, പ്രബന്ധങ്ങളെ വിസ്മൃതിയിലാഴ്ത്തുന്നതിനു കാരണമായി. താള്ളപ്പാകം വാഗ്ഗേയകാരൻമാർ, പുരന്ദരദാസർ, നാരായണ തീർത്ഥർ തുടങ്ങിയവരുടെ ലളിതമായ കീർത്തനങ്ങൾ പ്രചരിക്കുകയും തുടർന്ന് 15,16,17 നൂറ്റാണ്ടുകളിൽ മറ്റനേകം വാഗ്ഗേയകാരൻമാരുടെ രചനകൾക്ക് ഇത് ഹേതുവായി ഭവിക്കുകയും ചെയ്തു.

സാഹിത്യപരമായും സംഗീതപരമായും മികവാർന്ന കൃതികളുടെ ഒരു കലവറയായാണ് ഭാരതീയ സംഗീതത്തെ വിശേഷിപ്പിക്കുന്നത്. ഈ രചനകളിൽ അടങ്ങിയിരിക്കുന്ന രസാനുഭവം, താളാത്മകത, ഭാവസമ്പുഷ്ടി എന്നിവ അവയുടെ രചനാ വൈശിഷ്ട്യത്തെ വിളിച്ചോതുന്നവയാണ്.

## 5.1. വർഗ്ഗീകരണം

പ്രാചീനകാലത്ത് തന്നെ പ്രബന്ധങ്ങളെ ഗീത-വാദ്യ-നൃത്യപ്രബന്ധങ്ങൾ എന്നിങ്ങനെ തരം തിരിച്ചിരുന്നു. വായ്പാട്ട് വീണ്ടും വൈദികം, മതേതരം എന്നിങ്ങനെ വർഗ്ഗീകരിക്കപ്പെട്ടിരുന്നു. വൈദിക ഗാനങ്ങൾ ആരാധനയ്ക്കുവേണ്ടി മാത്രമായിരുന്നു ഉപയോഗിച്ചിരുന്നത്. മതേതരമായ രചനകൾ നൃത്തനാടകങ്ങളിലും മറ്റും ഉപയോഗിക്കപ്പെട്ടു. പ്രയുക്തമായ സംഗീതത്തിൽ (Applied Music) ഉപയോഗിക്കുന്നവ, ശുദ്ധസംഗീതത്തിൽ ഉപയോഗിക്കുന്നവ എന്നിങ്ങനെ സംഗീതരൂപങ്ങൾ വീണ്ടും വിഭജിക്കപ്പെട്ടു. സാഹിത്യത്തിന് പ്രാധാന്യമുള്ള സംഗീത രൂപങ്ങളാണ് പ്രയുക്ത സംഗീതത്തിന്റെ (Applied Music) കീഴിൽ വരുന്നവ. ഓപ്പറകൾ, കാലക്ഷേപം, നാടോടിസംഗീതം എന്നീ വിഭാഗങ്ങളിൽ വരുന്ന ഗാനരൂപങ്ങൾ ഇതിനുദാഹരണങ്ങളാണ്. ശുദ്ധസംഗീത (Pure Music) രൂപങ്ങൾ ഉദാത്തങ്ങളായ ഗാനരൂപങ്ങളായാണ് വിശേഷിപ്പിക്കപ്പെടുന്നത്. വർണം, കൃതി, പദം, ജാവലി, തില്ലാന, രാഗമാലിക തുടങ്ങിയ സഭാഗാനങ്ങൾ ശുദ്ധ സംഗീതരൂപങ്ങൾ ആയി കണക്കാക്കപ്പെടുന്നു.

ഉപയോഗമനുസരിച്ച് സംഗീത രചനകളെ വൈദിക ഗാനം, നൃത്തസംഗീതം, ഓപ്പറ സംഗീതം, കാലക്ഷേപസംഗീതം എന്നീ വിഭാഗങ്ങളായി വീണ്ടും തരംതിരിച്ചിട്ടുണ്ട്.

## 5.2 സാങ്കേതിക രൂപങ്ങളും സംഗീതാത്മക രൂപങ്ങളും (Technical and Melodic Forms)

സംഗീതവിദ്യാർത്ഥികൾ അഭ്യസിക്കുന്ന പ്രാഥമിക പാഠങ്ങൾ സാങ്കേതികരൂപങ്ങളിൽ പെടുന്നവയാണ്. സ്വരാവലികൾ, ജണ്ടവരിശകൾ, മന്ദ്ര - താരസ്ഥായി വരിശകൾ, ധാട്ടു വരിശകൾ, അലങ്കാരങ്ങൾ, ഗീതങ്ങൾ, ജതിസ്വരങ്ങൾ, സ്വരജതികൾ, വർണങ്ങൾ എന്നിവ സാങ്കേതികരൂപങ്ങളിൽപ്പെടുന്ന സംഗീത രചനകളാണ്. ഈ രൂപങ്ങൾ നിരന്തരം പരിശീലിക്കുന്നത് സംഗീതത്തിന്റെ അടിസ്ഥാന പ്രമാണങ്ങളായ ശ്രുതി, സ്വരം, താളം, ലയം തുടങ്ങിയ മേഖലകളിൽ സംഗീത വിദ്യാർത്ഥികൾക്ക് പരിജ്ഞാനം ലഭിക്കുന്നതിന് സഹായകരമാണ്. പൊതുവായി ഈ രൂപങ്ങൾ 'അഭ്യാസഗാനം' എന്ന് അറിയപ്പെടുന്നു.

കൃതി, കീർത്തനം. ജാവലി, പദം, രാഗമാലിക, തില്ലാന തുടങ്ങിയ ഗാനരൂപങ്ങൾ സംഗീതാത്മക്കമായ രചനകളിൽ പെടുന്നവയാണ്. കച്ചേരികളിൽ അവതരിപ്പിക്കപ്പെടുന്ന ഇവ പൊതുവായി സഭാഗാനം എന്നറിയപ്പെടുന്നു. എന്നാൽ വർണം അഭ്യാസ ഗാനത്തിലും സഭാഗാനത്തിലും ഉൾപ്പെടുന്ന ഒരു സംഗീതരൂപമാണ്.

അഭ്യാസഗാനങ്ങളിൽ ഉൾപ്പെടുന്ന ഗാനരൂപങ്ങളിൽ ധാതു(സംഗീതം) വിനാണ് പ്രധാന്യം. സംഗീതാത്മക (Melodic) രൂപങ്ങളിൽ ധാതുവിനും മാതു (സാഹിത്യം) വിനും ഒരു പോലെ പ്രാധാന്യമുണ്ട്.

*ഓർമ്മിക്കുക*

സംഗീതരൂപങ്ങളുടെ വിഭാഗങ്ങളും ഓരോ വിഭാഗത്തിന്റെ കീഴിൽ വരുന്ന സംഗീത രചനകളും

*പ്രവർത്തനം*

സാങ്കേതിക രൂപങ്ങളെയും സംഗീതാത്മക രൂപങ്ങളെയും താരതമ്യം ചെയ്യുക

## 5.3 ഗീതം

പ്രാഥമിക പാഠങ്ങൾക്ക് ശേഷം സംഗീത വിദ്യാർത്ഥികൾ പഠിക്കുന്ന, അഭ്യാസഗാനത്തിൽ ഉൾപ്പെടുന്ന ഒരു സംഗീതരൂപമാണ് ഗീതം. 'ഗാനം' എന്നാണ് ഈ വാക്കിന്റെ അർത്ഥം. സപ്തതാള അലങ്കാരങ്ങൾക്കു ശേഷം സംഗീത വിദ്യാർത്ഥികൾ അഭ്യസിക്കുന്ന, സാഹിത്യത്തോട് കൂടിയ ആദ്യ ഗാനരൂപമാണ് ഗീതം. കർണാടക സംഗീത ത്രിമൂർത്തികൾക്ക് മുമ്പേ രചിക്കപ്പെട്ടവയാണ് മിക്ക ഗീതങ്ങളും.

ഗീതം 2 വിധത്തിലുണ്ട്. ലക്ഷ്യഗീതവും ലക്ഷണ ഗീതവും. ഇവ വളരെ ലളിതവും താളനിബദ്ധവും രാഗഭാവം നിറഞ്ഞതുമായിരിക്കും. വളരെ പ്രയാസങ്ങളായ സംഗതികളോ പ്രയോഗങ്ങളോ ഇതിൽ കാണപ്പെടുന്നില്ല.

പല്ലവി, അനുപല്ലവി, ചരണം എന്നീ അംഗങ്ങളില്ലാത്ത, തുടർച്ചയായി പാടുന്ന രീതിയാണ് ഗീതത്തിനുള്ളത്. ദൈവസ്തുതിപരമാണ് മിക്ക ഗീതങ്ങളും. മധ്യമകാലത്തിലാണ് കൂടുതൽ ഗീതങ്ങളും പാടി വരുന്നത്. സ്വരങ്ങൾ ആദ്യം പാടിയതിനുശേഷം സാഹിത്യം പ്രയോഗിക്കുന്ന രീതിയാണ് ഈ ഗാനരൂപത്തിനുള്ളത്. അർത്ഥമില്ലാത്ത ആ, നം, ഇയ, തിയ, വയ്യ തുടങ്ങിയ ഗീതാലങ്കാരങ്ങൾ ഇതിൽ കാണപ്പെടുന്നു. ഭൈരവി രാഗത്തിൽ രചിക്കപ്പെട്ട ശ്രീരാമചന്ദ്ര എന്ന ഗീതത്തിന്റെ സാഹിത്യത്തിൽ പ്രസിദ്ധങ്ങളായ സംസ്കൃത ശ്ലോകങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ ഗീതങ്ങളും സംസ്കൃതത്തിലാണ് രചിക്കപ്പെട്ടിട്ടുള്ളത്. തെലുങ്ക്, തമിഴ്, കന്നട തുടങ്ങിയ ഭാഷകളിലും ഗീതങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്. സാമാന്യ ഗീതങ്ങൾ, സാധാരണ ഗീതങ്ങൾ, സഞ്ചാരി ഗീതങ്ങൾ എന്നീ പേരുകളിലും ലക്ഷ്യ ഗീതങ്ങൾ അറിയപ്പെടുന്നു.

പുരന്ദര ദാസർ , പൈദാല ഗുരുമൂർത്തി ശാസ്ത്രി, ടൈഗർ വരദാചാരി, പെരിയ സ്വാമി തുരൻ തുടങ്ങിയവർ പ്രസിദ്ധരായ ഗീത കർത്താക്കളിൽ പെടുന്നു.

### 5.3.1 ലക്ഷണ ഗീതം

ലക്ഷ്യഗീതങ്ങളെക്കാൾ വൈവിധ്യമുള്ളതും സങ്കീർണവുമായ ഗാനരൂപങ്ങളാണ്

ലക്ഷണ ഗീതങ്ങൾ. ഏകദേശം 300 വർഷങ്ങൾക്ക് മുമ്പ് രചിക്കപ്പെട്ടവയാണിവ. ഒരു രാഗത്തിന്റെ ലക്ഷണങ്ങൾ വിവരിക്കുന്ന ഗാനരൂപമാണിത്. ലക്ഷ്യഗീതത്തിന്റെ ഘടന തന്നെയാണ് ലക്ഷണ ഗീതത്തിനും.

ലക്ഷണ ഗീതങ്ങൾ 2 വിധമുണ്ട്.

രാംഗാംഗരാഗ ലക്ഷണഗീതവും ജന്യരാഗലക്ഷണഗീതവും

രാഗാംഗരാഗലക്ഷണ ഗീതങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത് മേളകർത്താരാഗത്തിലായിരിക്കും. ഇതിൽ സൂത്രഖണ്ഡം. ഉപാംഗഖണ്ഡം, ഭാഷാംഗഖണ്ഡം എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളുണ്ടായിരിക്കും. ചില ലക്ഷണ ഗീതങ്ങളിൽ സൂത്രഖണ്ഡത്തിന്റെ ഓരോ താളവട്ടത്തിന്റെയും സാഹിത്യത്തിന്റെ ആദ്യ അക്ഷരങ്ങൾ അതാതു രാഗങ്ങളിൽ അടങ്ങിയിരിക്കുന്ന സ്വരസ്ഥാനങ്ങളുടെ സൂചനകളായിരിക്കും. ഉപാംഗഖണ്ഡത്തിൽ, ഗീതം ചിട്ടപ്പെടുത്തിയ മേളരാഗത്തിന്റെ ജന്യങ്ങളായ ഉപാംഗരാഗങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു. മൂന്നാമത്തെ ഭാഗമായ ഭാഷാംഗ ഖണ്ഡത്തിൽ ഈ മേളത്തിന്റെ ജന്യമായ ഭാഷാംഗരാഗങ്ങളുടെ പേരുകൾ പ്രതിപാദിക്കുന്നു.

ജന്യരാഗലക്ഷണ ഗീതങ്ങളിൽ മേൽപ്പറഞ്ഞഭാഗങ്ങൾ കാണപ്പെടുന്നില്ല. ഒരൊറ്റ ഭാഗം മാത്രമുള്ള ഇവ ആദ്യാവസാനം ആവർത്തനങ്ങളില്ലാതെ പാടുന്നവയാണ്. ഇവ ലക്ഷ്യഗീതങ്ങളുടെ അതേ മാതൃകയിൽ ചിട്ടപ്പെടുത്തിയിട്ടുള്ളവയാണ്. ഗീതം ഏതു ജന്യരാഗത്തിലാണോ ചിട്ടപ്പെടുത്തിയത്, ആ രാഗത്തിന്റെ ലക്ഷണങ്ങൾ സാഹിത്യത്തിൽ ലഘുവായി വിവരിക്കുന്നു. രാഗത്തിന്റെ പേര്, ജനകരാഗം, സ്വരസ്ഥാനങ്ങൾ, വർജ്യ - വക്ര സ്വരങ്ങൾ, ഗ്രഹ-അംശ-ന്യാസ സ്വരങ്ങൾ, അന്യസ്വരങ്ങൾ ഉണ്ടെങ്കിൽ അവ, വിശേഷ സഞ്ചാരങ്ങൾ എന്നിവയെല്ലാം ഈ ലക്ഷണങ്ങളിൽ ഉൾപ്പെടുന്നു. രാമാമാത്യർ, വെങ്കടമഖി, പൈദാല ഗുരുമൂർത്തി ശാസ്ത്രി, ഗോവിന്ദ ദീക്ഷിതർ തുടങ്ങിയവർ ലക്ഷണഗീതങ്ങൾ രചിച്ചിട്ടുള്ള വാഗ്ഗേയകാരൻമാ (composers) രാണ്.

ഗണപതി, മഹേശ്വരൻ, വിഷ്ണു എന്നിവരെ സ്തുതിച്ചു കൊണ്ട് പുരന്ദരദാസർ രചിച്ച ഗീതങ്ങൾ പൊതുവായി പില്ലരി ഗീതങ്ങൾ എന്നറിയപ്പെടുന്നു.

ഉദാ. ശ്രീഗണനാഥ (മലഹരി രാഗം, രൂപകതാളം). പൈദാല ഗുരുമൂർത്തി ശാസ്ത്രി, ആയിരം ഗീതങ്ങൾ രചിച്ചതായി പറയപ്പെടുന്നു. അതുകൊണ്ട് അദ്ദേഹത്തെ വെയി ഗീത ഗുരുമൂർത്തി ശാസ്ത്രി എന്നും വിശേഷിപ്പിക്കാറുണ്ട്.

*ഓർമ്മിക്കുക*

ലക്ഷ്യഗീതവും ലക്ഷണ ഗീതവും തമ്മിലുള്ള വ്യത്യാസം

*പ്രവർത്തനം*

ലക്ഷ്യ - ലക്ഷണ ഗീതങ്ങളുടെ മറ്റ് ഉദാഹരണങ്ങൾ കണ്ടുപിടിക്കുക

## ജതിസ്വരവും സ്വരജതിയും

അലങ്കാരം, ഗീതം തുടങ്ങിയ പ്രാരംഭ രൂപങ്ങൾക്ക് ശേഷം സംഗീത വിദ്യാർത്ഥികൾ അഭ്യസിക്കുന്ന ഗാനരൂപങ്ങളാണ് ജതിസ്വരവും സ്വരജതിയും. ഗീതങ്ങളേക്കാൾ വികസിതവും എന്നാൽ വർണങ്ങളുടെ സങ്കീർണതകൾ ഇല്ലാത്തതുമായ സംഗീതരൂപങ്ങളാണിവ. ഇവയ്ക്ക് പല്ലവി, അനുപല്ലവി, ചരണം എന്നീ അംഗങ്ങളുണ്ട്. ഒന്നിലധികം ചരണങ്ങൾ ഉള്ളവയാണിവ. ഓരോ ചരണവും സാധാരണ 1,2,4,8 എന്നീ താളവട്ടങ്ങളിലായിരിക്കും ചിട്ടപ്പെടുത്തിയിരിക്കുക.

## 5.4 ജതിസ്വരം

നൃത്തത്തിനുപയോഗിക്കുന്ന സംഗീത രൂപങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ജതിസ്വരം. നൃത്തക്കച്ചേരികളിൽ രണ്ടാമത് അവതരിപ്പിക്കുന്ന രൂപമാണിത്. ഈ ഗാനരൂപത്തിന് സാഹിത്യമില്ല. സ്വരങ്ങൾ മാത്രമാണ് ആലപിക്കപ്പെടുക. നൃത്തത്തിനുപയോഗിക്കുന്ന ജതികളുടെ മാതൃകയിൽ സ്വരങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നതിനാലാണ് ഇവ ജതിസ്വരമെന്ന് വിളിക്കപ്പെടുന്നത്. സ്വരപല്ലവി എന്ന പേരിലും ഈ ഗാനരൂപം അറിയപ്പെടുന്നു. മധ്യമകാലത്തിലാണ് ഇവ ആലപിക്കുക. പല്ലവി, അനുപല്ലവി, ഒന്നിലധികം ചരണങ്ങൾ എന്നീ അംഗങ്ങൾ ഇതിനുണ്ട്. കല്യാണി, ബേഗഡ, അഠാണ, സുരുട്ടി, തോടി എന്നീ 5 രാഗങ്ങളിൽ ചാപ്പുതാളത്തിൽ ശ്രീ സ്വാതിതിരുനാൾ രചിച്ച രാഗമാലികാ ജതിസ്വരം വളരെ പ്രസിദ്ധമായ ഒന്നാണ്. അതുപോലെ ബിലഹരിരാഗത്തിൽ ചിട്ടപ്പെടുത്തപ്പെട്ട സാരിഗാപാധാ- എന്നാരംഭിക്കുന്ന ജതിസ്വരവും ഈ ഗാനരൂപത്തിന് ഒരു ഉത്തമ ഉദാഹരണമാണ്. രാരവേണു എന്നു തുടങ്ങുന്ന സാഹിത്യഭാഗം ഈ ജതിസ്വരത്തോട് പിന്നീട് ചേർക്കപ്പെട്ടിട്ടുണ്ട്, പകുതി സ്വരവും പകുതി ജതിയും ഉൾപ്പെടുന്ന മുക്തായി സ്വരങ്ങളോടു കൂടിയ ജതിസ്വരങ്ങളും കാണപ്പെടുന്നുണ്ട്. ചൗക്കകാലത്തിലുള്ള ജതിസ്വരങ്ങളും രചിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവ എണ്ണത്തിൽ വളരെ കുറവാണ്.


വടിവേലു


പൊന്നയ്യ

ശ്രീസ്വാതിതിരുനാൾ തഞ്ചാവൂർ, പൊന്നയ്യ ,വടിവേലു, ശിവാനന്ദം എന്നിവർ ജതിസ്വരങ്ങൾ രചിച്ചിട്ടുള്ള പ്രസിദ്ധരായ വാഗ്ഗേയകാരൻമാരാണ്.


*ഓർമ്മിക്കുക*

ജതിസ്വരത്തിന്റെ പ്രത്യേകതകൾ


*പ്രവർത്തനം*

ജതിസ്വരത്തിന്റെ മറ്റ് ഉദാഹരണങ്ങൾ കണ്ടുപിടിക്കുക.

## 5.5 സ്വരജതി



ശ്യാമാശാസ്ത്രി

അഭ്യാസഗാനത്തിൽപെടുന്ന മനോഹരമായ ഗാനരൂപമാണ് സ്വരജതി. ഗീതങ്ങൾക്കു ശേഷവും വർണങ്ങൾക്കു മുമ്പുമാണ് സംഗീത വിദ്യാർത്ഥികൾ ഇവ അഭ്യസിക്കുന്നത്. ഇവയ്ക്ക് പല്ലവി, അനുപല്ലവി, ചരണം എന്നീ അംഗങ്ങളുണ്ട്. വ്യത്യസ്ത ധാതുവിലാണ് ഇവയുടെ ചരണം ആലപിക്കപ്പെടുന്നത്. ചില സ്വരജതികളിൽ പല്ലവിയും ചരണവും മാത്രമേ കാണപ്പെടുന്നുള്ളൂ. സംഗീതപരമായി ജതിസ്വരങ്ങളേക്കാളും മികച്ചു നിൽക്കുന്ന ഗാനരൂപങ്ങളാണിവ. സാഹിത്യ ഘടനയിൽ ഗീതത്തോട് സാദൃശ്യം പുലർത്തുന്നവയാണ് സ്വരജതികൾ. ദൈവസ്തുതിയോ വീരാരാധനയോ, ശൃംഗാര രസപ്രധാനമോ ആയിരിക്കും ഇതിന്റെ പ്രമേയം. ഇവ അഭ്യാസ ഗാനത്തിൽപ്പെടുന്നവയാണെങ്കിലും നൃത്തകച്ചേരികളിലും ഈ ഗാനരൂപം ഉപയോഗിക്കപ്പെടുന്നു. സഭാഗാനത്തിന്റെ പദവിയിലേയ്ക്ക് സ്വരജതിയെ ഉയർത്തിയ വാഗ്ഗേയകാരനാണ് ശ്രീ ശ്യാമശാസ്ത്രി. തെലുങ്ക് ഭാഷയിൽ തോടി, ഭൈരവി, യദുകുല കാംബോജി എന്നീ രാഗങ്ങളിൽ ശ്യാമാശാസ്ത്രി രചിച്ച 3 സ്വരജതികൾ കർണാടക സംഗീതത്തിലെ അത്യുജ്ജലങ്ങളായ രചനകളായി നിലകൊള്ളുന്നു.

ശ്യാമാശാസ്ത്രി, സ്വാതി തിരുനാൾ, തഞ്ചാവൂർ പൊന്നയ്യ, പച്ചിമിരിയം ആദി അപ്പയ്യ എന്നിവർ സ്വരജാതികൾ രചിച്ചിട്ടുള്ള പ്രമുഖരായ വാഗ്ഗേയകാരൻ (composers) മാരാണ്.

*ഓർമ്മിക്കുക*

സ്വരജതികളുടെ പ്രത്യേകതകൾ

*പ്രവർത്തനം*

- വാഗ്ഗേയകാരൻമാരുടെ പേരുകൾ സഹിതം സ്വരജതികൾക്ക് ഉദാഹരണം നൽകുക
- ഗീതം, ജതിസ്വരം,. സ്വരജതി എന്നിവ രചിച്ചിട്ടുള്ള വാഗ്ഗേയകാരൻമാരുടെ പട്ടിക തയ്യാറാക്കുക അല്ലെങ്കിൽ ഇവയെ ആധാരമാക്കി ഒരു പവർപോയിന്റ് അവതരണം നടത്തുക.

### പഠനനേട്ടങ്ങൾ

- സംഗീതരൂപങ്ങളുടെ ആവിർഭാവത്തെക്കുറിച്ച് അറിവ് ലഭിക്കുന്നു.
- പ്രബന്ധത്തിന്റെ വർഗ്ഗീകരണം (ഗീത-വാദ്യ-നൃത്ത്യ പ്രബന്ധങ്ങൾ) മനസ്സിലാക്കുന്നു.

- ഉപയോഗമനുസരിച്ച് സംഗീത രചനകളെ വർഗ്ഗീകരിക്കുന്നതിന് കഴിയുന്നു.
- ലക്ഷ്യ- ലക്ഷണ ഗീതങ്ങളെ മനസ്സിലാക്കുന്നു.
- സ്വരജതി, ജതിസ്വരങ്ങൾ എന്നിവയുടെ പ്രത്യകതകൾ മനസ്സിലാക്കുന്നു
- ഗീതം, സ്വരജതി, ജതിസ്വരം എന്നിവ രചിച്ച വാഗ്ഗേയകാരൻമാരെ തിരിച്ചറിയുന്നു.

### മൂല്യനിർണയം

1. പ്രബന്ധങ്ങളെ നിർവചിക്കുക
2. പ്രബന്ധങ്ങളുടെ മൂന്ന് വിഭാഗങ്ങൾ ഏവ?
3. പ്രയുക്ത സംഗീതവും ശുദ്ധസംഗീതവും നിർവചിക്കുക. അവയ്ക്ക് യുക്തമായ ഉദാഹരണങ്ങൾ നൽകുക.
4. സാങ്കേതിക- ശ്രുതിമധുര രൂപങ്ങളെ താരതമ്യം ചെയ്യുക.
5. ലക്ഷ്യഗീതങ്ങളുടെ പ്രത്യേകതകൾ വിവരിക്കുക
6. ലക്ഷണഗീതത്തെ പറ്റി വിശദമായി പ്രതിപാദിക്കുക
7. സ്വരജതിയും ജതിസ്വരവും തമ്മിൽ താരതമ്യപ്പെടുത്തുക

### റഫറൻസ്

1. തിയറി ഓഫ് ഇൻഡ്യൻ മൂസിക്- മിസ്സ്. എൽ. ഐസക്
2. സൗത്ത് ഇന്ത്യൻ മ്യൂസിക്- പ്രൊഫ. പി. സാംബമൂർത്തി
3. സ്പ്ലെൻഡർ ഓഫ് മ്യൂസിക് - ഡോ. ചെല്ലദുരൈ.

# യൂണിറ്റ് - 6
# വാഗ്ഗേയകാരന്മാർ

G7R2E6



## 1. പുരന്ദരദാസർ (1484–1564)

**പ്രധാന ആശയങ്ങൾ**

- ബാല്യവും വിദ്യാഭ്യാസവും
- വഴിത്തിരിവ്
- സന്ന്യാസി, വാഗ്ഗേയകാരൻ, ധർമ്മോപദേശകൻ
- സംഗീത സംഭാവനകൾ
- സംഗീത പിതാമഹന്
- അടിസ്ഥാന സ്വാരാവലികളുടെ ചിട്ടപ്പെടുത്തൽ



*ഹംപി*

### 6.1.1 ബാല്യവും വിദ്യാഭ്യാസവും

വാഗ്ഗേയകാരൻമാരുടെ വിവിധ രൂപങ്ങളിലുള്ള സംഗീതരചനകളാണ് കർണാടക സംഗീതത്തെ ഇന്നത്തെ നിലയയിൽ രൂപപ്പെടുത്തതിൽ ഒരു പ്രധാന കാരണം. ഒരേ സമയം വാക്കും (സാഹിത്യം), ഗേയവും (സംഗീതം) നിർവഹിക്കുന്നവരാണ്‌വാഗ്ഗേയകാരൻമാർ. അരുണ ഗിരി നാഥൻ, തായുമാനവർ, സൂർദാസ്, തുളസീദാസ്, മീരാഭായി, തുടങ്ങിയ അനേകം വാഗ്ഗേയകാരന്മാരുടെ രചനകൾ പിറവി കൊണ്ടത്, ഭക്തിപ്രസ്ഥാനം ശക്തിപ്രാപിച്ച 14, 15, 16 നൂറ്റാണ്ടുകളിലാണ്. ദക്ഷിണേന്ത്യൻ വാഗ്ഗേയകാരന്മാരിൽ പ്രമുഖനായ പുരന്ദരദാസർ ജീവിച്ചിരുന്നതും തന്റെ കൃതികൾകൊണ്ട് കർണാടക സംഗീതത്തിന് ഒരു സമ്പ്രദായം രൂപപ്പെടുത്തിയതും ഇതേ കാലഘട്ടത്തിലാണ്.

വടക്കൻ കർണാടകയിലെ ഹംപി എന്ന പ്രദേശത്ത് 1484 – ൽ ആണ് പുരന്ദരദാസരുടെ ജനനം. വരദപ്പനായിക്കും കമലാംബയുമായിരുന്നു മാതാപിതാക്കന്മാർ. തിരു

പ്പതിയിലെ ദേവനെ സ്തുതിച്ചുകൊണ്ട് നടത്തിയ നിരന്തരമായ പ്രാർത്ഥനയുടെയും വഴിപാടുകളുടെയും ഫലമായാണ് അദ്ദേഹം ജനിച്ചതെന്ന് പറയപ്പെടുന്നു. അതുകൊണ്ട് തന്നെ 'ശ്രീനിവാസൻ' എന്നപേരാണ് അദ്ദേഹത്തിന് നൽകപ്പെട്ടത്. മാതാപിതാക്കൾ അദ്ദേഹത്തെ 'സിന്നപ്പ' എന്ന് വിളിച്ചു. സംഗീതം, വേദപുരാണങ്ങൾ, കന്നട, സംസ്കൃതം തുടങ്ങിയ ഭാഷകൾ എന്നിവയിലെല്ലാം വളരെ ചെറുപ്പത്തിൽ തന്നെ അദ്ദേഹം വിദഗ്ധ പരിശീലനം നേടി. 16 -ാം വയസ്സിൽ അദ്ദേഹം വിവാഹിതനായി. 20 -ാം വയസ്സിൽ മാതാപിതാക്കളെ നഷ്ടപ്പെട്ട അദ്ദേഹം, രത്നവ്യാപാരിയായിരുന്ന പിതാവിന്റെ ഭാരിച്ച സ്വത്തിനുടമയായി ത്തീർന്നു. പിതാവിന്റെ പാത പിന്തുടർന്ന അദ്ദേഹവും നല്ലൊരു വ്യാപാരിയായി അറിയപ്പെട്ടു.

### 6.1.2 വഴിത്തിരിവ്

തന്റെ ഇരുപതാമത്തെ വയസ്സിൽ ഉണ്ടായ ഒരു സംഭവം പുരന്ദരദാസരെ, ആത്മീയതയും ഭക്തിയും നിറഞ്ഞ ഒരു ജീവിതം നയിക്കുന്നതിന് പ്രേരകമായി എന്ന് പറയപ്പെടുന്നു. സഹായമഭ്യർത്ഥിച്ചു വന്ന ഒരു ദരിദ്ര ബ്രാഹ്മണനെ അദ്ദേഹം പല പ്രാവശ്യം ഒന്നും നൽകാതെ തിരിച്ചയച്ചു. ബ്രാഹ്മണനാകട്ടെ, പുരന്ദരദാസരുടെ പത്നി സരസ്വതിഭായിയോട് സങ്കടം പറയുകയും അവർ തന്റെ വൈരമൂക്കുത്തി അദ്ദേഹത്തിന് നൽകുകയും ചെയ്തു. വൈരമൂക്കുത്തി വിൽക്കുന്നതിന് ബ്രാഹ്മണൻ പുരന്ദരദാസരുടെ അടുക്കൽ വരികയും സംശയം തോന്നിയ ദാസർ, തന്റെ പത്നിയുടെ മൂക്കുത്തി കൊണ്ടു വരുന്നതിന് ഒരു ദൂതനെ അയയ്ക്കുകയും അവർ ആത്മഹത്യയ്ക്ക് മുതിരുകയും ചെയ്തു. വിഷം നിറച്ച പാത്രത്തിൽ നിന്നും ഒരു വൈരമൂക്കുത്തി ലഭിച്ചുവെന്നും വസ്തുതകൾ തിരിച്ചറിഞ്ഞ പുരന്ദരദാസർ പശ്ചാത്താപ ഭരിതനായി തന്റെ ജീവിത രീതികൾ ഉപേക്ഷിച്ച് പുതിയൊരു മനുഷ്യനായി മാറുകയും ചെയ്തുവെന്നാണ് പറയപ്പെടുന്നത്. പിന്നീടദ്ദേഹം വിജയനഗരത്തിൽ എത്തുകയും വ്യാസരായരുടെ ശിഷ്യനായിത്തീരുകയും ചെയ്തു. അതിനുശേഷമാണ് അദ്ദേഹം ഹരിദാസനായ പുരന്ദരദാസർ എന്ന് വിളിക്കപ്പെട്ടത്. ധർമ്മോപദേശകൻ, കവി, സംഗീതജ്ഞൻ എന്നീ നിലകളിലെല്ലാം അദ്ദേഹം പ്രശസ്തനായി.

തന്റെ സംഗീത രചനകളിലൂടെ സദ്ചിന്തകളും ലാളിത്യവും നിറഞ്ഞ ജീവിത മാതൃകകൾ അദ്ദേഹം ജനങ്ങൾക്ക് നൽകി. ലക്ഷ്യവും അർത്ഥവും മനസ്സിലാക്കാതെ മതാധിഷ്ഠിത ചടങ്ങുകൾ നടത്തുന്നതിനെ അദ്ദേഹം എതിർത്തിരുന്നു. ഒരാളുടെ ജാതിയോ മതമോ ഏതുമാകട്ടെ, ആത്മീയതയിലൂന്നിയുള്ള ഭക്തിമാർഗത്തിലൂടെ പരമാത്മാവിനെ സ്വായത്തമാക്കാമെന്ന് അദ്ദേഹം പഠിപ്പിച്ചു. പ്രഹ്ളാദൻ, ശബരി, വിഭീഷണൻ, ദ്രൗപതി, അഹല്യ മുതലായവരുടെ ഉദാഹരണങ്ങളിലൂടെ അദ്ദേഹം ഇത് സമർത്ഥിക്കുകയും ചെയ്തു.

### 6.1.3 സംഗീത സംഭാവനകൾ

അഠാണ രാഗത്തിലുള്ള 'മൊസഹോദനല്ലൊ' എന്ന കൃതിയാണ് അദ്ദേഹം ആദ്യമായി രചിച്ചത്. താൻ വ്യർത്ഥമാക്കിയ വർഷങ്ങളെക്കുറിച്ച് പുരന്ദരദാസർ ഈ

കൃതിയുടെ ചരണത്തിൽ വിവരിക്കുന്നുണ്ട്. ലളിതമായ അനേകം കീർത്തനങ്ങൾ അദ്ദേഹം രചിച്ചു. 'വസുദേവനാമാവലി' എന്ന തന്റെ മുഖാരി രാഗകൃതിയിൽ, 4,75,000 കൃതികൾ അദ്ദേഹം രചിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ കൃതികൾ, 'ദേവർ നാമങ്ങൾ' അല്ലെങ്കിൽ 'ദാസർ പദങ്ങൾ' എന്ന പേരിലറിയപ്പെടുന്നു. ലളിതമായ രാഗങ്ങളിലും ആദി, രൂപകം, ചാപ്പ് തുടങ്ങിയ താളങ്ങളിലുമാണ് ഏറെ കൃതികളും ചിട്ടപ്പെടുത്തിയിരിക്കുന്നത്. ദ്വിജാവന്തി, വസന്ത, ഭൈരവി, മധുമാധവി തുടങ്ങിയ അപൂർവരാഗങ്ങളിലുള്ള കൃതികളും അദ്ദേഹത്തിന്റേതായിട്ടുണ്ട്. പുരാണങ്ങളിൽ നിന്നും പഴംചൊല്ലുകളിൽ നിന്നും ഉള്ള ഉദ്ധരണികൾ അദ്ദേഹം തന്റെ കൃതികളിൽ ധാരാളമായി ഉൾപ്പെടുത്തിയിരുന്നു. 'പുരന്ദരവിഠല' എന്നതായിരുന്നു അദ്ദേഹം തന്റെ കൃതികളിൽ മുദ്രയായി സ്വീകരിച്ചിരുന്നത്.

### 6.1.4 കർണ്ണാടകസംഗീത പിതാമഹൻ/ആദിഗുരു

സംഗീതാഭ്യസത്തിന് ഒരു പാഠ്യപദ്ധതി ഉണ്ടാക്കി എന്നതാണ് അദ്ദേഹം കർണാടക സംഗീതത്തിന് നൽകിയ ഏറ്റവും മികച്ച സംഭാവന. സ്വരാവലികൾ, അലങ്കാരങ്ങൾ, ഗീതങ്ങൾ, സൂളാദികൾ, പ്രബന്ധങ്ങൾ എന്നിവ രചിക്കുക വഴി സംഗീതത്തിന് നിയതമായ ഒരു അടിസ്ഥാനം നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞു. ദക്ഷിണേന്ത്യയിൽ സംഗീതാഭ്യസത്തിന് 'മായാമാളവഗൗള' അടിസ്ഥാനരാഗമായി രൂപപ്പെടുത്തിയത് അദ്ദേഹമാണ്. ശങ്കരാഭരണത്തിന് സമാനമായ 'ബിലാവൽ' അല്ലെങ്കിൽ 'മേജർ ഡയാടോണിക് സ്കെയിൽ' ആണ് ഹിന്ദുസ്ഥാനി സംഗീതത്തിലും പാശ്ചാത്യസംഗീതത്തിലും അടിസ്ഥാനരാഗമായി യഥാക്രമം നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. സ്പതതാളങ്ങളിൽ ഗീതങ്ങളുടെ ഛായയിൽ സൂളാദികൾ രചിക്കുകയും ഈ താളങ്ങൾ പിന്നീട് സൂളാദി സപ്തതാളങ്ങൾ എന്ന പേരിലറിയപ്പെടുകയും ചെയ്തു. കർണാടക സംഗീതത്തിന് നൽകിയ സംഭാവനകളെ മുൻനിർത്തി, 'കർണാടക സംഗീത പിതാമഹൻ' അല്ലെങ്കിൽ 'ആദിഗുരു' എന്ന പേരിലദ്ദേഹം അറിയപ്പെടുന്നു. അദ്ദേഹം ആവിഷ്കരിച്ചു നടപ്പിലാക്കിയ പാഠ്യപദ്ധതിയാണ് കർണാടക സംഗീതാഭ്യസത്തിന് ഇന്നും പിന്തുടരുന്നത്.

സംസ്കൃതഭാഷയിലല്ലാതെ പ്രാദേശികഭാഷയിൽ ആദ്യമായി കൃതികൾ രചിച്ചത് അദ്ദേഹമാണ്. മാതൃഭാഷയായ കന്നടയിൽ കൃതികൾ രചിക്കുന്നതാണ് കൂടുതൽ ജനങ്ങളിലേക്ക് തന്റെ രചനകൾ എത്തുന്നതിന് സഹായകമാവുക. എന്നദ്ദേഹം വിശ്വസിച്ചു.

തന്റെ മക്കളോടൊപ്പം തംബുരു മീട്ടി തെരുവിലൂടെ ഭജനകൾ നടത്തുന്നത് അദ്ദേഹം പതിവാക്കിയിരുന്നു. തന്റെ 80 -ാം വയസ്സിൽ തുംഗഭദ്രാ നദീതീരത്തുള്ള ഹംപി മണ്ഡപത്തിൽ വച്ച് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. ഈ മണ്ഡപം ഇപ്പോൾ പുരന്ദരദാസ മണ്ഡപം എന്ന പേരിലാണ് അറിയപ്പെടുന്നത്.

*ഓർമ്മിക്കുക*

- പുരന്ദരദാസരുടെ സംഭാവനകൾ
- കർണാടക സംഗീത പിതാമഹൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ സ്ഥാനം

### പ്രവർത്തനം

ആകസ്മികമായി ജീവിതത്തിൽ വഴിത്തിരിവുകൾ സംഭവിച്ച മറ്റ് പ്രതിഭകളുടെ ജീവിതത്തെ കുറിച്ച് ചർച്ച ചെയ്യുക.

അരുണഗിരിനാഥർ, തായുമാനവർ, മീരാഭായി എന്നിവരുടെ ജീവിതവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുക.

### പഠനനേട്ടങ്ങൾ

- പുരന്ദരദാസരുടെ ജീവിതത്തെക്കുറിച്ച് അറിവ് നേടുന്നു.
- മാതൃഭാഷയുടെ പ്രാധാന്യം മനസ്സിലാക്കുന്നു.
- കർണാടക സംഗീതത്തിന് പാഠ്യപദ്ധതി രൂപപ്പെടുത്തിയ വാഗ്ഗേയകാരനെ തിരിച്ചറിയുന്നു.
- പുരന്ദരദാസരുടെ സംഗീത സംഭാവനകളെക്കുറിച്ച് ഒരു രൂപരേഖ ലഭിക്കുന്നു.

### മൂല്യനിർണ്ണയം

1. പുരന്ദരദാസരുടെ ബാല്യം, വിദ്യാഭ്യാസം എന്നിവയെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.
2. പുരന്ദരദാസർ ഒരു സന്യാസിയും വാഗ്ഗേയകാരനും ആകാൻ ഇടയായിത്തീർന്ന സംഭവം വിവരിക്കുക.
3. കർണ്ണാടക സംഗീത പിതാമഹൻ എന്ന് പുരന്ദരദാസരെ വിശേഷിപ്പിക്കുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കുക.

### റഫറൻസ്:

1. ഗ്രേറ്റ് കംപോസേഴ്സ് - പ്രൊഫ. പി.സാംബമൂർത്തി
2. ദ തിയറി ഓഫ് ഇന്ത്യൻ മ്യൂസിക്ക് - മിസ്സ്. ഐസക്ക്
3. ദക്ഷിണേന്ത്യൻ സംഗീതം (ഭാഗം - 1) - എ.കെ.രവീന്ദ്രനാഥ്

## 2. മഹാരാജ സ്വാതീതിരുനാൾ (1813–1847)



### പ്രധാന ആശയങ്ങൾ

- ബാല്യവും വിദ്യാഭ്യാസവും
- ബഹുമുഖ പ്രതിഭ
- അദ്ദേഹത്തെ സ്വാധീനിച്ച വ്യക്തിത്വങ്ങൾ
- സംഭാവനകൾ
- സമൂഹകൃതികൾ
- നവരാത്രികൃതികൾ
- നവവിധ ഭക്തി കൃതികൾ
- ഘനരാഗകൃതികൾ
- രാഗമാലികകൾ
- ഉത്സവ പ്രബന്ധം
- മറ്റു രചനകൾ

രാജാക്കൻമാരിലെ സംഗീതജ്ഞൻ, സംഗീതജ്ഞരിലെ രാജാവ് എന്നീ നിലകളിലാണ് സ്വാതിതിരുനാൾ വിശേഷിപ്പിക്കപ്പെടുന്നത്. പ്രഗൽഭരായ സംഗീതജ്ഞരെ തന്റെ ആസ്ഥാനവിദ്വാൻമാരാക്കുകയും അനേകം സംഗീതകൃതികൾ രചിക്കുകയും സംഗീതജ്ഞരേയും വാഗ്ഗേയകാരന്മാരേയും പ്രോത്സാഹിപ്പിക്കുകയും സംഗീതാഘോഷങ്ങൾ സംഘടിപ്പിക്കുകയും തിരുവിതാംകൂറിനെ സംഗീതകേന്ദ്രമാക്കി മാറ്റുകയും ചെയ്ത ഭരണാധികാരിയായിരുന്നു അദ്ദേഹം.



*റാണി ഗൗരി ലക്ഷ്മീ ഭായി*

### 6.2.1. ബാല്യവും വിദ്യാഭ്യാസവും

1813, ഏപ്രിൽ 16 – നാണ് സ്വാതിതിരുനാൾ ജനിച്ചത്. ഗൗരി ലക്ഷ്മീഭായി തമ്പുരാട്ടിയും രാജരാജവർമ്മ കോയി തമ്പുരാനുമായിരുന്നു മാതാപിതാക്കൾ. മാതാവിന്റെ ഉദരത്തിലായിരിക്കുമ്പോൾ തന്നെ കിരിടാവകാശിയായി നിശ്ചയിക്കപ്പെട്ടിരുന്നതിനാൽ 'ഗർഭശ്രീമാൻ'എന്ന് അദ്ദേഹം വിളിക്കപ്പെട്ടു. തന്റെ രണ്ടാമത്തെ വയസ്സിൽ മാതാവിനെ നഷ്ടപ്പെട്ട സ്വാതിതിരുനാളിനെ വളർത്തിയത് ഇളയമ്മയായ റാണി പാർവതി ഭായിയാണ്.

വളരെ ചെറുപ്പത്തിൽത്തന്നെ ടി. സുബ്ബറാവുവിൽ നിന്നും ഇംഗ്ലീഷ് അഭ്യസിച്ച സ്വാതിതിരുനാൾ, സംസ്കൃതം, ഹിന്ദി, മറാത്തി, പേർഷ്യൻ തുടങ്ങി പതിനെട്ടോളം ഭാഷകളിൽ പ്രാവീണ്യം കരസ്ഥമാക്കി. കലാതൽപരനായ അദ്ദേഹം, കരമന സുബ്രഹ്മണ്യ ഭാഗവതർ, പദ്മനാഭ ഭാഗവതർ എന്നിവരിൽ നിന്നും സംഗീതം അഭ്യസിക്കുകയും നല്ലൊരു കവി, ഗായകൻ, വാഗ്ഗേയകാരൻ എന്നീ നിലകളിൽ അറിയപ്പെടുകയും ചെയ്തു. 1829 – ൽ തന്റെ 16 –ാമത്തെ വയസ്സിൽ തിരുവതാംകൂറിന്റെ ഭരണാധികാരിയായി അദ്ദേഹം അവരോധിക്കപ്പെട്ടു.

### 6.2.2 ബഹുമുഖപ്രതിഭ

തിരുവിതാംകൂറിന്റെ ഭരണാധികാരി എന്ന നിലയിൽ അനേകം റോഡുകളും കനാലുകളും അദ്ദേഹം നിർമിച്ചു. തിരിവനന്തപുരത്തെ വാനനിരീക്ഷണ കേന്ദ്രം സ്ഥാപിച്ചതും അലോപ്പതി ചികിത്സ ഇവിടെ അവതരിപ്പിച്ചതും പ്രതിരോധകുത്തിവയ്പ്പ് ആരംഭിച്ചതും ഇംഗ്ലീഷ് വിദ്യാഭ്യാസം സ്കൂളിൽ പ്രചരിപ്പിച്ചതും സ്വാതിതിരുനാളിന്റെ ഭരണനേട്ടങ്ങളിൽ ചിലതു മാത്രമാണ്.

സംഗീത- സാഹിത്യ രംഗങ്ങളിലെ പണ്ഡിതർ അദ്ദേഹത്തിന്റെ രാജസഭയിൽ അംഗങ്ങളായിരുന്നു. ഇരയിമ്മൻ തമ്പി, ദീക്ഷിതർ ശിഷ്യരായ വടിവേലു, ചിന്നയ്യ, പൊന്നയ്യ, ശിവാനന്ദം എന്നീ സഹോദരന്മാർ, ഹരികഥാ കാലക്ഷേപത്തിൽ പ്രാഗത്ഭ്യം തെളിയിച്ച മേരുസ്വാമി, ഹിന്ദുസ്ഥാനി സംഗീതജ്ഞരായ അലാവുദ്ദീൻ, സുലൈമാൻ എന്നിവർ അദ്ദേഹത്തിന്റെ ദർബാറിലെ അംഗങ്ങളായിരുന്നു. സ്വാതി തിരുനാളിന്റെ ജനനസമയത്ത് ഇരയിമ്മൻ തമ്പി രചിച്ച 'ഓമനതിങ്കൾ കിടാവോ' എന്ന താരാട്ട് പാട്ട് വളരെ പ്രസിദ്ധമാണ്.


പരമേശ്വര ഭാഗവതർ


ഷട്കാല ഗോവിന്ദമാ


മേരുസ്വാമി


ഇരയിമ്മൻ തമ്പി

*ഓർമ്മിക്കുക*

- സ്വാതിതിരുനാളിന്റെ ബാല്യം, വിദ്യാഭ്യാസം, ബഹുമുഖ നൈപുണ്യം
- അദ്ദേഹത്തിന്റെ രാജസദസിൽ അംഗങ്ങളായിരുന്ന സംഗീത - സാഹിത്യ പ്രതിഭകൾ..

*പ്രവർത്തനം*

'ഓമനത്തിങ്കൾ കിടാവോ' എന്ന താരാട്ടുപാട്ട് ആലപിക്കുക

### 6.2.3 സംഭാവനകൾ

സംഗീത - സാഹിത്യാദി കലകളിൽ അഗാധപാണ്ഡിത്യമുണ്ടായിരുന്ന സ്വാതിതിരുനാൾ അനേകം സംഗീത കൃതികൾ രചിച്ചിട്ടുണ്ട്. മാർഗദർശി ശേഷയ്യങ്കാരുടെ കൃതികൾ അദ്ദേഹത്തെ ശക്തമായി സ്വാധീനിച്ചിരുന്നു. സ്വരജതി, ജതിസ്വരം, താനവർണ്ണങ്ങൾ, പദവർണ്ണങ്ങൾ, പദം, ജാവലി, തില്ലാന, ഹിന്ദുസ്ഥാനി സംഗീതരൂപങ്ങൾ തുടങ്ങി വ്യത്യസ്തങ്ങളായ അനേകം ഗാനങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്.

**പട്ടിക 6.2.1 സ്വാതിതിരുനാൾ കൃതികൾ**

| | | |
|---|---|---|
| 1 | കൃതി | 191 |
| 2 | പദം | 66 |
| 3 | ഭജൻ | 9 |
| 4 | വർണ്ണം | 26 |
| 5 | ധ്രുപദ് | 9 |
| 6 | ഖയാൽ | 16 |
| 7 | ടപ്പ | 3 |
| 8 | സ്വരജതി | 7 |
| 9 | തില്ലാന | 6 |
| 10 | ഉത്സവ പ്രബന്ധകൃതികൾ | 12 |
| 11 | അജാമിളോപാഖ്യാന കൃതികൾ | 9 |
| 12 | കുചേലോപാഖ്യന കൃതികൾ | 38 |
| | ആകെ | 392 |

*ഓർമ്മിക്കുക*

സ്വാതി തിരുനാളിന്റെ സംഭാവനകൾ

## സമുദായകൃതികൾ (Group Kritis or Samudaya Kritis)

ത്യാഗരാജസ്വാമിയുടെ 'പഞ്ചരത്നകൃതികൾ' മുത്തുസ്വാമിദീക്ഷിതരുടെ 'നവാവരണ കൃതികൾ' തുടങ്ങിയ സമുദായ കൃതികളുടെ മാതൃകയിൽ സ്വാതിതിരുനാളും സമൂഹ കൃതികൾ രചിച്ചിട്ടുണ്ട്.

ഉദാ:- നവരാത്രി കൃതികൾ, നവവിധഭക്തി കൃതികൾ, ഘനരാഗ കൃതികൾ

### 6.2.3.1 നവരാത്രികൃതികൾ



നവരാത്രി ഉൽസവ സമയത്ത് നവരാത്രി മണ്ഡപത്തിൽ 9 ദിവസം പാടുന്നതിന് രചിക്കപ്പെട്ടിട്ടുള്ള കൃതികളാണിവ. ഓരോ കൃതികളും ഓരോ ദിവസത്തെയും മുഖ്യകൃതികളായി അവതരിപ്പിക്കപ്പെടുന്നു.

പട്ടിക. 6.2.2

| നം | കൃതി | രാഗം | താളം |
|---|---|---|---|
| 1 | ദേവി ജഗത്ജനനി | ശങ്കരാഭരണം | ആദി |
| 2 | പാഹിമാംശ്രീ വാഗീശ്വരി | കല്ല്യാണി | ആദി |
| 3 | ദേവി പാവനേ | സാവേരി | ആദി |
| 4 | ഭാരതി മാമവ | തോടി | ആദി |
| 5 | ജനനി മാമവ | ഭൈരവി | മിശ്രചാപ്പ് |
| 6 | സരോരുഹാസനജായേ | പന്തുവരാളി | ആദി |
| 7 | ജനനിപാഹി | ശുദ്ധസാവേരി | മിശ്രചാപ്പ് |
| 8 | പാഹി ജനനി | നാട്ടകുറിഞ്ചി | മിശ്രചാപ്പ് |
| 9 | പാഹി പാർവ്വത നന്ദിനി | ആരഭി | ആദി |

*ഓർമ്മിക്കുക*

നവരാത്രി കൃതികളിൽ ഉപയോഗിച്ചിരിക്കുന്ന രാഗങ്ങൾ, താളങ്ങൾ

### 6.2.3.2 നവവിധ ഭക്തികൃതികൾ

ഭഗവത് ഗീതയിൽ പരാമർശിച്ചിരിക്കുന്ന 9 തരം ഭക്തിയെ ആസ്പദമാക്കി സ്വാതിതിരുനാൾ രചിച്ച് സമുദായകൃതിയാണ് നവവിധഭക്തികൃതികൾ. 'നവരത്ന മാലിക' എന്ന് പേരിലും ഇവ അറിയപ്പെടുന്നു.

**പട്ടിക. 6.2.3 നവവിധഭക്തികൃതികൾ**

| നം | ഭക്തിയുടെ തരംതിരിവ് | കൃതി | രാഗം | താളം |
|---|---|---|---|---|
| 1 | ശ്രവണം | ഭവതീയ കഥ | ഭൈരവി | ആദി |
| 2 | കീർത്തനം | താവകനാമനി | കേദാരഗൗള | ആദി |
| 3 | സ്മരണം | സദതം സംസ്മാരാമിഹ | നീലാംബരി | മിശ്രചാപ്പ് |
| 4 | പാദസേവനം | പങ്കജാക്ഷതവ സേവ | തോടി | രൂപകം |
| 5 | അർച്ചനം | ആരാധയാമി | ബിലഹരി | ഖണ്ഡചാപ്പ് |
| 6 | വന്ദനം | വന്ദേദേവദേവ | ബേഗഡ | രൂപകം |
| 7 | ദാസ്യം | പരമപുരുഷ | ആഹിരി | മിശ്രചാപ്പ് |
| 8 | സഖ്യം | ഭവതി വിശ്വാസോ | മുഖാരി | മിശ്രചാപ്പ് |
| 9 | ആത്മനിവേദനം | ദേവദേവകൽപ്പയാമി | നാഥനാമക്രിയ | രൂപകം |

*ഓർമ്മിക്കുക*

നവവിധ ഭക്തി കൃതികളിലെ രാഗങ്ങൾ താളങ്ങൾ, ഭക്തി എന്നിവ

*പ്രവർത്തനം*

സ്വാതിതിരുനാളിന്റെ നവരാത്രികൃതികൾ, നവവിധ ഭക്തികൃതികൾ എന്നിവ കേൾക്കുക.

### 6.2.3.3 ഘനരാഗകൃതികൾ

നാട്ട, ഗൗള, ആരഭി, വരാളി, ശ്രീ എന്നീ ഘനരാഗങ്ങളിൽ രചിച്ച വിഷ്ണു സ്തുതികളായ കൃതികളാണ് ഘനരാഗകൃതികൾ. പ്രാസം, അനുപ്രാസം, വശ്യത യാർന്ന പദപ്രയോഗങ്ങൾ എന്നിവയാൽ സമ്പന്നമാണ് ഈ കൃതികൾ.

**പട്ടിക. 6.2.3.4 ഘനരാഗകൃതികൾ**

| നം | കൃതി | രാഗം | താളം |
|---|---|---|---|
| 1 | പാഹിശൗരേ | നാട്ട | രൂപകം |
| 2 | കാമജനക | ഗൗള | ആദി |
| 3 | ശ്രീ രമണവിഭോ | ആരഭി | ആദി |
| 4 | മാമവപത്മനാഭ | വരാളി | ചാപ്പ് |
| 5 | രീണാമാദദ്രുത | ശ്രീ | ആദി |

### 6.2.4 രാഗമാലികകൾ

വിവിധ രാഗങ്ങളുടെ ശ്രേണിയാണ് രാഗമാലിക. ഒന്നിലധികം രാഗങ്ങളിൽ ചിട്ടപ്പെടുത്തിയിട്ടുള്ള കൃതികളാണ് രാഗമാലികകൾ. സ്വാതിതിരുനാൾ രചിച്ചിട്ടുള്ള പ്രധാനപ്പെട്ട രാഗമാലികകളാണ് 'പന്നഗേന്ദ്രശയന' (8 രാഗങ്ങൾ), ദശാവതാരം പ്രമേയമാക്കിയ 'കമലജാസ്യ' (10 രാഗങ്ങൾ), സാനന്ദം (4 രാഗങ്ങൾ) എന്നിവ. രാമായണത്തെ അടിസ്ഥാനമാക്കി സാവേരി രാഗത്തിൽ സ്വാതി തിരുനാൾ രചിച്ച 'ഭാവയാമി രഘുരാമം' ഇപ്പോൾ 7 രാഗങ്ങളുള്ള രാഗമാലികയാണ് പാടി വരുന്നത്.

*പ്രവർത്തനം*

ശ്രീമതി. എം.എസ്. സുബ്ബലക്ഷ്മി ആലപിച്ച 'ഭാവയാമി രഘുരാമം' എന്ന രാഗമാലിക കേൾക്കുക.
സ്വാതിതിരുനാളിന്റെ ജനകീയ കൃതികൾ കേൾക്കുക

### 6.2.5 ഉത്സവ പ്രബന്ധം

പത്മനാഭക്ഷേത്രത്തിലെ 10 ദിവസത്തെ ഉത്സവത്തോടനുബന്ധിച്ച് ആലപിക്കക്കുന്നതിന് വേണ്ടി രചിക്കപ്പെട്ടിട്ടുള്ള കൃതികളാണിവ.

**സ്വാതിതിരുനാളിന്റെ ജനകീയങ്ങളായ ചില കൃതികൾ**

1 ദേവ ദേവ കലയാമി (മായമാളവഗൗള)

2 കൃപയാപാലയ (ചാരുകേശി)

3 ഗോപാലകപാഹിമാം (രേവഗുപ്തി)

4 പരമപുരുഷ(വസന്ത)

5. മാമവസദാ (കാനഡ)

6. മാമവസദാ വരദേ (നാട്ടക്കുറിഞ്ചി)

*ഓർമ്മിക്കുക*

സ്വാതി തിരുനാളിന്റെ രാഗമാലികകൾ , ജനകീയ കൃതികൾ

## 6.2.6 സാഹിത്യകൃതികൾ

സംഗീതകൃതികൾക്ക് പുറമേ ഭക്തി മഞ്ജരി, പദ്മനാഭ ശതകം, സ്യാനന്ദൂരപുര വർണ്ണന പ്രബന്ധം മുതലായ സാഹിത്യകൃതികളും സ്വാതിതിരുനാൾ രചിച്ചിട്ടുണ്ട്. സാധാരണ രാഗങ്ങൾക്ക് പുറമേ അപൂർവരാഗങ്ങളായ ലളിതപഞ്ചമം, ദേശാക്ഷി, ശുദ്ധഭൈരവി, ഘണ്ട, മോഹനകല്യാണി മുതലായ രാഗങ്ങളും ഇവയിൽ ഉപയോഗിച്ചിട്ടുണ്ട്.

സ്വാതിതിരുനാൾ ഒരു ബഹുനാമമുദ്രകാരനായിരുന്നു. 'പദ്മനാഭ' എന്നതായിരുന്നു അദ്ദേഹത്തിന്റെ മുദ്ര. പദ്മനാഭന്റെ പര്യായങ്ങളായ പങ്കജനാഭ. സരസിജനാഭ, കമലനാഭ, ജലജനാഭ എന്നിവയും മുദ്രകളായി ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. 1847 – ൽ തിരുവനന്തപുരത്തെ കുതിരമാളികയിൽ വച്ച് അദ്ദേഹം അന്തരിച്ചു.

*ഓർമ്മിക്കുക*

സ്വാതിതിരുനാളിന്റെ സാഹിത്യകൃതികൾ

കൃതികളിൽ ഉപയോഗിച്ചിരുന്ന മുദ്രകൾ

*പ്രവർത്തനം*

സ്വാതിതിരുനാളിനെക്കുറിച്ച് പുസ്തകങ്ങൾ വായിച്ച് വിവര ശേഖരണം നടത്തുക.

### പഠനനേട്ടം

- സ്വാതിതിരുനാളിന്റെ ജീവിതത്തെക്കുറിച്ച് അറിവ് നേടുന്നു
- സ്വാതിതിരുനാളിന്റെ മഹത്വം മനസിലാക്കുന്നു.
- അദ്ദേഹത്തിന്റെ സംഗീത സംഭാവനകൾ തിരിച്ചറിയുന്നു.
- അദ്ദേഹത്തിന്റെ കൃതികളിൽ ഉപയോഗിച്ചിരിക്കുന്ന രാഗങ്ങൾ, താളങ്ങൾ എന്നിവയെക്കുറിച്ച് അറിവ് നേടുന്നു.
- സ്വാതിതിരുനാളിന്റെ സമൂഹ കൃതികളെപ്പറ്റി അറിവ് നേടുന്നു.

### മൂല്യനിർണ്ണയം

1. സ്വാതിതിരുനാളിന്റെ ബാല്യം, വിദ്യാഭ്യാസം എന്നിവയെപ്പറ്റി കുറിപ്പ് തയാറാക്കുക.
2. വർണം, കൃതി എന്നീ സംഗീതരൂപങ്ങളിൽ സ്വാതിതിരുനാളിന്റെ സംഭാവനകൾ വിശദമാക്കുക.
3. സ്വാതിതിരുനാളിന്റെ സമൂഹകൃതികൾ, അവയിലുപയോഗിക്കപ്പെട്ടിട്ടുള്ള രാഗങ്ങൾ, താളങ്ങൾ, ഭക്തി എന്നിവയെപ്പറ്റി ഉപന്യസിക്കുക.
3. സ്വാതിതിരുനാൾ രാജാക്കന്മാരിലെ സംഗീതജ്ഞനും സംഗീതജ്ഞൻമാരിലെ രാജാവുമായിരുന്നു. വിലയിരുത്തുക.

### റഫറൻസ്:


- സ്വാതി തിരുനാൾ - ഡോ. എൽ.വെങ്കിടസുബ്രഹ്മണ്യ അയ്യർ.
- ദക്ഷിണേന്ത്യൻ സംഗീതം - എ.കെ.രവീന്ദ്രനാഥ്

K1P3L5

# യൂണിറ്റ് - 7

# സംഗീതലിപി അഥവാ നൊട്ടേഷൻ

### പ്രധാന ആശയങ്ങൾ

- രണ്ടുതരം സംഗീതലിപികൾ
- സ്വരദൈർഘ്യം സൂചിപ്പിക്കുന്ന ചിഹ്നങ്ങൾ
- സ്ഥായിയെ സൂചിപ്പിക്കുന്ന ചിഹ്നങ്ങൾ
- താള ആവർത്തനത്തെ സൂചിപ്പിക്കുന്ന ചിഹ്നങ്ങൾ.
- താളാംഗങ്ങളെ സൂചിപ്പിക്കുന്ന ചിഹ്നങ്ങൾ
- സംഗീത ലിപിയിൽ ഉപയോഗിക്കുന്ന മറ്റു ചിഹ്നങ്ങൾ

സംഗീതലിപിയുടെ സഹായത്തോടെയുള്ള പഠന സമ്പ്രദായത്തേക്കാൾ ഗുരുമുഖത്തു നിന്ന് നേരിട്ടുള്ള സംവേദനശൈലിയ്ക്കാണ് ദക്ഷിണേന്ത്യൻ സംഗീത പഠനത്തിൽ പ്രാധാന്യം നൽകി വരുന്നത്. ദക്ഷിണേന്ത്യൻ രാഗങ്ങളുടെ ആത്മാവായ ഗമകങ്ങൾ പൂർണ്ണമായും ലിഖിത രൂപത്തിലാക്കുവാൻ ബുദ്ധിമുട്ടായതിനാലാണ് അത്. ഒരു സംഗീതജ്ഞനെ സംബന്ധിച്ചിടത്തോളം മുൻപ് പഠിച്ച ഒരു സംഗീത രൂപം ശരിയായി ഓർത്തെടുക്കുവാൻ ലിഖിതരൂപം അനിവാര്യമാകുന്നു. അങ്ങിനെ സംഗീതലിപി ഉപാധിയായി സ്വീകരിച്ച് രാഗത്തിന്റെ ശരിയായ നാദാത്മരൂപം ഓർമ്മിച്ചെടുത്ത് ഒരു സംഗീതജ്ഞന് ഏതൊരു സംഗീതരൂ

പവും അതിന്റെ പൂർണ്ണതയിൽ അവതരിപ്പിക്കുവാൻ കഴിയുന്നു.

രണ്ട് തരം സംഗീത ആലേഖന രീതികളാണ് നിലവിലുള്ളത്. സ്റ്റാഫ് നൊട്ടേഷനും സ്ക്രിപ്റ്റ് നൊട്ടേഷൻ അഥവാ സർഗ്ഗം നൊട്ടേഷനും. സ്റ്റാഫ് നൊട്ടേഷൻ പാശ്ചാത്യ സംഗീതത്തിലും സർഗം നൊട്ടേഷൻ ഇന്ത്യൻ സംഗീതത്തിലും ഉപയോഗിക്കുന്നു. ഹാർമണിയിൽ അധിഷ്ഠിതമായ പാശ്ചാത്യ സംഗീതം അഞ്ച് സമാന്തര രേഖകളിലാണ് ആലേഖനം ചെയ്യുന്നത്.

സംഗീതത്തിന്റെ വിവിധ ഘടകങ്ങളെ സൂചിപ്പിക്കുന്നതിന് സർഗം നൊട്ടേഷനിൽ ഉപയോഗിക്കുന്ന വിവിധ ചിഹ്നങ്ങളും അടയാളങ്ങളും താഴെ കൊടുക്കുന്നു.

## 7.1 സ്വരങ്ങളുടെ ദൈർഘ്യം

സ, രി, ഗ, മ, പ, ധ, നി എന്നീ സംജ്ഞകൾ സപ്തസ്വരങ്ങളെ പ്രതിനിധീകരിക്കുന്നു. ഒരു സ്വരത്തിന്റെ ദൈർഘ്യം ഒരു അക്ഷര കാലമാണ്.

ഉദാ

സ= 1 അക്ഷര കാലം

രി= 1 അക്ഷര കാലം

ഒരു സ്വരത്തിന്റെ ഒരു അക്ഷര കാല ദൈർഘ്യം കാണിക്കുന്നതിന് അൽപവിരാമം (,), അർധവിരാമം (;) എന്നിവ ഉപയോഗിക്കുന്നു. ഒരു അൽപവിരാമം 1 അക്ഷരകാലത്തെയും ഒരു അർധവിരാമം 2 അക്ഷരകാലത്തെയും സൂചിപ്പിക്കുന്നു.

ഉദാ:

സാ - 2 അക്ഷരകാലം

സാാ - 3 അക്ഷരകാലം

സ; - 3 അക്ഷരകാലം

സാ; - 4 അക്ഷരകാലം

ഒരു സ്വരത്തിന്റെയോ ഒരു കൂട്ടം സ്വരങ്ങളുടെയോ മുകളിലോ താഴെയോ വരുന്ന രേഖകൾ സ്വരങ്ങളുടെ ദൈർഘ്യം കുറയുന്നത് സൂചിപ്പിക്കുന്നു. ഒരു രേഖ ½ അക്ഷരകാലം, രണ്ടു രേഖ ¼ അക്ഷരകാലം എന്നിങ്ങനെ സ്വരത്തിന്റെ ദൈർഘ്യത്തെ സൂചിപ്പിക്കുന്നു.

ഉദാ

സരിഗമ - 4 അക്ഷരകാലം

<u>സരിഗമ</u> - 2 അക്ഷരകാലം

<u>സരിഗമ</u> - 1 അക്ഷരകാലം

## 7.2 സ്ഥായി

ഇന്ത്യൻ സംഗീതത്തിൽ അഞ്ച് സ്ഥായികളാണുള്ളത്. സ്വരത്തിന്റെ മുകളിലോ താഴെയോ ഉപയോഗിക്കുന്ന ബിന്ദു ആ സ്വരം ഏതു സ്ഥായിയിലാണെന്നും സൂചിപ്പിക്കുന്നു. സ്വരത്തിനു താഴെ 1 ബിന്ദു ഉണ്ടെങ്കിൽ ആ സ്വരം മന്ദ്രസ്ഥായിയിലും 2 ബിന്ദു വന്നാൽ അത് അനുമന്ദ്രസ്ഥായിലുമായിരിക്കും. സ്വരത്തിനു മുകളിൽ 1 ബിന്ദുവുണ്ടെങ്കിൽ ആ സ്വരം താരസ്ഥായിയിലും സ്വരത്തിന് മുകളിൽ 2 ബിന്ദുവന്നാൽ ആ സ്വരം അതിതാരസ്ഥായിയിലും ആയിരിക്കും. ബിന്ദുവില്ലാത്ത സ്വരങ്ങൾ മധ്യസ്ഥായിയിലായിരിക്കും.

1. അനുമന്ദ്രസ്ഥായി – നിധപധ
2. മന്ദ്രസ്ഥായി – നിധപധ
3. മധ്യസ്ഥായി – സരിഗമ
4. താരസ്ഥായി – സരിഗമ
5. അതിതാരസ്ഥായി – സരിഗമ

## 7.3 താളവട്ടം

ഒരു താളവട്ടത്തിന്റെ ആരംഭവും അവസാനവും സൂചിപ്പിക്കുന്നതിന് രണ്ട് ലംബ രേഖകൾ ഉപയോഗിക്കുന്നു.

ഉദാ: ചതുരശ്രജാതി ഏകതാളം

// സരിഗമ//

ഒരു ലംബ രേഖ താളാംഗങ്ങൾ മാറുന്നതിനെ സൂചിപ്പിക്കുന്നു.

ഉദാ:

//സരിഗമ /പധ / നിസ//

## 7.4 മറ്റു ചില ചിഹ്നങ്ങൾ

1. നക്ഷത്രചിഹ്നം ( * ) – ഭാഷാംഗ രാഗത്തിലെ അന്യസ്വരത്തെ സൂചിപ്പിക്കുന്നു.
2. (〰) എന്ന ചിഹ്നം – സ്വരത്തിനു മുകളിൽ വേവിലൈൻ ഉപയോഗിച്ചാൽ ആ സ്വരം ഗമകത്തോടെ പാടണമെന്ന് സൂചന.
3. (W) എന്ന ചിഹ്നം ഒരു സ്വരത്തിനു മുകളിൽ കൊടുത്താൽ ആ സ്വരം ബലം കൊടുത്തു പാടണമെന്നു സൂചന.

   ഉദാ: നാട്ടരാഗത്തിലെ നിസരിസ എന്ന പ്രയോഗം.
4. (/) എന്ന ചിഹ്നം ആരോഹണ ജാരുവിനേയും (Ascending Glide), (\)എന്ന ചിഹ്നം അവരോഹണ ജാരുവിനെയും (Descending Glide) സൂചിപ്പിക്കുന്നു.

   ഉദാ: /സരിഗമ, സനിധപ\

5. (r)എന്ന ചിഹ്നം ഒരു പ്രത്യേക വരി ആവർത്തിക്കുന്നതിനെ സൂചിപ്പിക്കുന്നു.

## താള സമ്പ്രദായത്തിൽ ഉപയോഗിക്കുന്ന ചിഹ്നങ്ങൾ

7.5 പട്ടിക = ഷഡംഗങ്ങൾ

| അംഗങ്ങൾ | ചിഹ്നങ്ങൾ | അക്ഷരകാലം |
|---|---|---|
| 1. അനുദ്രുതം | U | 1 |
| 2. ദ്രുതം | O | 2 |
| 3. ലഘു | 1 | 3,4,5,7,9 |
| 4. ഗുരു | 8 | 8 |
| 5. പ്ലുതം | 8 | 12 |
| 6. കാകപാദം | + | 16 |

നൊട്ടേഷനിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ഏറ്റവും മുകളിൽ സംഗീത രചനയുടെ പേര് രേഖപ്പെടുത്തണം
2. അതിനു താഴെ രചയിതാവിന്റെ പേര് നൽകണം.
3. അതിനുതാഴെ ഇടതുഭാഗത്തായി രാഗത്തിന്റെ പേര് നൽകണം.
4. വലതു ഭാഗത്ത് താളത്തിന്റെ പേര് രേഖപ്പെടുത്തണം.
5. അതിനു താഴെ നടുവിലായി രാഗത്തിന്റെ ആരോഹണവും അവരോഹണവും നൽകണം.
6. പല്ലവി, അനുപല്ലവി, ചരണം എന്നിവ അനുയോജ്യമായ സ്ഥലത്ത് രേഖപ്പെടുത്തണം.

ഉദാഹരണം:

| | |
|---|---|
| താനവർണ്ണം | - നിന്നുകോരി |
| രചയിതാവ് | - രാമനാട് ശ്രീനിവാസ അയ്യങ്കർ |
| രാഗം | - മോഹനം (28 ൽ ജന്യം) |
| താളം | - ആദി |
| ആരോഹണം | - സരിഗപധസ |
| അവരോഹണം | - സധപഗരിസ |

*പല്ലവി*

||ഗാ ഗാ രിാ ാാസസരിരി ഗഗരിരി|

നി..ന്നുകോ.. രി. . . യു. . ..

|സരിഗരി സരി സധ | സരിഗപ ഗരിസരി ||

ന്ന. . . നു . . . ...... ഠ. . . . . . . . . .

*ഓർമ്മിക്കുക*

- സംഗീതലിപിയിൽ ഉപയോഗിക്കുന്ന ചിഹ്നങ്ങൾ.
- സ്വരങ്ങളുടെ ദൈർഘ്യത്തെ സൂചിപ്പിക്കുന്ന ചിഹ്നങ്ങൾ.

*പ്രവർത്തനം*

വിവിധ സ്ഥായികൾ സൂചിപ്പിക്കുന്നതിനുള്ള ചിഹ്നങ്ങൾ ഉപയോഗിച്ചു പരിശീലിക്കുക.

## പഠനനേട്ടങ്ങൾ

- സംഗീത ലിപിയെക്കുറിച്ച് അറിവു നേടുന്നു.
- സംഗീത ലിപിയിൽ ഉപയോഗിക്കുന്ന വിവിധ ചിഹ്നങ്ങളെക്കുറിച്ച് അറിവ് നേടുന്നു.
- ആവർത്തനത്തെയും അക്ഷരകാലത്തെയും കുറിച്ച് മനസ്സിലാക്കുന്നു

## മൂല്യ നിർണ്ണയം

1. ഭാരതീയ സംഗീതത്തിൽ ഉപയോഗിക്കുന്ന സംഗീത ലിപിയെക്കുറിച്ച് ലഘു വിവരണം നൽകുക.

## റഫറൻസ്

- സൗത്ത് ഇന്ത്യൻ മ്യൂസിക് - പ്രൊഫസർ. പി. സാംബമൂർത്തി.

# പാര്‍ട്ട് - II



# പ്രായോഗിക സംഗീതം

Z5J1Z4

# യൂണിറ്റ് - 1
# പ്രാഥമിക പാഠങ്ങൾ 1

### പ്രധാന ആശയങ്ങൾ

- കർണ്ണാടക സംഗീതത്തിന്റെ അടിസ്ഥാനത്തെക്കുറിച്ചുള്ള അറിവ് നേടൽ
- സപ്തസ്വരങ്ങൾ - ആമുഖം
- സ്വരങ്ങളെക്കുറിച്ചുള്ള അവബോധം
- മായാമാളവഗൗളരാഗത്തെക്കുറിച്ചുള്ള കൃത്യമായ അറിവ്
- താളത്തെക്കുറിച്ചുള്ള ആമുഖം - ആദി താളം
- വ്യത്യസ്ത കാലങ്ങളെ പരിചയപ്പെടൽ
- സരളിവരിശകളും ലളിതമായ പാഠങ്ങളും
- മധ്യസ്ഥായിയിലുള്ള സ്വരങ്ങളുടെ സാധകം
- താരസ്ഥായിയിലുള്ള സ്വരങ്ങളുടെ സാധകം
- മന്ദ്രസ്ഥായി സ്വരങ്ങൾ
- ജണ്ഡവരിശകൾ പാടുന്ന രീതി
- വക്രസ്വരങ്ങളെക്കുറിച്ചുള്ള അറിവ്

## 1.1 സപ്തസ്വരങ്ങൾ

രാഗം : മായാമാളവഗൗള (15-ാമതു മേളകർത്താരാഗം)

ആരോഹണം :സരിഗമപധനിസ്

അവരോഹണം: സ്നിധപമഗരിസ

താളം : ആദി (ചതുരശ്രജാതി തൃപുട)

അംഗം : 100 (8 അക്ഷരകാലം)

സപ്തസ്വരങ്ങളും അവയുടെ നാമങ്ങളും

1. സ : ഷഡ്ജം
2. രി : ഋഷഭം
3. ഗ : ഗാന്ധാരം
4. മ : മധ്യമം
5. പ : പഞ്ചമം
6. ധ : ധൈവതം
7. നി : നിഷാദം

## 1.2 സപ്തസ്വരങ്ങളും അവയുടെ വ്യത്യസ്തകാലങ്ങളും

ഒന്നാംകാലം

```
  x 1 2 3   x ✓   x ✓    x 1 2 3   x✓   x ✓
||സരിഗമ |പധ | നിസ് |  സ്നിധപ | മഗ | രിസ ||
```

രണ്ടാംകാലം

```
  x  1  2  3     x   ✓      x   ✓
||സരിഗമപധനിസ് | സ്നിധപ | മഗരിസ||
```

മൂന്നാംകാലം

```
  x      1        2        3
||സരിഗമ  പധനിസ്  സ്നിധപ  മഗരിസ |
  x        ✓      x       ✓
|സരിഗമപധനിസ്  സ്നിധപ  മഗരിസ||
```

നാലാംകാലം

```
  x             1
||സരിഗമപധനിസ്  സനിധപമഗരിസ്
 2              3
സരിഗമപധനിസ്  സ്നിധപമഗരിസ|
 x              ✓
|സരിഗമപധനിസ്  സ്നിധപമഗരിസ|
 x              ✓
|സരിഗമപധനിസ്  സ്നിധപമഗരിസ||
```

## 1.3 സ്വരാവലികൾ (സരളിവരിശകൾ)

രാഗം : മായാമാളവഗൗള (15)

താളം : ആദി

ആരോ : സ രി ഗ മ പ ധ നി സ്

അവ : സ് നി ധ പ മ ഗ രി സ

| | \|4 | 0 | 0 | \|4 | 0 | 0 |
|---|---|---|---|---|---|---|
| 1 | സരിഗമ | പ ധ | നി സ് | സ്നിധപ | മ ഗ | രി സ |
| 2 | സരിസരി | സ രി | ഗ മ | സരിഗമ | പ ധ | നി സ് |
| | സ്നിസ്നി | സ് നി | ധ പ | സ്നിധപ | മ ഗ | രി സ |

| | | | | | | |
|---|---|---|---|---|---|---|
| 3 | സരിഗ സ | രി ഗ | സ രി | സരിഗമ | പധ | നി സ് |
| | സ്നിധ സ | നി ധ | സ് നി | സ്നിധപ | മ ഗ | രി സ |
| 4 | സരിഗമ | സ രി | ഗ മ | സരിഗമ | പധ | നി സ് |
| | സ്നിധപ | സ് നി | ധ പ | സ്നിധപ | മ ഗ | രി സ |
| 5 | സരിഗമ | പ ാ | സ രി | സരിഗമ | പധ | നി സ് |
| | സനിധപ | മ ാ | സ് നി | സ്നിധപ | മ ഗ | രി സ |
| 6 | സരിഗമ | പ ധ | സ രി | സരിഗമ | പധ | നി സ് |
| | സ്നിധപ | മ ഗ | സ് നി | സ്നിധപ | മ ഗ | രി സ |
| 7 | സരിഗമ | പ ധ | നി ാ | സരിഗമ | പധ | നി സ് |
| | സ്നിധപ | മ ഗ | രി ാ | സ്നിധപ | മ ഗ | രി സ |
| 8 | സരിഗമ | പ മ | ഗ രി | സരിഗമ | പധ | നി സ് |
| | സ്നിധപ | മ പ | ധ നി | സ്നിധപ | മ ഗ | രി സ |
| 9 | സരിഗമ | പ മ | ധ പ | സരിഗമ | പ ധ | നി സ് |
| | സ്നിധപ | മ പ | ഗ മ | സ്നിധപ | മ ഗ | രി സ |
| 10 | സരിഗമ | രി ഗ | മ പ | സരിഗമ | പ ധ | നി സ് |
| | സ്നിധപ | നിധ | പമ | സനിധപ | മ ഗ | രി സ |

## 1.4 മദ്ധ്യസ്ഥായി വരിശകൾ

| | $\vert_4$ | 0 | 0 | $\vert_4$ | 0 | 0 |
|---|---|---|---|---|---|---|
| 1 | സരിഗമ | പ ാ | ഗ മ | പ ാ ാ ാ | പ ാ | ാ ാ |
| | ഗമപധ | നി ധ | പ മ | ഗ മ പ ഗ | മ ഗ | രി സ |
| 2 | സ്ാ നി ധ | നി ാ | ധ പ | ധാ പ മ | പ ാ | പ ാ |
| | ഗ മ പ ധ | നി ധ | പ മ | ഗ മ പ ഗ | മ ഗ | രി സ |
| 3 | സ്സ്നിധ | നി നി | ധ പ | ധ ധ പ മ | പ ാ | പ ാ |
| | ഗ മ പ ധ | നി ധ | പ മ | ഗ മ പ ഗ | മഗ | രിസ |
| 4 | സരിഗരി | ഗ ാ | ഗ മ | പ മ പ ാ | ധ പ | ധാ |
| | മപധപ | ധനി | ധ പ | മ പ ധ പ | മ ഗ | രി സ |

| | | | | | | |
|---|---|---|---|---|---|---|
| 5 | സരിഗമ | പ ാ | പ ാ | ധ ധ പ ാ | മ മ | പ ാ |
| | ധനിസ് ാ | സ് നി | ധ പ | സ്നിധപ | മ ഗ | രി സ |

*ഓർമ്മിക്കുക*

സരളിവരിശകളും, മദ്ധ്യസ്ഥായിവരിശകളും

## 1.5 താരസ്ഥായിവരിശകൾ

| | $\|_4$ | 0 | 0 | $\|_4$ | 0 | 0 |
|---|---|---|---|---|---|---|
| 1 | സരിഗമ | പധ | നിസ | സ്ാ ാ ാ | സ്ാ | ാ ാ |
| | ധനിസ്‌രി | സ്നി | ധപ | സ്നിധപ | മ ഗ | രി സ |
| 2 | സരിഗമ | പധ | നിസ് | സ്ാ ാ ാ | സാ | ാ ാ |
| | ധനിസ്‌രി | സ്സ് | രിസ് | സ്‌രിസ്നി | ധ പ | മ പ |
| | ധനിസ്‌രി | സ്നി | ധപ | സനിധപ | മ ഗ | രി സ |
| 3 | സരിഗമ | പധ | നിസ് | സ്ാ ാ ാ | സ്ാ | ാ ാ |
| | ധനിസ്‌രി | ഗ്‌രി | സ്‌രി | സ്‌രിസ്നി | ധപ | മ പ |
| | ധനിസ്‌രി | സ്സ് | രിസ് | സ്‌രിസ്നി | ധപ | മ പ |
| | ധനിസ്‌രി | സ്നി | ധപ | സ്നിധപ | മഗ | രി സ |
| 4 | സരിഗമ | പധ | നിസ് | സ്ാ ാ ാ | സ്ാ | ാ ാ |
| | ധനിസ്‌രി | ഗ്മ | ഗ്‌രി | സ്‌രിസ്നി | ധ പ | മ പ |
| | ധനിസ്‌രി | ഗ്‌രി | സ്‌രി | സ്‌രിസ്നി | ധ പ | മ പ |
| | ധനിസ്‌രി | സ്സ് | രിസ് | സ്‌രിസ്നി | ധ പ | മ പ |
| | ധനിസ്‌രി | സ്നി | ധപ | സ്നിധപ | മ ഗ | രി സ |
| 5 | സരിഗമ | പധ | നിസ് | സ്ാ ാ ാ | സ്ാ | ാ ാ |
| | ധനിസ്‌രി | ഗ്മ | പ് മ | ഗ്‌രിസ്നി | ധ പ | മ പ |
| | ധനിസ്‌രി | ഗ് മ | ഗ്‌രി | സ്‌രിസ്നി | ധ പ | മ പ |
| | ധനിസ്‌രി | ഗ് രി | സ്‌രി | സ്‌രിസ്നി | ധ പ | മ പ |
| | ധനിസ്‌രി | സ്സ് | രിസ് | സ്‌രിസ്നി | ധ പ | മ പ |
| | ധനിസ്‌രി | സ്നി | ധപ | സ്നിധപ | മ ഗ | രി സ |

| | | | | | | |
|---|---|---|---|---|---|---|
| 6 | സരിഗമ | പധ | നിസ് | സ്ാ ാ ാ | സ്ാ | ാ ാ |
| | സ്രിഗ്മ് | രിസ് | നിസ് | രിസ് സ്നി | ധനി | സ്നി |
| | നിധപധ | നിധ | ധപ | മപ ധപ | പ മ | ഗ മ |
| | പമ മ ഗ | മപ | ധനി | സ്നിധപ | മഗ | രിസ |
| 7 | സരിഗമ | പധ | നിസ് | സ്ാ ാ ാ | സ്ാ | ാ ാ |
| | സ്രിഗ്ാ | രിസ് | നിസ് | രി ാ സ്നി | ധനി | സ്ാ |
| | നിധ പധ | നി ാ | ധപ | മ പ ധാ | പ മ | ഗ മ |
| | പാ മഗ | മ പ | ധനി | സ്നിധപ | മ ഗ | രി സ |

## 1.6 മന്ദ്രസ്ഥായിവരിശകൾ

| | \|4 | 0 | 0 | \|4 | 0 | 0 |
|---|---|---|---|---|---|---|
| 1 | സ്നിധപ | മ ഗ | രി സ | സാ ാ ാ | സാ | ാ ാ |
| | ഗരിസനി | സ രി | ഗ മ | സരിഗമ | പ ധ | നിസ് |
| 2 | സ്നിധപ | മ ഗ | രിസ | സാ ാ ാ | സാ | ാ ാ |
| | ഗരിസനി | സസ | നിസ | സനിസരി | ഗ മ | പ മ |
| | ഗരിസനി | സരി | ഗ മ | സരിഗമ | പധ | നിസ് |
| 3 | സ്നിധപ | മ ഗ | രിസ | സാ ാ ാ | സാ | ാ ാ |
| | ഗരിസനി | ധ നി | സനി | സനിസരി | ഗ മ | പ മ |
| | ഗരിസനി | സ സ | നി സ | സനിസരി | ഗ മ | പ മ |
| | ഗരിസനി | സ രി | ഗ മ | സരിഗമ | പ ധ | നി സ് |
| 4 | സ്നിധപ | മ ഗ | രി സ | സാ ാ ാ | സാ | ാ ാ |
| | ഗരിസനി | ധ പ | ധ നി | സനിസരി | ഗ മ | പ മ |
| | ഗരിസനി | ധ നി | സ നി | സനിസരി | ഗ മ | പ മ |
| | ഗരിസനി | സ സ | നി സ | സനിസരി | ഗ മ | പ മ |
| | ഗരിസനി | സ രി | ഗ മ | സരിഗമ | പ ധ | നി സ് |
| | സ്നിധപ | മ ഗ | രി സ | സ ാ ാ ാ | സാ | ാ ാ |

### ഓർമ്മിക്കുക

താരസ്ഥായി വരിശകളും, മന്ദ്രസ്ഥായിവരിശകളും

### പ്രവർത്തനം

താരസ്ഥായിവരിശകളും മന്ദ്രസ്ഥായിവരിശകളും നാലുകാലത്തിൽ പാടുക

താരസ്ഥായി സ്വരങ്ങളുടേയും മന്ദ്രസ്ഥായിസ്വരങ്ങളുടേയും സഞ്ചാരങ്ങൾ മനസിലാക്കുക

## 1.7 ജണ്ഡവരിശകൾ

| | \|4 | 0 | 0 |
|---|---|---|---|
| 1 | സസ രിരി ഗഗ മമ | പപ ധധ | നിനി സ്̇സ്̇ |
| | സ്̇സ്̇ നിനി ധധ പപ | മമ ഗഗ | രിരി സസ |
| 2 | സസ രിരി ഗഗ മമ | രിരി ഗഗ | മമ പപ |
| | ഗഗ മമ പപ ധധ | മമ പപ | ധധ നിനി |
| | പപ ധധ നിനി സസ | സ്̇സ്̇ നിനി | ധധ പപ |
| | നിനി ധധ പപ മമ | ധധ പപ | മമ ഗഗ |
| | പപ മമ ഗഗ രിരി | മമ ഗഗ | രിരി സസ |
| 3 | സസ രിരി ഗഗ രിരി | സസരിരി | ഗഗ മമ |
| | രിരി ഗഗ മമ ഗഗ | രിരി ഗഗ | മമ പപ |
| | ഗഗ മമ പപ മമ | ഗഗ മമ | പപ ധധ |
| | മമ പപ ധധ പപ | മമ പപ | ധധ നിനി |
| | പപ ധധ നിനി ധധ | പപ ധധ | നിനി സ്̇സ്̇ |
| | സ്̇സ്̇ നിനി ധധ നിനി | സ്̇സ്̇നിനി | ധധ പപ |
| | നിനി ധധ പപ ധധ | നിനിധധ | പപ മമ |
| | ധധ പപ മമ പപ | ധധ പപ | മമ ഗഗ |
| | പപ മമ ഗഗ മമ | പപ മമ | ഗഗ രിരി |
| | മമ ഗഗ രിരി ഗഗ | മമ ഗഗ | രിരി സസ |

| | $\vert_4$ | 0 | 0 |
|---|---|---|---|
| 4 | സാസ രിാരി ഗഗ | സസ രിരി | ഗഗ മമ |
| | രിാരി ഗാഗ മമ | രിരി ഗഗ | മമ പപ |
| | ഗാഗ മാമ പപ | ഗഗ മമ | പപ ധധ |
| | മാമ പാപ ധധ | മമ പപ | ധധ നിനി |
| | പാപ ധാധ നിനി | പപ ധധ | നിനി സ്̇സ്̇ |
| | സ്̇ാസ് നിാനി ധധ | സ്̇സ്̇ നിനി | ധധ പപ |
| | നിാനി ധാധ പപ | നിനി ധധ | പപ മമ |
| | ധാധ പാപ മമ | ധധ പപ | മമ ഗഗ |
| | പാപ മാമ ഗഗ | പപ മമ | ഗഗ രിരി |
| | മാമ ഗാഗ രിരി | മമ ഗഗ | രിരി സസ |
| 5 | സസാ രിരിാ ഗഗ | സസ രിരി | ഗഗ മമ |
| | രിരിാ ഗഗാ മമ | രിരി ഗഗ | മമ പപ |
| | ഗഗാ മമാ പപ | ഗഗ മമ | പപ ധധ |
| | മമാ പപാ ധധ | മമ പപ | ധധ നിനി |
| | പപാ ധധാ നിനി | പപ ധധ | നിനി സ്̇സ്̇ |
| | സ്̇സ്̇ാ നിനി ധധ | സ്̇സ്̇ നിനി | ധധ പപ |
| | നിനിാ ധധാ പപ | നിനി ധധ | പപ മമ |
| | ധധാ പപാ മമ | ധധ പപ | മമ ഗഗ |
| | പപാ മമാ ഗഗ | പപ മമ | ഗഗ രിരി |
| | മമാ ഗഗാ രിരി | മമ ഗഗ | രിരി സസ |
| 6 | സസസ രിരിരി ഗഗ | സസ രിരി | ഗഗ മമ |
| | രിരിരി ഗഗഗ മമ | രിരി ഗഗ | മമ പപ |
| | ഗഗഗ മമമ പപ | ഗഗ മമ | പപ ധധ |
| | മമമ പപപ ധധ | മമ പപ | ധധ നിനി |
| | പപപ ധധധ നിനി | പപ ധധ | നിനി സ്̇സ്̇ |
| | സസസ നിനിനി ധധ | സസ നിനി | ധധ പപ |
| | നിനിനി ധധധ പപ | നിനി ധധ | പപ മമ |
| | ധധധ പപപ മമ | ധധ പപ | മമ ഗഗ |
| | പപപ മമമ ഗഗ | പപ മമ | ഗഗ രിരി |
| | മമമ ഗഗഗ രിരി | മമ ഗഗ | രിരി സസ |
| 7 | സസരി സസരി സരി | സസ രിരി | ഗഗ മമ |
| | രിരിഗ രിരിഗ രിഗ | രിരി ഗഗ | മമ പപ |
| | ഗഗമ ഗഗമ ഗമ | ഗഗ മമ | പപ ധധ |
| | മമപ മമപ മപ | മമ പപ | ധധ നിനി |
| | പപധ പപധ പധ | പപ ധധ | നിനിസ്̇സ്̇ |
| | സ്̇സ്̇നി സ്̇സ്̇നി സ്̇നി | സ്̇സ്̇ നിനി | ധധ പപ |
| | നിനിധ നിനിധ നിധ | നിനി ധധ | പപ മമ |
| | ധധപ ധധപ ധപ | ധധ പപ | മമ ഗഗ |
| | പപമ പപമ പമ | പപ മമ | ഗഗ രിരി |
| | മമഗ മമഗ മഗ | മമ ഗഗ | രിരി സസ |

| | | | |
|---|---|---|---|
| 8 | സസ രിരിഗ സരിഗ | സസ രിരി | ഗഗ മമ |
| | രിരി ഗഗമ രിഗമ | രിരി ഗഗ | മമ പപ |
| | ഗഗ മമപ ഗമപ | ഗഗ മമ | പപ ധധ |
| | മമ പപധ മപധ | മമ പപ | ധധ നിനി |
| | പപ ധധനി പധനി | പപ ധധ | നിനി സ̇സ̇ |
| | സ̇സ̇ നിനിധ സ̇നിധ | സ̇സ̇ നിനി | ധധ പപ |
| | നിനി ധധപ നിധപ | നിനി ധധ | പപ മമ |
| | ധധ പപമ ധപമ | ധധ പപ | മമ ഗഗ |
| | പപ മമഗ പമഗ | പപ മമ | ഗഗ രിരി |
| | മമ ഗഗരി മഗരി | മമ ഗഗ | രിരി സസ |
| 9 | സസ രിരിഗ സരിസ | ഗസരിഗ | സരി ഗമ |
| | രിരി ഗഗമ രിഗരി | മരിഗമ | രിഗ മപ |
| | ഗഗ മമപ ഗമഗ | പഗമപ | ഗമ പധ |
| | മമ പപധ മപമ | ധമപധ | മപ ധനി |
| | പപ ധധനി പധപ | നിപധനി | പധ നിസ̇ |
| | സ̇സ̇ നിനിധ സ̇നിസ | ധസ̇നിധ | സ̇നി ധപ |
| | നിനി ധധപ നിധനി | പനിധപ | നിധ പമ |
| | ധധ പപമ ധപധ | മധപമ | ധപ മഗ |
| | പപ മമഗ പമപ | ഗപമഗ | പമ ഗരി |
| | മമ ഗഗരി മഗമ | രിമഗരി | മഗ രിസ |
| 10 | സസരി സാരി സരി | ഗ രി,ഗ | രിഗ ഗമ |
| | സസരി രിഗ സരിസ | ഗ സരിഗ | സരി ഗമ |
| | രിരിഗ രിാഗ രിഗ | മ ഗാമ | ഗമ മപ |
| | രിരിഗ ഗമ രിഗരി | മ രിഗമ | രിഗ മപ |
| | ഗഗ മഗാമ ഗമ | പമാ പ | മപ പധ |
| | ഗഗ മമപഗ മഗ | പഗ മപ | ഗമ പധ |
| | മമപ മാപ മപ | ധ പാധ | പധ ധനി |
| | മമ പപധ മപ മ | ധ മപധ | മപധനി |
| | പപധ പാധ പധ | നി ധാനി | ധനി നിസ̇ |
| | പപ ധധനി പധപ | നി പധനി | പധ നിസ̇ |
| | സ̇സ̇നി സ̇ാനി സ̇നി | ധ നിാധ | നിധ ധപ |
| | സ̇സ̇ നിനിധ സ̇നി സ̇ | ധ സ̇നിധ | സ̇നി ധപ |
| | നിനിധ നിാധ നിധ | പധാപ | ധപ പമ |
| | നിനി ധധപ നിധ നി | പ നിധപ | നിധ പമ |
| | ധധപ ധാപ ധപ | മ പാമ | പമ മഗ |
| | ധധ പപമ ധപ ധ | മ ധപമ | ധപ മഗ |
| | പപമ പാമ പമ | ഗ മാഗ | മഗ ഗരി |
| | പപമ മഗ പമപ | ഗ പമഗ | പമ ഗരി |
| | മമഗ മാഗ മഗ | രി ഗാരി | ഗരി രിസ |
| | മമ ഗഗരി മഗ മ | രി മഗരി | മഗരിസ |

| | | |
|---|---|---|
| 11. സമ ഗമ രിഗ സരി | സസ രിരി | ഗഗ മമ |
| രിപ മപ ഗമ രിഗ | രിരി ഗഗ | മമ പപ |
| ഗധ പധ മപ ഗമ | ഗഗ മമ | പപ ധധ |
| മനി ധനി പധ മപ | മമ പപ | ധധ നിനി |
| പസ̇നിസ̇ ധനി പധ | പപ ധധ | നിനി സ̇സ̇ |
| സ̇പ ധപ നിധ സ̇നി | സ̇സ̇ നിനി | ധധ പപ |
| നിമ പമ ധപ നിധ | നിനി ധധ | പപ മമ |
| ധഗ മഗ പമധപ | ധധ പപ | മമ ഗഗ |
| പരി ഗരി മഗ പമ | പപ മമ | ഗഗ രിരി |
| മസ രിസ ഗരി മഗ | മമ ഗഗ | രിരി സസ |

# യൂണിറ്റ് 3

# സംഗീത രൂപങ്ങൾ

M6U4W2

## 1. വിഘ്നേശ്വരഗീതം

**(15 -ാമത് മേളകർത്താരാഗത്തിന്റെ ജന്യരാഗം)**

**രാഗം - മലഹരി** **താളം - രൂപകം**

**ആരോഹണം - സരിമപധസ്**
**അവരോഹണം - സ്ധപമഗരിസ**

*ശ്രീഗണനാഥ സിന്ദൂരവർണ്ണ*
*കരുണസാഗര കരിവദന*
*ലംബോദര ലകുമികര*
*അംബാ സുത അമരവിനുത*
*ലംബോദര ലകുമികര*

*സിദ്ധചരണ ഗണസേവിത*
*സിദ്ധിവിനായക തേ നമോ നമ*
*ലംബോദര ലകുമികര*
*അംബാ സുത അമരവിനുത*
*ലംബോദര ലകുമികര*

*സകല വിദ്യാദിപൂജിത*
*സർവോത്തമ തേ നമോ നമ*
*ലംബോദര ലകുമികര*
*അംബാ സുത അമരവിനുത*
*ലംബോദര ലകുമികര*

## നൊട്ടേഷൻ

<table>
<tr><th>x √ x 1 2 3</th><th>x √ x 1 2 3</th></tr>
<tr><td>|| മ പ | ധ സ് സ് രി ||<br>ശ്രീ.. ഗ ണ നാ ഥ</td><td>||രി സ് | ധ പ മ പ ||<br>സിന്ദൂ ര. . വർണ്ണ</td></tr>
<tr><td>|| രി മ | പ ധ മ പ ||<br>ക രു ണസാഗ ര</td><td>|| ധ പ | മ ഗ രി സ ||<br>ക രി വ ദ ന...</td></tr>
<tr><td>|| സ രി | മ ാ ഗ രി ||<br>ലം . ബോ ദ ര</td><td>|| സ രി | ഗ രി സ ാ ||<br>ല കു മി ക ര . .</td></tr>
<tr><td>||രി മ | പ ധ മ പ ||<br>അം.. ബാ.. സുത</td><td>|| ധ പ | മ ഗ രി സ ||<br>അ മ ര വിനു ത</td></tr>
<tr><td>|| സരി | മ ാ ഗ രി ||<br>ലം . ബോ ദ ര</td><td>|| സ രി | ഗ രി സ ാ ||<br>ല കു മി ക ര . .</td></tr>
</table>

രണ്ടും മൂന്നും ഭാഗങ്ങൾ ആദ്യ ഭാഗത്തിന്റെ അതേ ഈണത്തിൽ പാടേണ്ടതാണ്

### പ്രവർത്തനം

വിഘ്നേശ്വരഗീതം പരിശീലിക്കുക

## 2. സരസ്വതി ഗീതം

**(28 -ാമത് മേളകർത്താരാഗത്തിന്റെ ജന്യരാഗം)**

**രാഗം - മോഹനം** **താളം - രൂപകം**

**ആരോഹണം - സ രി ഗ പ ധ സ്**
**അവരോഹണം - സ് ധ പ ഗ രി സ**

*വരവീണ മൃദുപാണി*

*വനരുഹലോചന റാണി*

*സുരുചിരഭം ഭരവേണി*

*സുരനുത കല്യാണി*

*നിരുപമ ശുഭ ഗുണ ലോലേ*

*നിരതജയ പ്രദശീലേ*

*വരദാപ്രിയ രംഗനായകി*

*വാഞ്ചിത ഫലദായകി*

*സരസീജ സനജനനി*

*ജയ ജയ ജയ ജയ വാണി*

## നൊട്ടേഷൻ

<table>
<tr><th>x √</th><th>x 1 2 3</th><th>x √</th><th>x 1 2 3</th></tr>
<tr><td colspan="2">|| ഗ ഗ | പ ാ പ ാ||<br>വ ര വീ .. ണ</td><td colspan="2">||ധ പ | സ̇ ാ സ̇ ാ||<br>മൃ ദു പ ാ ണി ..</td></tr>
<tr><td colspan="2">||രി സ̇ | ധ ധ പ ാ||<br>വ ന രു ഹ ലോ</td><td colspan="2">||ധ പ | ഗ ഗ രി ാ ||<br>ച ന റാ.. ണി..</td></tr>
<tr><td colspan="2">||ഗ പ| ധ സ̇ ധ ാ||<br>സുരു ചി ര ഭം..</td><td colspan="2">||ധ പ | ഗ ഗ രി ാ||<br>ഭ ര വേ.. ണി..</td></tr>
<tr><td colspan="2">||ഗ ഗ | ധ പ ഗ ാ||<br>സു ര നുത ക..</td><td colspan="2">||പ ഗ| ഗ രി സ ാ||<br>ല്ല്യാ.. ണി. . . .</td></tr>
<tr><td colspan="2">||ഗ ഗ | ഗ ഗ രി ഗ||<br>നിരു പ മ ശുഭ</td><td colspan="2">||പ ഗ| പ ാ പ ാ ||<br>ഗുണ ലോ ലേ</td></tr>
<tr><td colspan="2">||ഗ ഗ| ധ പ ധ ാ||<br>നി ര ത ജ യ..</td><td colspan="2">||പ ധ |സ̇ ാ സ̇ ാ||<br>പ്ര ദ ശീ. . ലേ..</td></tr>
<tr><td colspan="2">||ധ ഗ̇| രി̇ രി̇ സ̇ സ̇||<br>വ ര ദാ . . പ്രി യ</td><td colspan="2">||ധ സ̇ |ധ ധ ധ പ ||<br>രം ഗ നാ. . യകി</td></tr>
<tr><td colspan="2">||ഗ പ| ധ സ̇ ധ പ||<br>വാ . .ഞ്ചിത ഫ ല</td><td colspan="2">|| ധ പ |ഗ ഗ രി സ||<br>ദാ . . . . . യ കി</td></tr>
<tr><td colspan="2">||സ രി | ഗ ാ ഗ ാ ||<br>സ ര സീ . .ജാ.</td><td colspan="2">||ഗ രി | പ ഗ രി ാ ||<br>സ ന ജ ന നി. .</td></tr>
<tr><td colspan="2">||സ രി| സ ഗ രി സ||<br>ജ യ ജ യ ജ യ</td><td colspan="2">||രി ധ̣ | സ ാ സ ാ||<br>ജ യ വാ. .ണി..</td></tr>
</table>

### പ്രവർത്തനം

സരസ്വതിഗീതം പരിശീലിക്കുക

## 3. വിഷ്ണു ഗീതം

### (65 -ാമത് മേളകർത്താരാഗം)

**രാഗം - മേചകല്യാണി** **താളം - തൃപുട**

| | | |
|---|---|---|
| ആരോഹണം | - | സ രി ഗ മ പ ധ നി സ̇ |
| അവരോഹണം | - | സ̇ നി ധ പ മ ഗ രി സ |

*കമല ജാദള വിമല സുനയന*

*കരിവരദ കരുണാംബുധേ*

*കരുണ ജലധേ കമലാ കാന്താ*

*കേശിനരകാസുര വിഭേദന*

*വരദവേല സുരപുരോത്തമ*

*കരുണ ശരധേ കമല കാന്താ*

**നൊട്ടേഷൻ**

<table>
<tr><th>x 1 2</th><th>x √</th><th>x √</th><th>x 1 2 3</th><th>x √</th><th>x √</th></tr>
<tr><td>||സ സ സ</td><td>| നി ധ|</td><td>നിസ||</td><td>|| നി ധ പ</td><td>|ധ പ|</td><td>മ പ ||</td></tr>
<tr><td>ക മ ല</td><td>ജ ാ</td><td>ദ ള</td><td>വി മ ല</td><td>സുന</td><td>യന</td></tr>
<tr><td>||ഗ മ പ</td><td>|പ ധ |</td><td>ധനി||</td><td>|| ധ പ മ</td><td>|പ ഗ |</td><td>രിസ||</td></tr>
<tr><td>ക രി വ</td><td>ര ദ</td><td>ക രു</td><td>ണാം</td><td>ബു</td><td>ധേ . ..</td></tr>
<tr><td>|| ധ ധ ധ</td><td>| ഗ ഗ</td><td>|ഗ ാ ||</td><td>|| മ പ ാ</td><td>| മ ഗ |</td><td>രി സ||</td></tr>
<tr><td>കരുണ</td><td>ജ ല</td><td>ധേ</td><td>ക മ. .</td><td>ലാ . . . . .</td><td></td></tr>
<tr><td>|| രി ാ ാ</td><td>| സ ാ</td><td>| ാ ാ||</td><td>|| ഗ മ പ</td><td>| മ പ |</td><td>ധ പ||</td></tr>
<tr><td>കാ . . .</td><td>ന്താ</td><td></td><td>കേ . ശി</td><td>ന ര</td><td>ക ാ</td></tr>
<tr><td>||നി ധ പ</td><td>| ധ പ</td><td>| മ പ||</td><td>|| ഗ മ പ</td><td>| പ ധ |</td><td>ധ നി||</td></tr>
<tr><td>സു ര വി</td><td>ഭേ .</td><td>ദ ന</td><td>വ ര ദ</td><td>വേ . . ല . .</td><td></td></tr>
<tr><td>|| ധ പ മ</td><td>| പ ഗ</td><td>| രി സ||</td><td>|| ധ ധ ധ</td><td>| ഗ ഗ</td><td>| ഗ ാ ||</td></tr>
<tr><td>സു രപു</td><td>രോ .</td><td>ത്ത മ</td><td>ക രു ണ</td><td>ശ ര</td><td>ധേ .</td></tr>
<tr><td>|| മ പ ാ</td><td>| മ ഗ</td><td>| രി സ||</td><td>|| രി ാ ാ</td><td>| സ ാ</td><td>| ാ ാ ||</td></tr>
<tr><td>ക മ . .</td><td>ല ാ</td><td>. . . .</td><td>കാ . .</td><td>ന്താ . .</td><td>. .</td></tr>
</table>

***പ്രവർത്തനം***

**വിഷ്ണുഗീതം പരിശീലിക്കുക**

## പഠനനേട്ടം

- ധാതുവും മാതുവും ചേർന്ന ആദ്യസംഗീതരൂപം പരിചയപ്പെടുന്നു
- സാമാന്യ ഗീതങ്ങളുടെ രൂപം മനസ്സിലാക്കുന്നു

## റഫറൻസ്

- ദക്ഷിണേന്ത്യൻ സംഗീതം- ശ്രീ എ.കെ. രവീന്ദ്രനാഥ്
- സൗത്ത് ഇന്ത്യൻ മ്യൂസിക്- പ്രൊഫ. സാംബമൂർത്തി

# അനുബന്ധം – 1

**ഹയർ സെക്കന്ററി കോഴ്സ്**

**സംഗീതം (ക്ലാസ് XI)**

**സ്കീമും സിലബസും**

**പാർട്ട് – 1**

## സംഗീതം – സിദ്ധാന്തം

### യൂണിറ്റ് - 1

സംഗീതത്തിനൊരാമുഖം

1. ജീവിതത്തിൽ സംഗീതത്തിന്റെ സ്ഥാനവും ലളിതകലകളിൽ സംഗീതത്തിന്റെ പ്രാധാന്യവും
2. സംഗീതത്തിന്റെ സാംസ്കാരികവും ബൗദ്ധികവും ആത്മീയവുമായ മൂല്യങ്ങൾ
3. സംഗീതത്തിൽ ഉപയോഗിക്കുന്ന സാങ്കേതികപദങ്ങൾ : - നാദം, ശ്രുതി, സ്വരനാമകരണം, സ്ഥായി, ആരോഹണം, അവരോഹണം, അലങ്കാരം, ധാതു, മാതു

### യൂണിറ്റ് - 2

ഭാരതീയ സംഗീതം

1 ഭാരതീയ സംഗീതത്തിന്റെ പ്രത്യേകതകൾ

രാഗം, താളം, ശ്രുതി, ഗമകം, മനോധർമ്മ സംഗീതം

### യൂണിറ്റ് - 3

മേളകർത്താ പദ്ധതി

(1) 72 മേളകർത്താപദ്ധതി

(2) ഭൂതസംഖ്യ

(3) കടപയാദി സംഖ്യ

## യൂണിറ്റ് - 4

### താളം

(1) ഷഡംഗങ്ങൾ

(2) സ്പത താളങ്ങൾ

(3) ലഘുജാതികൾ

(4) 35 താളങ്ങൾ

(5) ആദി താളം

(6) ചാപ്പുതാളം

## യൂണിറ്റ് - 5

### സംഗീതരൂപങ്ങൾ

(1) ഗീതം - സാമാന്യഗീതവും ലക്ഷണഗീതവും

(2) ജതിസ്വരം

(3) സ്വരജതി

## യൂണിറ്റ് - 6

### വാഗ്ഗേയകാരൻമാർ

താഴെപ്പറയുന്ന വാഗ്ഗേയകാരൻമാരുടെ ജീവിതത്തേയും സംഗീത സംഭാവനകളെക്കുറിച്ചുമുള്ള അറിവ്

1. പുരന്ദരദാസർ
2. സ്വാതി തിരുനാൾ

## യൂണിറ്റ് - 7

### സംഗീത ലിപി അഥവാ നൊട്ടേഷൻ

(1) സ്ക്രിപ്റ്റ് നൊട്ടേഷൻ

(2) നൊട്ടേഷനിൽ ഉപയോഗിക്കുന്ന ചിഹ്നങ്ങളും അടയാളങ്ങളും

(3) കർണാടക സംഗീതത്തിലെ നൊട്ടേഷൻ നിയമങ്ങൾ

## പാർട്ട് – 2

## പ്രായോഗിക സംഗീതം

### യൂണിറ്റ് – 1
### പ്രാഥമിക പാഠങ്ങൾ 1

(a) സപ്ത സ്വരങ്ങൾ

(b) വരിശകൾ : സരളി വരിശകൾ, മന്ദ്ര - മധ്യ - താരസ്ഥായി വരിശകൾ, ജണ്ട വരിശകള് (5 എണ്ണം) ധാട്ടു വരിശകൾ എന്നിവ 3 കാലങ്ങളിൽ

### യൂണിറ്റ് – 2
### പ്രാഥമിക പാഠങ്ങൾ 2

അലങ്കാരങ്ങൾ

താഴെപ്പറയുന്ന രാഗങ്ങളിലെ അലങ്കാരങ്ങൾ

(a) മായാമാളവഗൗള

(b) ശങ്കരാഭരണം

### യൂണിറ്റ് – 3
### സംഗീത രൂപങ്ങൾ 1

താഴെപ്പറയുന്ന രാഗങ്ങളിലുള്ള ഗീതങ്ങൾ

(1) മലഹരി

(2) ശങ്കരാഭരണം

(3) മായാമാളവഗൗള

## സംഗീത – സിദ്ധാന്തം

| നമ്പർ | യൂണിറ്റിന്റെ പേര് | പിരിയഡുകളുടെ എണ്ണം |
|---|---|---|
| 1 | സംഗീതത്തിനൊരാമുഖം | 10 |
| 2 | ഭാരതീയ സംഗീതം | 10 |
| 3 | മേളകർത്താ പദ്ധതി | 15 |
| 4 | താളം | 20 |
| 5 | സംഗീത രൂപങ്ങൾ | 15 |
| 6 | വാഗ്ഗേയകാരൻമാർ | 15 |
| 7 | സംഗീതലിപി അല്ലെങ്കിൽ നൊട്ടേഷൻ | 15 |
| | **ആകെ** | : 100 |

## പ്രായോഗികസംഗീതം

| നമ്പർ | യൂണിറ്റിന്റെ പേര് | പിരിയഡുകളുടെ എണ്ണം |
|---|---|---|
| 1 | പ്രാഥമിക പാഠങ്ങൾ 1 | 40 |
| 2 | പ്രാഥമിക പാഠങ്ങൾ 2 | 40 |
| 3 | സംഗീത രൂപങ്ങൾ | 35 |
| | **ആകെ** | : 100 |

# അനുബന്ധം – 2

## മാതൃകാ ചോദ്യപേപ്പർ – 1

H.S.E (XI) Part III

Music

Time : $1\frac{1}{2}$ Hrs — Maximum -40 Scores.

| | | Score |
|---|---|---|
| 1. | Name the two types of Gita | 1 |
| 2. | Who is called Sangita Pitamaha? | 1 |
| 3. | Write the two varieties of Gandhara | 1 |
| 4. | The sign used to denote Tara Sthayi svara | 1 |
| 5. | Name the musical form which has the divisions Pallavi Anupallavi and charana but does not have sahitya | 1 |
| 6. | Name the musical term of the sahitya part in a musical form | 1 |
| 7. | Name any two distinctive features of Indian music | 1 |
| 8. | Name of 8th chakra in the 72 Melakarta scheme | 1 |
| 9. | Write the names of Sapta talas | 2 |
| 10. | Write the names of the 12 Svara sthanas | 2 |
| 11. | Explain Sthayi | 4 |
| 12. | What is Nada? | 4 |
| 13. | Explain Katapayadi Sutra | 5 |
| 14. | Explain the 35 talas in detail | 5 |
| 15. | Describe distinctive features of Indian Music<br>or<br>The scheme of 72 Melakartas | 10 |

| | | Score |
|---|---|---|
| 1. | ഗീതത്തിന്റെ 2 വകഭേദങ്ങൾ | 1 |
| 2. | സംഗീത പിതാമഹൻ എന്നുവിളിക്കുന്നതാരെയാണ്? | 1 |
| 3. | ഗാന്ധാരസ്വരത്തിന്റെ വകഭേദങ്ങൾ എഴുതുക? | 1 |
| 4. | താരസ്ഥായി സ്വരത്തെ കാണിക്കുന്ന ചിഹ്നം? | 1 |
| 5. | പല്ലവി, അനുപല്ലവി, ചരണങ്ങളോടുകൂടിയ, എന്നാൽ സാഹിത്യമില്ലാത്ത സംഗീത രൂപം | 1 |
| 6. | സംഗീത്തിന് കൃതികളിൽ പറയുന്ന പേര്? | 1 |
| 7. | ഭാരതീയ സംഗീതത്തിന്റെ ഏതെങ്കിലും 2 പ്രത്യേകതകൾ? | 1 |
| 8. | 72 മേളകർത്താ പട്ടികയിൽ 8 -ാമത്തെ ചക്രത്തിന്റെ പേര്? | 1 |
| 9. | സപ്തതാളങ്ങളുടെ പേര് എഴുതുക | 2 |
| 10. | 12 സ്വരസ്ഥാനങ്ങളുടെ പേര് എഴുതുക | 2 |
| 11. | സ്ഥായി എന്നാലെന്ത്? വിശദീകരിക്കുക | 4 |
| 12. | നാദമെന്നാലെന്ത്? | 4 |
| 13. | കടപയാദി സൂത്രത്തെ വിശദീകരിക്കുക | 5 |
| 14. | 35 താളങ്ങളെക്കുറിച്ച് വിശദമായി എഴുതുക | 5 |
| 15. | ഭാരതീയ സംഗീതത്തിന്റെ പ്രത്യേകതകളെക്കുറിച്ച് വിശദീകരിക്കുക<br>അല്ലെങ്കിൽ<br>72 മേളകർത്താപദ്ധതി വിശദീകരിക്കുക | 10 |

## മാതൃകാ ചോദ്യപേപ്പർ – 2

H.S.E (XI) Part III

Music

Time : $1\frac{1}{2}$ Hrs | Maximum -40 Scores.

| | Score |
|---|---|
| 1. Another name for Adi tala. | 1 |
| 2. The nada audible only to Yogis | 1 |
| 3. Name a tala with 14 Aksharakala | 1 |
| 4. Name the sthayi below mandra sthayi | 1 |
| 5. The symbols used in notations to denote Aksharakala | 1 |
| 6. The term used in music for sahitya part in a musical form | 1 |
| 7. In 72 Melakarta scheme which madhyama is used in Purvamelas? | 1 |
| 8. Name the varieties of the svara Rishabha. | 1 |
| 9. What is sruti? | 2 |
| 10. What is Arohana & Avarohana? | 2 |
| 11. Explain laghu jatis. | 4 |
| 12. Explain Bhutasankhya ? | 4 |
| 13. What are Shadangas? | 5 |
| 14. Sketch the emotional values of music? | 5 |
| 15. Write the signs and symbols used in music notation<br>or<br>Write in detail the life and contribution of Purandaradasa | 10 |

| | Score |
|---|---|
| 1. ആദിതാളത്തിന്റെ മറ്റൊരു പേര് | 1 |
| 2. യോഗികൾക്ക് മാത്രം കേൾക്കാൻ കഴിയുന്ന നാദം? | 1 |
| 3. 14 അക്ഷരകാലമുള്ള ഒരു താളം? | 1 |
| 4. മന്ദ്രസ്ഥായിയുടെ താഴെയുള്ള സ്ഥായിയുടെ പേര്? | 1 |
| 5. അക്ഷരകാലം കാണിക്കാൻ സംഗീതത്തിൽ ഉപയോഗിക്കുന്ന ചിഹ്നങ്ങൾ ഏതാണ്? | 1 |
| 6. സംഗീത രചനകളിൽ സാഹിത്യത്തെ സൂചിപ്പിക്കുന്ന പദം? | 1 |
| 7. 72 മേളകർത്താ പദ്ധതിയിൽ പൂർവ്വ മേളങ്ങൾ ഉപയോഗിക്കുന്ന മധ്യമം? | 1 |
| 8. ഋഷഭസ്വരത്തിന്റെ വകഭേദങ്ങൾ ഏതെല്ലാം.? | 1 |
| 9. ശ്രുതി എന്നാലെന്താണ്? | 2 |
| 10 ആരോഹണം അവരോഹണം എന്നാലെന്ത്? | 2 |
| 11. ലഘുജാതിയെ വിശദീകരിക്കുക | 4 |
| 12 ഭൂതസംഖ്യഎന്നാലെന്ത്? | 4 |
| 13 ഷഡംഗങ്ങൾ എന്നാലെന്ത്? | 5 |
| 14 സംഗീതത്തിന്റെ വൈകാരിക സ്വാധീനം എഴുതുക? | 5 |
| 15 സംഗീതലിപിയിൽ ഉപയോഗിക്കുന്ന ചിഹ്നങ്ങൾ ഏവ?<br>അല്ലെങ്കിൽ<br>പുരന്ദരദാസരുടെ ജീവിതവും സംഭാവനകളും വിശദീകരിക്കുക? | 10 |

# അനുബന്ധം - 3

## സംഗീതോപകരണങ്ങൾ



അക്കോഡിയൻ



ബേസ് ഗിറ്റാർ



ബോങ്കോഡ്രം



ബുൾബുൾതാര



ചെണ്ട



ചേങ്ങില



ക്ലാരിനെറ്റ്



ഡോലക്



ഡ്രംസ്



ദഫ്



ഇടക്ക



ഇലത്താളം



ഗഞ്ചിറ



എസ്‌രാജ്



ഘടം



ഗോട്ടുവാദ്യം



അക്വസ്റ്റിക്ക് ഗിറ്റാർ



ഹാർമ്മോണിയം



ജലതരംഗം



ജാൽറ



മദ്ദളം



മഗുഡി



മാൻഡലിൻ



മിഴാവ്



മോഹനവീണ



മുഖർശംഖ്



മൗത്ത് ഓർഗൺ



നാഗസ്വരം



പഖാവജ്



പിയാനോ


പുള്ളുവവീണ


രുദ്രവീണ


സന്തൂർ


സാരംഗി


സാക്സോഫോൺ


സരോദ്


ശെഹനായി


സ്വരമണ്ഡലം


തവിൽ


തിമില



ട്രംപറ്റ്



തൂംബ



ഉടുക്ക്



വൈബ്രോഫോൺ



വയലിൻ